294
JANUARY 2022

# KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association



# പ്രതീക്ഷയുടെ പെൺവസന്തം

KERALA PRIVATE
COLLEGE TEACHER
JAN 2021 294

EDITORIAL BOARD

Editor
**Dr. A.S. Sumesh**

Managing Editor
**Dr. K.R. Kavitha**

Assistant Editors
**Dr. Shyla Hameed**
**Dr. Vidhu Narayan**

Special Editor
**Dr. Devi K Varma**

**Members**
Jogy Alex
Dr. C. Padmanabhan
Dr. C.L. Joshy
Dr. Nisha V
Pramod Vellachal
Dr. Sony John
Dr. M.R. Rajesh
Harinarayanan S.
Dr. Santhosh Kumar Vallikkat
V.H. Nishad
Dr. Sunil Kumar NK
Lijo Sebastian
Dr. Sindhu K.V.
Milon Franz
Dr. Jibin Baby
Dr. Preethakrishna
Dr. Devi K Varma
Kishore Ram

Cover Painting : Athira Nandan
NSS College, Manjeri
Design : Jwala Creatives


Views expressed by individuals in the journal are their own and need not necessarily be taken as policy of the Association.

Edited, Printed and Published by
**Dr. C.Padmanabhan**, AKPCTA State Committee Office, Vanchiyoor, TVPM-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Fax: 0471-2468984
Mobile: 09495425219
**collegeteacheredt@gmail.com**
**www.akpcta.org**

- *എഡിറ്റോറിയൽ* 3
- *നവകേരളവും പുത്തൻ കലാലയ സംസ്കാരവും*
**ഡോ. സി. പത്മനാഭൻ** 4
- *പെണ്ണിടങ്ങളിലെ ഇന്ന്*
**ഷാജിത എസ്.** 6
- *സമഭാവന തേടുന്ന തൊഴിലിടങ്ങൾ*
**ഡോ. നിഷ വി.** 7
- *മാതംഗി*
**ഡോ. കല സജീവൻ** 9
- *പ്രതീക്ഷയുടെ പെൺവസന്തം*
**ഡോ. അശ്വതി പി.** 10
- *'ധർമ്മബോധം - സഹോദരൻ അയ്യപ്പന്റെ കവിതകളിൽ*
**ഡോ. സിനി വി.** 12
- *മാനിഷാദ*
**ഷീജ ജോർജ്ജ് ഇ.** 15
- *Subaltern*
**Dr. Aparna Ajith** 16
- *സ്ത്രീജീവിതവും പ്രതിരോധവും കെ.ആർ. മീരയുടെ കഥകളിൽ*
**ഡോ. വീണ എസ്.** 17
- *തുയിലുണർത്തുപാട്ട്*
**ഡോ. രേഖ എം. മേനോൻ** 24
- *Women who delegate the discarded thousands*
**Dr. Jyothi G.** 26
- *പാരഡിയുടെ നിത്യവിസ്മയം*
**ഡോ. വന്ദന ബി.** 31
- *പുല്ലിംഗം അഥവാ ആണത്തം*
**പത്മനാഭൻ കാവുമ്പായി** 35
- *തീവണ്ടിക്കാറ്റ്*
**ഹരിത ആർ. ഉണ്ണിത്താൻ** 36
- *ഫോക്കസ് പോയിന്റ്*
**സിൽവി ബെന്നി** 37
- *Sustainable innovations and company competitiveness*
**Dr. Meghana V.P.** 40
- *അക്ഷരങ്ങളുടെ അമ്മയ്ക്കായ്*
**ഡോ. ദീപിക വി.എസ്.** 44
- *മനുഷ്യത്വത്തിലേയ്ക്കടുപ്പിക്കുന്ന അതിമാനുഷികത്വം*
**മീനു ജോസ്** 45
- *ഒരു ക്ലാസ് ചാർജ്ജും പിന്നെ കുറേ ആകുലതകളും*
**ചിന്നു ചന്ദ്രൻ പി.** 48
- *പെൺപൊരുളിന്റെ ഉൾവഴികളിലൂടെ*
**ഡോ. രമ്യ ആർ.** 52
- *Medicianal and Traditional Benefits of Coscinium fenestratum (Gaertn.) Colebr or Maramanjal*
**Dr. Divya K.R.** 55
- **ഐഫക്ടോ സ്റ്റാറ്റ്യൂട്ടറി കോൺഫറൻസ് റിപ്പോർട്ട്** 57

## എഡിറ്റോറിയൽ



ഉന്നത വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങളുടെ കാലമാണ് വരുന്നത് എന്ന സൂചന നൽകിക്കൊണ്ടാണ് രണ്ടാം പിണറായി സർക്കാർ അധികാരമേറ്റത്. പ്രകടന പത്രികയിലെ വാഗ്ദാനങ്ങൾ ഒന്നൊന്നായി പൂർത്തീകരിക്കുകയും പൊതു വിദ്യാഭ്യാസത്തെ അടിമുടി നവീകരിക്കുകയും ചെയ്തതിന്റെ തുടർച്ച എന്നോണം ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്ര പരിഷ്കരണങ്ങൾ ക്ക് ഇതിനകം തന്നെ സർക്കാർ തുടക്കമിട്ടു കഴിഞ്ഞു. ഇതിനായി മൂന്ന് കമ്മീഷനുകളെ നിയമിക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ ആദ്യ വനിതാ ഉന്നത വിദ്യാഭ്യാസ മന്ത്രിയുടെ നേതൃത്വത്തിലാണ് ഈ പ്രവർത്തനങ്ങൾ എന്നതും അഭിമാനകരമാണ്. ആണധികാരത്തിന്റെ നികൃഷ്ടമായ ഇന്നലെകളിൽ പറഞ്ഞുറപ്പിച്ച നിയമാവലികൾ ആകെ അപ്രസക്തമാവുന്ന, ലിംഗപരമായ വ്യത്യാസങ്ങൾ പുറത്താക്കപ്പെടുന്ന ക്യാമ്പസുകൾ ഉണ്ടാവുന്നു എന്നത് കേരളത്തിന് മാത്രം സാധിക്കുന്ന ഒന്നാണ് എന്ന് വസ്ത്രം കൊണ്ട് രാഷ്ട്രീയം കളിക്കുന്ന ഈ കാലത്ത് നമുക്ക് ഉറപ്പിച്ച് പറയാൻ കഴിയും. കേരളത്തിലെ ഒരു സർക്കാർ സ്കൂളിലെ വിദ്യാർത്ഥികൾ ജെൻഡർ ന്യൂട്രൽ ആയ വസ്ത്രം ധരിക്കുന്നു എന്നത് അത് കൊണ്ട് തന്നെ ഒരു ശക്തമായ പൊളിറ്റിക്കൽ സ്റ്റേറ്റ്മെന്റ് ആണ്. ഇത് പറയാൻ കഴിയുന്ന ഒരേ ഒരു പുരോഗമന സമൂഹം നമ്മളാണ് എന്നതും ഓർക്കേണ്ടതാണ്.

**എഡിറ്റർ**
collegeteacheredt@gmail.com
9744168522

ഡോ. സി. പത്മനാഭൻ



# നവകേരളവും പുത്തൻ കലാലയ സംസ്കാരവും

“നവകേരളം” എന്നത് സമഗ്രമായ വികസനത്തെ സൂചിപ്പിക്കുന്നതും കേരളത്തിന്റെ ഭാവിയെ സംബന്ധിച്ച ധാരാളം പ്രതീക്ഷകൾ ഉൾക്കൊള്ളുന്നതുമായ ഒരു പ്രയോഗമായി നിലവിൽ വന്നു കഴിഞ്ഞു. ഒരു ഭാഗത്ത് അതിന്റെ ഭാഗമായ അടിസ്ഥാന സൌകര്യ വികസനപ്രവർത്തനങ്ങൾ അതിവേഗത്തിൽ നടന്നുവരികയാണ്. ഒപ്പം സാമൂഹികസാംസ്കാരികമേഖലകളിൽ ഉണ്ടാവേണ്ട മാറ്റങ്ങളെ കുറിച്ചും ചർച്ചകൾ നടന്നുവരികയാണ്. “നവകേരളം” എന്ന പ്രയോഗം ഒട്ടേറെ ജനവിഭാഗങ്ങളുടെ വൈവിധ്യമാർന്ന സ്വപ്നങ്ങൾ പേറുന്ന ഒരു സങ്കൽപ്പമായി മാറിക്കഴിഞ്ഞു. നവോത്ഥാനകാലം മുതൽ കേരളം കൈവരിച്ച ധാരാളം നേട്ടങ്ങൾ ഉണ്ട്. അവയെ കുറിച്ചെല്ലാം ഏറെക്കുറേ വ്യക്തമായ ധാരണകൾ നമുക്കുണ്ട് താനും. എന്നാൽ പുത്തൻ പാരിസ്ഥിതിക അവബോധമുള്ളതും മനുഷ്യാവകാശങ്ങൾ മാനിക്കുന്നതും ജാതിരഹിതവും മതനിരപേക്ഷവും ആയ ഒരു ആധുനിക ജനാധിപത്യ മതനിരപേക്ഷ സമൂഹമായി കേരളം മാറണമെങ്കിൽ ഇനിയും ഏറെ മുന്നോട്ട് പോകേണ്ടതായുണ്ട്. അതിൽ സുപ്രധാനമായ ഒരു പങ്ക് ലിംഗനീതി സംബന്ധിച്ച കാഴ്ചപ്പാടുകൾ വഹിക്കുന്നുമുണ്ട്. ദൈനംദിന ജീവിതം സംബന്ധിച്ച ഇത്തരം കാഴ്ചപ്പാടുകളും ശീലങ്ങളും സമൂഹത്തിൽ എത്തിക്കാനും പ്രചരിപ്പിക്കാനുമുള്ള ഉത്തരവാദിത്തം നമ്മുടെ കലാലയങ്ങൾക്ക് ഉണ്ട്. അത് കേവലം വൈജ്ഞാനികമായ ചർച്ചകളിൽ മാത്രം ഒതുങ്ങിനിന്നാൽ പോര. മറിച്ച് പ്രയോഗങ്ങളിലൂടെ പ്രസക്തമായ മാതൃകകൾ സൃഷ്ടിച്ച് മുന്നേറാൻ നമുക്ക് സാധിക്കേണ്ടതുണ്ട്. നമ്മുടെ അതിന്റെ നിർവഹണ രീതി

കൾ സംബന്ധിച്ച ചർച്ചകൾക്ക് നമ്മുടെ സംഘടനയുടെ വനിതാ കമ്മിറ്റി നേതൃത്വം നൽകിവരുന്നു എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്.

ലിംഗനീതി ഉറപ്പാക്കുന്നതിനായി കലാലയങ്ങളിൽ ഇന്റേണൽ കമ്പ്ലയിന്റ്സ് കമ്മിറ്റി (ICC), ജന്ടർ ജസ്റ്റിസ് ഫോറം എന്നിവ രൂപീകരിച്ച് ലിംഗനീതി സംബന്ധിച്ച പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകണം എന്ന UGC/ സർക്കാർ നിർദേശം നിലവിലുണ്ട്. എന്നിട്ടും ചില കോളജുകളിൽ ഈ സമിതികൾ നിയമം അനുശാസിക്കുന്ന അതേ രീതിയിൽ പൂർണമായി രൂപീകരിക്കപ്പെട്ടിട്ടില്ല എന്നത് സംഘടനാപ്രവർത്തകർ ഇടപെട്ട് പരിഹരിക്കേണ്ട ഒരു ന്യൂനത ആണ്. രൂപീകരിക്കപ്പെട്ട ഇടങ്ങളിൽ തന്നെ അത് ഏറ്റവും ആധുനികമായ ലിംഗനീതി സംബന്ധിച്ച കാഴ്ച്ചപ്പാടുകൾ സ്വാംശീകരിച്ചുകൊണ്ടാണോ പ്രവർത്തിക്കുന്നത് എന്ന കാര്യത്തിലും സംഘടനാപരമായ ജാഗ്രത ആവശ്യമാണ്. കേവലം പരാതിപരിഹാരസംവിധാനങ്ങൾ ആയി മാത്രമല്ല ഈ സമിതികൾ പ്രവർത്തിക്കേണ്ടത്. മറിച്ച് ലിംഗനീതി സംബന്ധിച്ചുള്ള ആധുനിക കാഴ്ച്ചപ്പാടുകൾ പ്രചരിപ്പിക്കാനും അവ സംബന്ധിച്ച പൊതുബോധം സൃഷ്ടിക്കാനും ഈ സമിതികളിലൂടെ സാധിക്കേണ്ടതുണ്ട്. അതോടൊപ്പം ലിംഗനീതി എന്നത് ഏതെങ്കിലും പ്രത്യേക വിഭാഗത്തിന്റെ മാത്രം ആവശ്യം അല്ല എന്നും അത് സമൂഹത്തിന്റെ പൊതു ആവശ്യമാണ് എന്നും അതുകൂടി നേടിയെടുത്താൽ മാത്രമേ നവകേരളം എന്ന സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുകയുള്ളൂ എന്ന ധാരണയും പൊതുബോധത്തിന്റെ ഭാഗമാവേണ്ടതുണ്ട്.

**സംഘടനകൾക്കകത്ത് പ്രത്യേകമായി വനിതാ കമ്മിറ്റികൾ പ്രവർത്തിക്കുന്നതിന്റെ സാംഗത്യത്തെ സ്ത്രീപക്ഷ ചിന്തകർ തന്നെ വിചാരണ ചെയ്യുന്ന സന്ദർഭത്തെ കുറിച്ച് നേരത്തെ ഒരിക്കൽ സൂചിപ്പിച്ചിരുന്നു. ആ ചോദ്യം ചെയ്യലിന് രണ്ട് വശങ്ങളുണ്ട്. ഒന്നാമത്തേത് അത് പുരുഷൻ /സ്ത്രീ എന്ന കൃത്രിമ ദ്വന്ദത്തെ തന്നെ ആശ്രയിച്ചുകൊണ്ട് ലിംഗപരമായ വൈവിധ്യമാർന്ന മറ്റ് അവസ്ഥകളെ പാർശ്വവൽക്കരിക്കുന്നു എന്നതാണ്. രണ്ടാമത്തെ പ്രശ്നം അത് വനിതകളെ – അവർക്ക് എണ്ണത്തിൽ വലിയ ഭൂരിപക്ഷം തന്നെ ഉണ്ടായിട്ടും- സംഘടനയുടെ മുഖ്യധാരയിൽ എത്തിക്കാൻ സാധിച്ചിട്ടില്ല എന്നതാണ്.**

സംഘടനകൾക്കകത്ത് പ്രത്യേകമായി വനിതാ കമ്മിറ്റികൾ പ്രവർത്തിക്കുന്നതിന്റെ സാംഗത്യത്തെ സ്ത്രീപക്ഷ ചിന്തകർ തന്നെ വിചാരണ ചെയ്യുന്ന സന്ദർഭത്തെ കുറിച്ച് നേരത്തെ ഒരിക്കൽ സൂചിപ്പിച്ചിരുന്നു. ആ ചോദ്യം ചെയ്യലിന് രണ്ട് വശങ്ങളുണ്ട്. ഒന്നാമത്തേത് അത് പുരുഷൻ /സ്ത്രീ എന്ന കൃത്രിമ ദ്വന്ദത്തെ തന്നെ ആശ്രയിച്ചുകൊണ്ട് ലിംഗപരമായ വൈവിധ്യമാർന്ന മറ്റ് അവസ്ഥകളെ പാർശ്വവൽക്കരിക്കുന്നു എന്നതാണ്. രണ്ടാമത്തെ പ്രശ്നം അത് വനിതകളെ – അവർക്ക് എണ്ണത്തിൽ വലിയ ഭൂരിപക്ഷം തന്നെ ഉണ്ടായിട്ടും– സംഘടനയുടെ മുഖ്യധാരയിൽ എത്തിക്കാൻ സാധിച്ചിട്ടില്ല എന്നതാണ്. ഇതുമായി ബന്ധപ്പെട്ട് കൂടുതൽ ചർച്ചകൾ ഉണ്ടാവേണ്ടതുണ്ട്. കലാലയങ്ങളിൽ നിന്നും ഉയർന്നു വരുന്ന ചർച്ചകൾ വേണം ഇത്തരം കാര്യങ്ങളിൽ സമൂഹത്തെയും സംഘടനകളേയും നയിക്കാൻ.



**ഗസ്റ്റ് എഡിറ്റോറിയൽ**

**ഷാജിത എസ്**
കൺവീനർ, AKPCTA വനിതാ സബ്കമ്മറ്റി

# പെണ്ണിടങ്ങളിലെ ഇന്ന്

പ്രകൃതിയ്ക്കും സ്ത്രീയുൾപ്പെടെ ചരിത്ര ത്തിൽ നിന്ന് മറയ്ക്കപ്പെട്ടവർക്കും നേരെയുള്ള കടന്നുകയറ്റങ്ങൾക്ക് നേരെ ലോകവ്യാപകമായിത്തന്നെ പ്രതിഷേധങ്ങളുയരുന്ന സാ ഹചര്യത്തിലാണ് നമ്മുടെ വർത്തമാനം കടന്നുപോവുന്നത്. ലോകത്തെ അടിയന്തര ശ്രദ്ധയർഹിക്കുന്ന പാരിസ്ഥിതിക സാമൂഹിക വിഷയങ്ങൾ നമ്മുടെ ഭാവിയെ ആശങ്കാകുലമാക്കുന്നുണ്ട്. കയ്യടക്കലുകളുടെയും കീഴടക്കലുകളുടെയും കാലമാണിത്. അത്തരം ഫാസിസ്റ്റ് പ്രവണതകൾക്ക് നേരെ ജനാധിപത്യപരമായി ഉയർന്നു വരുന്ന ചെറു ത്തുനില്പുകൾ ഒറ്റപ്പെടുകയും ഇരകൾ നിശ്ശബ്ദരാക്കപ്പെടുകയും ചെയ്യുന്ന അവസ്ഥയുണ്ട്. സ്വാർത്ഥതയും ലാഭക്കൊതിയും നിറഞ്ഞ അന്ധവും കുടിലവുമായ മനോഭാവങ്ങൾ തുറന്നുകാട്ടപ്പെടേണ്ടതുണ്ട്. അതിനെ പ്രതിരോധിക്കാനുള്ള ശേഷിയും ആർജ്ജവവും വളർത്തിയെടുക്കേണ്ട സാമൂഹിക ഉത്തരവാദിത്തത്തിൽ അധ്യാപക സമൂഹത്തിന് വലിയ പങ്ക് വഹിക്കാനുണ്ട്.

കാലം വളരുന്തോറും നമ്മുടെ നാട് മാനവികതയുടെ ഉന്നത മൂല്യസങ്കല്പങ്ങളിൽ നിന്ന് അകന്നുപോവുകയാണെന്ന് സംശയിക്കേണ്ടി വരുന്നുണ്ട്. നമ്മുടെ പ്രബുദ്ധതയെന്ന് കരുതിപ്പോന്ന സാംസ്കാരിക ഉപലബ്ധികളെ പുറകോട്ടടിപ്പിക്കുന്ന നവോത്ഥാനവിരുദ്ധ വിപരീതമൂല്യങ്ങളുടെ പ്രതിഷ്ഠകളാണ് കാഴ്ചപ്പുറത്തെല്ലാം നടന്നുകൊണ്ടിരിക്കുന്നത്.

ഇന്ത്യയിൽ പൊതുവെയും കേരളത്തിൽ പ്രത്യേകിച്ചും സ്ത്രീവിരുദ്ധത പുത്തൻ ആൺബോധങ്ങളിലേക്ക് പോലും ശക്തമായി സംക്രമിക്കപ്പെടുന്നുവെന്നതാണ് സമീപഭൂതകാലസംഭവങ്ങൾ വ്യക്തമാക്കുന്നത്.

ഈയൊരു സവിശേഷ ചരിത്ര സന്ദർഭത്തെ ഉൾക്കൊണ്ടാണ് കോളജധ്യാപനരംഗത്തെ സ്ത്രീ കൂട്ടായ്മയായ AKPCTA വനിതാ വിഭാഗം അതിന്റെ പുതിയ കാലത്തെ ദൗത്യങ്ങൾ പുനർനിർവചിച്ച് കാലോചിതമായി മുന്നോട്ട് പോവുന്നത്.

തുടക്കത്തിൽ സൂചിപ്പിച്ച ഏറെ പ്രസക്തമായ വിഷയങ്ങളിൽ, പ്രത്യേകിച്ചും സ്ത്രീകൾക്കും പിന്നോക്ക ജനതകൾക്കും ഇതര ലിംഗവിഭാഗങ്ങൾക്കും നിഷേധിക്കപ്പെടുന്ന നീതിയിലേക്ക് അവരെ ജനാധിപത്യപരമായി നയിക്കാൻ ശ്രദ്ധവയ്ക്കുന്ന പ്രവർത്തനങ്ങൾ നമ്മൾ ഏറ്റെടുത്തിട്ടുണ്ട് എന്ന് അഭിമാ നപൂർവം പറയാൻ കഴിയും. "ICC – അറിയേണ്ടതെല്ലാം" എന്ന നമ്മുടെ കാമ്പയിൻ ഓർക്കുമല്ലോ.

ആണധികാരത്തിന് വിധേയപ്പെടേണ്ടതല്ല എന്ന ബോധ്യമുണ്ടായിട്ടും അതിന് രക്ഷ നൽകുന്ന നിയമങ്ങളുണ്ടായിട്ടും പെൺമനസ്സുകൾ പ്രായഭേദമെന്യേ ആർത്തലച്ച് ഒറ്റപ്പെട്ടു പോവുന്നത് ഈയടുത്തകാലത്തെ ഞെട്ടിക്കുന്ന കാഴ്ചകളായി നമ്മുടെ മുന്നിലുണ്ട്. പൊതു ഇടങ്ങളിലും തൊഴിലിടങ്ങളിലും കുടുംബത്തിൽ പോലും ഈയവസ്ഥ തുടരുന്നു എന്നത് വാസ്തവമായി തുടരുന്നു.

പഠന ഗവേഷണങ്ങളാൽ ഭാവിക്ക് മുതൽക്കൂട്ടാവേണ്ട, സംസ്കാരത്തിന്റെ ഉന്നത മാതൃകയാവേണ്ട കാമ്പസുകൾ പോലും ഇതിൽ നിന്ന് മുക്തമല്ല എന്നത് ലജ്ജാകരമാണ്. ആധുനിക സമൂഹത്തിന് ഒട്ടും ആശാസ്യമല്ലാത്ത ഇത്തരം വിഷലിപ്ത ബോധങ്ങൾ തകർക്കേണ്ട കർമ്മ പദ്ധതികൾക്ക് രൂപം കൊടുക്കാൻ ഇനിയും വൈകിക്കൂട. ഈ മേഖലയിലെ സർക്കാർ ഇടപെടലുകളെ സഫലമാക്കാൻ നമ്മുടെ പങ്കാളിത്തവും അത്യാവശ്യമായി കാണണം.

അധ്യാപക വിദ്യാർത്ഥി ബന്ധങ്ങളിൽ കാലക്രമേണ ഉണ്ടായി വന്ന മാറ്റങ്ങൾ വിശകലനം ചെ യ്യുകയും അത് ജനാധിപത്യപരമാക്കേണ്ടതുമുണ്ട്. ആഗോളീകരണവും ഉദാരീകരണവും തുടർന്ന് വന്ന നവ നയങ്ങളും അതിന്റെ കാരണമായിക്കണ്ട് ഇത്തരം പ്രവണതകളെ സൈദ്ധാന്തികമായി വ്യാഖ്യാനിച്ച് തൃപ്തിപ്പെടാമെങ്കിലും ഒരിക്കലും മാറാതെ കാത്ത് വയ്ക്കേണ്ട ചില ബോധങ്ങൾ/മൂല്യങ്ങൾ അടഞ്ഞുപോയ മനസ്സുകളിലേക്ക് എത്തിയില്ലെങ്കിൽ ഭാവി വെളിച്ചമറ്റതാവും എന്ന കാര്യത്തിൽ തർക്കമില്ല.

പൊതു ഇടങ്ങളിലെ നമ്മുടെ വ്യവഹാരങ്ങൾ ലിംഗഭേദമെന്യേ ഏറ്റവും ജനാധിപത്യപരമായി ത്തീരേണ്ടതിന്റെ ആവശ്യകതയും മറ്റൊരു പ്രധാന വിഷയമാണ്. ഭരണഘടനയും ഭരണ സംവിധാ നവും ഉറപ്പു നൽകുന്ന മൗലികാവകാശങ്ങൾ പോലും അന്യമാവുന്ന അവസ്ഥ ഒരു സാമൂഹിക യാഥാർത്ഥ്യമായി ഇന്ന് തിരിച്ചറിയപ്പെടുന്നുണ്ട്. സ്വന്തം ജീവിത സാഹചര്യങ്ങളെ വിമർശനാത്മകമായി സമീപിക്കാനും അതിന് വേണ്ട അറിവ് ആർജ്ജിക്കുവാനും ജീവിതത്തിന്റെ സമസ്ത മേഖലകളിലും അത് ശരിയായ തരത്തിൽ ഉപയോഗപ്പെടുത്തുവാനുമുള്ള ഒരുക്കത്തിന്റെ മുന്നോടിയായാണ് സ്ത്രീ ശാക്തീകരണ പദ്ധതികൾ ആസൂത്ര ണം ചെയ്യപ്പെട്ടിട്ടുള്ളത്. ഇത് അതിന്റെ ഗുണഭോക്താക്കളായ സാമൂഹ്യവിഭാഗങ്ങൾ കാലാനുസൃ തമായി ഏറ്റെടുക്കേണ്ടതുണ്ട്. തുല്യ ഭരണഘടനാ അവകാശങ്ങളുണ്ടായിട്ടും മാറ്റി നിർത്തപ്പെടുന്ന വ്യത്യസ്ത ലിംഗ വിഭാഗങ്ങളെ ഉൾക്കൊള്ളാനും സമഭാവനയോടെ പെരുമാറാനുമുള്ള മാനുഷികതയും കാലം നമ്മോട് ആവശ്യപ്പെടുന്നുണ്ട്. അധ്യാപന രംഗത്തെ സ്ത്രീ കൂട്ടായ്മയ്ക്ക് ഈ ദിശയിൽ ഏറെ സഞ്ചരിക്കാനുണ്ട് എന്ന ബോധ്യമുണ്ട്. പെരുമാറുന്ന ഏത് സാമൂഹിക സാഹചര്യത്തിലും സ്വന്തം അസ്തിത്വം ഏറ്റവും സ്വാതന്ത്ര്യത്തോടെ ആഘോഷിക്കാൻ സ്ത്രീയെയും ട്രാൻസ്ജെൻഡറുകൾ ഉൾപ്പെടെയുള്ള ഭിന്നലിംഗ വിഭാഗങ്ങളെയും തടസ്സപ്പെടുത്തുന്ന എല്ലാ വിവേചനങ്ങളും ശക്തമായി എതിർക്കപ്പെടേണ്ടതുണ്ട്. നിരന്തരം ഇക്കാര്യം സമൂഹത്തോട് സംവദിക്കേണ്ടിയിരിക്കുന്നു.

കാലത്തിന്റെ കണ്ണും മൂടിയുള്ള അതിവേഗപ്പാച്ചിലിനെ മനുഷ്യത്വത്തിന്റെ മതിലുയർത്തി പ്രതിരോധിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഭാവി വെളിച്ചമറ്റതായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

**ഡോ. നിഷ. വി.**
സംസ്ഥാന വൈസ് പ്രസിഡന്റ്, എ കെ പി സി ടി എ

# സമഭാവന തേടുന്ന തൊഴിലിടങ്ങൾ

വിജ്ഞാനോല്പാദനം എന്നത് ഒരു സാമൂഹിക പ്രക്രിയയാണ്. അറിവ് വെറുമൊരു കൈമാറ്റം അല്ല മറിച്ച് അഭംഗുരം തുടരുന്ന കൂട്ടിച്ചേർക്കലുകൾ ആണ്. ഈ സാമൂഹിക പ്രക്രിയയിൽ ആണിനും പെണ്ണിനും തുല്യനീതി ലഭിച്ചിരുന്നില്ല. ബി ഓൾ കേരള ഹയർ എഡ്യൂക്കേഷൻ കൗൺസിലിന്റെ 2020 സർവ്വേ പ്രകാരം കണക്കുകൾ വ്യക്തമാക്കുന്നത് വനിതാ അധ്യാപകരുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട് എന്നാണ്. എന്നാൽ ഇതിനർത്ഥം വൈജ്ഞാനിക രംഗത്തെ ആണധികാര വ്യവസ്ഥ പൂർണമായും ഇല്ലാതായി എന്നല്ല. നഗ്നനേത്രങ്ങൾക്കു ദൃശ്യമല്ലാത്ത കൊറോണോ വൈറസ് പോലെ ഒട്ടേറെ ഘടകങ്ങളുടെ വ്യാപനം അധ്യാപനത്തിന്റെ മേഖലയിൽ നിലനിൽക്കുന്നു. തൊഴിലിടം എന്ന നിലയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ ബാഹ്യതലത്തിലും ആഭ്യന്തര തലത്തിലും അനേകം പ്രതിസന്ധികൾ നേരിടുന്നുണ്ട്.

പുതിയവിദ്യാഭ്യാസരീതികളിൽ വന്നുകൊണ്ടിരിക്കുന്ന അമിതമായ കോർപ്പറേറ്റുവൽക്കരണം വിഭവരാഷ്ട്രീയമുൾപ്പെടെയുള്ള പുതിയ ചില പ്രശ്നങ്ങൾ കൂടെ ഉയർത്തുന്നുണ്ട്. അത് മുന്നോട്ടു വെക്കുന്ന പ്രശ്നം പരിഹരിക്കാൻ വേറിട്ട ഉൾക്കാഴ്ചയുള്ള അധ്യാപികമാരുടെ സമൂഹം രൂപപ്പെടേണ്ടിയിരിക്കുന്നു. ഏറെ നാളുകളായി പല അടരുകളിലൂടെ ഉന്നയിക്കപ്പെട്ട വിഷയങ്ങളുടെ കൂട്ടത്തിൽ പുതിയ ഒരിനം കൂടി ചേർക്കപ്പെടുന്നു. ഒരേ സമയം രണ്ടു തരം ശക്തികൾക്കെതിരെ പൊരുതേണ്ടി വരുന്നു. മാനേജ്മെന്റുകളുടെ ഭാഗത്തുനിന്നുണ്ടാകുന്ന സമ്മർദ്ദങ്ങളോടൊപ്പം മറുഭാഗത്ത് നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന സാമ്രാജ്യത്വ വാദങ്ങളുടെ കടന്നുകയറ്റത്തിന് എതിരെയും നിലകൊള്ളേണ്ടതായി വരുന്നു. വിജ്ഞാനോൽപ്പാദന കേന്ദ്രങ്ങൾ വെറും തൊഴിലിടങ്ങൾ ആകുകയും അധ്യാപികമാർ തൊഴിലാളികൾ ആകുകയും ചെയ്യുന്നു.

ജനാധിപത്യത്തിന്റെയും ലിംഗനീതിയുടെയും ഇടങ്ങളായി വർത്തിക്കേണ്ട ഉന്നത വിദ്യാഭ്യാസ മേഖല മറ്റു പൊതു ഇടങ്ങളെക്കാൾ ഇടുങ്ങിയതായി തുടരുന്നു. സ്ത്രീകളുടെ വസ്ത്രധാരണം സംബന്ധിച്ച് മേൽമുണ്ട്



കലാപം ഉണ്ടായി ഒരു നൂറ്റാണ്ടിന് ശേഷവും ഉന്നതവിദ്യാഭ്യാസ മണ്ഡലത്തിൽപ്പോലും സ്ത്രീകളുടെ വസ്ത്രത്തിന്റെ സ്വഭാവവും ഘടനയും തീരുമാനിക്കുന്നത് കടുത്ത സ്ത്രീവിരുദ്ധതകൾ നിലനിൽക്കുന്ന മാനേജ്മെന്റുകളാണ് എന്നത് ദൗർഭാഗ്യകരമാണ്.അടിസ്ഥാന വിഷയങ്ങളിൽ ഒന്നായ വസ്ത്രധാരണത്തിൽപ്പോലും സ്വന്തമായ തീരുമാനം എടുക്കാൻ കഴിയാത്ത വിധം മതവും യാഥാസ്ഥിതിക സങ്കല്പങ്ങളും ഭരിക്കുന്ന ഇത്തരം സ്ഥാപനങ്ങൾ നിലനിൽക്കുന്നതിനാലാണ് ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്ന് ഇത്തരം പ്രവണതകൾക്കെതിരെ ഉത്തരവുകൾക്കുമേൽ ഉത്തരവുകൾ ഇറങ്ങിക്കൊണ്ടിരിക്കുന്നത്.

ഉന്നതവിദ്യാഭ്യാസ വകുപ്പിൽ നിന്ന് വന്നിട്ടുള്ള ഉത്തരവനുസരിച്ച് ക്യാമ്പസുകളിൽ നിർബന്ധമായും രൂപീകരിക്കേണ്ട സമിതിയായി ആഭ്യന്തര പരാതി പരിഹാര സമിതി (ഐസിസി) മാറുന്നത് ലിംഗനീതിയുള്ള ക്യാമ്പസുകൾ സൃഷ്ടിക്കപ്പെടണം എന്ന ലക്ഷ്യത്തോടെയാണ്.തൊഴിലിടങ്ങളിൽ സുരക്ഷിതമായി അഭിമാനപൂർവ്വം സ്ത്രീകൾക്ക് ജോലി ചെയ്യാനുള്ള, പഠിക്കാനുള്ള സാഹചര്യങ്ങൾ നിയമപരമായി സൃഷ്ടിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് ഐസിസി നിലവിൽ വന്നിട്ടുള്ളത്.കുടുംബം, തൊഴിൽ എന്നിവയെ തുല്യതയുടെ അനുപാതത്തിൽ കാണുമ്പോഴും വനിതാ അദ്ധ്യാപകർ രണ്ടിടങ്ങളിലും ആനുപാതികമല്ലാത്ത ജോലികൾ ചെയ്യേണ്ടിവരുന്നു. അവിടെ കൃത്യമായും അലിഖിതമായ ഒരു വ്യവസ്ഥ നിശ്ചയിച്ച സമയക്രമങ്ങളിലൂടെയും ഗാർഹികമായ ഉത്തരവാദിത്തങ്ങളിലൂടെയും യന്ത്രസമാനമായി ജോലി ചെയ്യുന്നവർ വീണ്ടും ഒരു സ്ഥാപനത്തിലെ നിർദ്ദിഷ്ട സമയക്രമത്തിലും ജോലി ചെയ്യുന്നുണ്ട്. ഗാർഹികപരിസരങ്ങളിൽ ജനാധിപത്യ ബോധത്തോടെ ജോലി സമയത്തെ വിഭജിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഇരട്ടച്ചൂഷണം എന്ന തലത്തിലേക്ക് അദ്ധ്യാപികമാർ ഉൾപ്പെടെയുള്ള തൊഴിലാളി സ്ത്രീകൾ അകപ്പെട്ടുപോകും. അദ്ധ്യാപനവും ഒരു തൊഴിൽ തന്നെയാണ്.മാനസികവും ശാരീരികവുമായ അധ്വാനം ഏറെ ആവശ്യപ്പെടുന്ന തൊഴിൽ. വീട്ടകങ്ങളെ ജനാധിപത്യവത്കരിച്ചുകൊണ്ട് ഏർപ്പെട്ടിരിക്കുന്ന തൊഴിൽ മേഖലയെ ആർജ്ജവത്തോടെ നേരിടുക. ഗവേഷണമേഖലയിൽ, സ്ത്രീകേന്ദ്രിത വിഷയങ്ങളിൽ, ഇതര സാമൂഹിക മണ്ഡലങ്ങളിൽ നിരന്തരം ഇടപെടുക.കേവലമായ ഉപജീവനമാർഗം എന്നതിനപ്പുറം അദ്ധ്യാപനം എന്ന തൊഴിലിന്റെ മഹത്വം തിരിച്ചറിയുക. ആരോ നിശ്ചയിച്ച സമയത്തിലും വസ്ത്ര സങ്കല്പങ്ങളിലും ജീവിതരീതികളിലും കുരുങ്ങി തടവറജീവിതം നയിക്കേണ്ടവരല്ല സ്ത്രീകൾ എന്ന് സമൂഹത്തെ ബോധ്യപ്പെടുത്തേണ്ട ഉത്തരവാദിത്തം കൂടി അദ്ധ്യാപികമാർക്കുണ്ട്.ആത്മാഭിമാനം വ്രണപ്പെടുമ്പോൾ അത് സാമൂഹികമായ അനീതിയുടെ ഭാഗമാണെന്ന് തിരിച്ചറിയുമ്പോഴാണ് നാം രാഷ്ട്രീയ പ്രബുദ്ധതയുള്ളവരായിത്തീരുന്നത്. വിജ്ഞാനോല്പാദനപ്രക്രിയയിൽ സമഭാവനയുള്ള സാമൂഹിക ബോധം പ്രവർത്തിക്കുന്നുണ്ട്. അത് തിരിച്ചറിയുകയാണ് പ്രധാനം.

അദ്ധ്യാപികമാർ എന്നും പോരാട്ടത്തിന്റെ വീഥികളിൽ തന്നെയാണെന്നും ലിംഗനീതിയുള്ള കലാലയങ്ങൾ സൃഷ്ടിക്കാനുള്ള ദൗത്യം മനസ്സുകൊണ്ട് ഏറ്റെടുത്തവരാണെന്നുമാണ് സമകാലീന യാഥാർത്ഥ്യങ്ങൾ തെളിയിക്കുന്നത്. പുതിയ വെല്ലുവിളികളെ നേരിടാൻ പോരാട്ടങ്ങളുടെ പുതിയ മുഖങ്ങൾ തുറക്കേണ്ടി ഇരിക്കുന്നു.

**ഡോ. കല സജീവൻ**
ശ്രീ കേരള വർമ്മ കോളേജ് തൃശ്ശൂർ

# മാതംഗി



നിരനിരയായി നിൽക്കുന്ന കവുങ്ങുകളിലൊന്നിൽ
കുരുമുളകു വള്ളി പടർത്താമെന്ന് മാതംഗി തീരുമാനിച്ചു.
ഗ്രാമത്തിലെ പൊതുകിണറ്റിൽ നിന്ന് വെള്ളം കൊണ്ടുവരുമ്പോൾ
ഒരു പാള അധികം കോരേണ്ടി വരുമെന്നല്ലേയുള്ളു.
കുരുമുളകു വള്ളികൾ തളിർക്കട്ടെ,
പൂത്തുലഞ്ഞ് ചെറു തിരികൾ നീട്ടട്ടെ.
തുടക്കത്തിൽ എരിഞ്ഞു കത്തിക്കയറുന്ന
പ്രണയം പോലെ  കുരുമുളകുമണികളങ്ങനെ പച്ചച്ചു തിളങ്ങും.
പിന്നെ ചുവന്നു തുടുത്തുരുണ്ട് സമരസ പാകത്തിനാവും.
പതിവുപോലെ കിണറ്റിൻകരയിൽ ആനന്ദൻ വരും - ദാഹം തീർക്കും -
തിരിഞ്ഞു നോക്കാതെ പോകുമെന്നുറപ്പാണ്.
ഒരു പിടി കുരുമുളകു പറിച്ച് വായിലിട്ടു മാതംഗി ചവച്ചു നോക്കും.
മാറ്റമില്ല - എരിവു തന്നെ - പുകഞ്ഞു കത്തുന്നു.
എങ്കിലും പ്രതീക്ഷയുണ്ട്.
ഒരു ദിവസം ആനന്ദൻ വരും - ദാഹം തീരാതെ തിരിഞ്ഞു നോക്കും.
മാതംഗിയെ തന്നെ നോക്കി നിൽക്കും.
അന്നേയ്ക്ക് കുരുമുളകെല്ലാം കറുത്ത പൊന്നായി മാറിയിട്ടുണ്ടാകും.
ഒരു പിടി വാരി വായിലിട്ടു മാതംഗി ചവയ്ക്കും -
അതിമധുരം കൊണ്ടവൾ അടിമുടി പൂത്തലയും.

ആ ദിവസം വരും.
അന്നേയ്ക്ക് ലോകത്തെ നിർവ്വേദികളെല്ലാം പ്രണയികളാവും.
മാതംഗിയുടെ ആനന്ദമതത്തിൽ ചേരും.

**ഡോ. അശ്വതി പി.**
HHMSPBNSS കോളേജ്, നീറമൺകര

# പ്രതീക്ഷയുടെ പെൺവസന്തം

സ്ത്രീയെക്കുറിച്ചുള്ള പരമ്പരാഗത വിശേഷണങ്ങളാൽ സമ്പന്നമാണ് നമ്മുടെ സമൂഹം. അമ്മ, മകൾ, സഹോദരി, ദേവത എന്നിങ്ങനെ നിരവധി ഭാവങ്ങൾ പകർന്നാടുന്നവൾ. എന്നാൽ യാഥാർത്ഥ്യം നിശബ്ദമായി, അദൃശ്യമായി എന്താണ് സംഭവിക്കുന്നത് എന്ന് പകൽവെളിച്ചം പോലെ സ്പഷ്ടമാണ്. സ്ത്രീയുടെ ഓരോ ജീവിതഘട്ടങ്ങളേയും വിശകലനം ചെയ്യുമ്പോൾ, എത്രമാത്രം സ്ത്രീവിരുദ്ധമായ അന്തരീക്ഷത്തിലൂടെയാണ്, അവൾ യാത്ര ആരംഭിക്കുന്നത് എന്ന് നമുക്ക് മനസ്സിലാക്കാം.

ഒരു പെൺകുഞ്ഞ് പുറംലോകം കാണുമ്പോൾ തന്നെ ഉത്തരവാദിത്വം ഏറെയാണ് എന്ന ചിന്താഗതി മാതാപിതാക്കളിൽ ഉടലെടുക്കുന്നു. തുടർന്നങ്ങോട്ട് ആ ചിന്താഗതി വേരുറയ്ക്കുന്ന രീതിയിലാണ് കാര്യങ്ങൾ. വസ്ത്രങ്ങളാൽ മൂടപ്പെട്ട ഒരു സ്ഫോടകവസ്തു പോലെയായിത്തീരുന്നു അവളുടെ ശരീരം. സദാ ജാഗരൂകയായി, ശരീരമെന്ന ബോധത്തെ അല്പനേരത്തേയ്ക്കു പോലും കുടഞ്ഞു കളയാനാവാതെ അവൾക്ക് ജീവിക്കേണ്ടി  വരുന്നു. ഉറച്ച അഭിപ്രായം ഉണ്ടായാൽ, അത് ധൈര്യത്തോടെ തുറന്നു പറഞ്ഞാൽ അവൾ ധിക്കാരിയും, അഹങ്കാരിയുമായി മാറുന്നു. ചുരുക്കത്തിൽ പെൺകുട്ടിയുടെ സ്വത്വത്തെ ബോധപൂർവ്വം അടിച്ചമർത്തിയാണ് അവളെ രൂപപ്പെടുത്തിക്കൊണ്ട് വരുന്നത്. 'അത് നമ്മുടെ സംസ്കാരത്തിന് ചേർന്നതല്ല' എന്ന അബദ്ധജടിലമായ ന്യായീകരണമാണ് എല്ലാറ്റിന്റെയും അടിസ്ഥാനം. സംസ്കാരമെന്നത് കാലാകാലങ്ങളായി ഉരുത്തിരിഞ്ഞ നല്ലതും തീയതുമടങ്ങിയ ബഹിർമുഖമുള്ള, ഒരു പ്രക്രിയയാണെന്ന വസ്തുത ഇരുൾ മൂടപ്പെട്ട് കിടക്കുകയും ചെയ്യുന്നു.

എല്ലാം ഒതുക്കി വയ്ക്കാൻ പരിശീലിപ്പിക്കപ്പെടുന്നവർ ദാമ്പത്യത്തിലേക്ക് പ്രവേശിക്കുമ്പോൾ ഗാർഹിക ചുമതലകൾ ഭംഗിയായി നിർവഹിക്കുന്ന ഒരു ഉപകരണമായി സ്വയം അടയാളപ്പെടുത്തുന്നു. സാമൂഹിക, രാഷ്ട്രീയ പ്രശ്നങ്ങളിൽ നിന്ന് അകലം പാലിച്ച്, വീടിന്റെ വിളക്കായി കുലസ്ത്രീ ചമയുന്നു. മൗനമാണ് അന്തസ്സുള്ള സ്ത്രീകളുടെ ഭാഷ എന്ന് അടിവരയിടുന്നു. അതേ പാഠങ്ങൾ പെൺമക്കൾക്ക് പകർന്നു നല്കുന്നു. വ്യക്തിത്വങ്ങൾ നഷ്ടപ്പെട്ട പെൺപാവ ജന്മങ്ങളുടെ ഒരു നിര തന്നെ നിരന്തരം രൂപപ്പെടുന്നു. വിവാഹമെന്ന ഒരൊറ്റ ലക്ഷ്യത്തിലേക്ക് സ്വയം സമർപ്പിച്ച് വളരേണ്ടവരാണവർ.

പ്രണയത്തിന്റെ മായാനദിയിലകപ്പെട്ടു പോയാൽ അവൾ പിഴച്ചവളായി. അച്ഛനമ്മമാർ തിരഞ്ഞെടുക്കുന്ന ചെറുപ്പക്കാരനെ വിവാഹം ചെയ്യുന്നവർ നേരും, നെറിയും ഉള്ളവളായി. തന്റെ ഹൃദയം തുറന്നു വയ്ക്കാനാവാതെ, സൗഹൃദവും, സ്വാതന്ത്ര്യവും നിഷേധിക്കപ്പെടുന്ന ഗൃഹാന്തരീക്ഷത്തിൽ വളരുന്നവരിൽ ചിലർ പുറം കാഴ്ചകളിലേക്ക് ആകൃഷ്ടരായി പോവുന്നു. യാഥാർത്ഥ്യബോധമില്ലാതെ അപക്വമായ തിരഞ്ഞെടുപ്പിലൂടെ, ലഭിച്ച ഇണയുമായി ജീവിതം തുടങ്ങുകയും അധികം താമസിയാതെ ചില്ലുപാത്രം പോലെ ഉടഞ്ഞു ചിതറുകയും ചെയ്യുന്നു. ലിംഗവ്യത്യാസം അടിവരയിട്ടുറപ്പിക്കുന്ന കുടുംബവ്യവസ്ഥിതിയിൽ വളരുന്ന പെൺകുട്ടിയിൽ മാത്രമല്ല, ആൺകുട്ടിയിലും വികലമായ കാഴ്ചപ്പാടുകൾ സൃഷ്ടിക്കപ്പെടുന്നു. തന്റെ സഹോദരിക്ക് ആർത്തവം എന്ന അവസ്ഥയുണ്ടെന്ന് പോലും, അറിയിക്കാതെ ആൺകുട്ടിയെ വളർത്തി കൊണ്ടുവരുന്നത് തെല്ല് അഭിമാനത്തോടെ ഉദ്ഘോഷിക്കുന്ന അമ്മമാരെ കണ്ടിട്ടുണ്ട്.

ഒരു പെൺകുട്ടി കൂടപ്പിറപ്പായി ഉണ്ടായിട്ടും അവളുടെ ശാരീരിക,



മാനസികഘടന ആൺകുട്ടിക്ക് അന്യമാവുന്നു. അതുകൊണ്ട് തന്നെ പെണ്ണ് അവന് കാഴ്ചവസ്തുവും കൗതുകവസ്തുവുമായി തന്നെ നിലനില്ക്കുന്നു. അമ്മയും സഹോദരിയും ഗാർഹികജോലികൾ ഏറ്റെടുക്കുമ്പോൾ പെണ്ണ് എന്നാൽ എന്ത് എന്നതിനെ സംബന്ധിച്ച് ഒരു വാർപ്പുമാതൃക അവനിൽ സൃഷ്ടിക്കപ്പെടുന്നു. അതേ മന:സ്ഥിതിയോടെ വൈവാഹിക ജീവിതത്തിലേക്ക് പ്രവേശിക്കുന്നവർ ഭാര്യയെ തന്റെ ആവശ്യങ്ങൾ കൃത്യസമയത്ത് നിറവേറ്റിത്തരുന്ന ഒരു ഉപകരണമായി കാണുന്നു. ഇത് കണ്ട് വളരുന്ന കുട്ടികളിലും ലിംഗവ്യത്യാസത്തിന്റെ വിത്തുകൾ മുളയ്ക്കുകയും പുരുഷകേന്ദ്രീകൃതമായ കുടുംബവ്യവസ്ഥിതിയുടെ വാർപ്പുമാതൃകകൾ വീണ്ടും വീണ്ടും സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നു.

സമൂഹം എന്ത് കരുതും എന്ന ഒറ്റച്ചോദ്യം കൊലക്കയറായി മാറിയ ധാരാളം കുടുംബങ്ങളെ നമുക്ക്കാണാൻ സാധിക്കും. ജാതകം നോക്കി, വിവാഹമാമാങ്കം നടത്തി പെൺമക്കളെ കറവപ്പശുക്കളെ പോലെ അന്യഗൃഹത്തിലേക്ക് അയക്കുന്നു.

ഭർതൃഗൃഹത്തിൽ ജീവിതം തുടരാൻ ബുദ്ധിമുട്ടാകുമ്പോൾ മറ്റുള്ളവർ എന്തു വിചാരിക്കുമെന്ന് ഭയന്ന് സഹിക്കൂ, കണ്ണടയ്ക്കൂ എന്നൊക്കെ അമ്മമാർ പെൺമക്കളെ ഉപദേശിക്കുന്നു. ഒടുവിൽ, അവരുടെ ഹൃദയത്തിൽ വെള്ളിടി വെട്ടുന്നത് പെൺമക്കളുടെ ചേതനയറ്റ ശരീരം കാണുമ്പോഴാണ്. സാക്ഷരകേരളത്തിൽ ഇക്കാലത്തും സ്ത്രീധന ഹത്യകൾ നടക്കുമ്പോൾ, സന്ധ്യ മയങ്ങുമ്പോൾ സ്ത്രീശരീരം വെറും ചാരമായി മാറുമ്പോൾ, ആത്മവിശ്വാസവും, ധൈര്യവും, വിവേചന ബുദ്ധിയുമാണ് ഒരുവളുടെ ഉൺമ എന്ന ഉൾക്കാഴ്ച പെൺകുട്ടികൾക്ക് പകർന്നു കൊടുക്കാൻ എത്ര മാതാപിതാക്കൾക്ക് സാധിക്കുന്നുണ്ട്.

എന്നിരുന്നാലും വളരെ സാവകാശമുള്ള ഒരു മാറ്റത്തിന്റെ പാതയിലാണ് നമ്മുടെ പെൺകുട്ടികൾ എന്ന് പറയാതെ വയ്യ. സ്ത്രീശാക്തീകരണ പരിപാടികളും, പ്രസംഗങ്ങളും, എഴുത്തുകളുമാണോ ഇതിനു പിന്നിൽ? അവ തീർച്ചയായും ഒരു പങ്കും വഹിക്കുന്നുണ്ട്.

എന്നാൽ ഏതു മാറ്റത്തിനും തുടക്കം കുറിക്കേണ്ടത് അവനവനിൽ നിന്നു തന്നെയാണ്. ചുറ്റുമുള്ള അനുഭവങ്ങളും ചിന്താശേഷിയും ന്യൂനപക്ഷമാണെങ്കിൽ പോലും ചില പെൺകുട്ടികളിൽ വേറിട്ട ചിന്തകൾ ഉയർത്തുന്നുണ്ട്.

ഒരുവനും തീറെഴുതി കൊടുക്കേണ്ടതല്ല തന്റെ ജീവിതമെന്നും, വിവാഹമെന്നത് അത്യന്താപേക്ഷിതമായ ഒന്നല്ലെന്നും, സ്വന്തം കാലിൽ നിന്നു കൊണ്ട് ജീവിതം ഇഷ്ടമുള്ള രീതിയിൽ ജീവിച്ചു തീർക്കണമെന്നും ആഗ്രഹിക്കുന്ന പെൺകുട്ടികളുടെ ചെറിയ തോതിലുള്ള വർദ്ധനവ് നമുക്കിന്നു കാണാം. അത്തരം ജീവിതരീതിയെ പിൻതാങ്ങുന്ന ന്യൂനപക്ഷമായ മാതാപിതാക്കളുടെ സാന്നിദ്ധ്യവും പ്രതീക്ഷ പുലർത്തുന്നു. ഈ ന്യൂനപക്ഷം വളരെ സാവകാശത്തിൽ ഭൂരിപക്ഷമാകുമ്പോൾ, വിപ്ലവകരമായ ഒരു സാമൂഹിക പരിവർത്തനം സാധ്യമാകുമെന്ന് നമുക്ക് ആഗ്രഹിക്കുകയും അതിനുവേണ്ടി പ്രയത്നിക്കുകയും ചെയ്യാം.

ഡോ. സിനി വി.
ശ്രീനാരായണ കോളേജ് ശിവഗിരി, വർക്കല

# ധർമ്മബോധം - സഹോദരൻ അയ്യപ്പന്റെ കവിതകളിൽ

മലയാളവിഭാഗം കവിതയുടെ ആനന്ദാത്മകവും പ്രബോധന പരവുമായ പ്രയോജനത്തെപ്പറ്റി ഭാരതീയകാവ്യ ശാസ്ത്രത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. വൈകാരികവും പ്രബോധനപരവുമായ പ്രയോജനം തുല്യ പ്രാധാന്യത്തോടെ ആചാര്യന്മാർ അവതരിപ്പിച്ചിട്ടുണ്ട്. ഭരതമുനി നാട്യശാസ്ത്രത്തിൽ,

"ധർമ്മം യശസ്യമായുഷ്യം
ഹിതം ബുദ്ധി വിവർദ്ധനം
ലോകോപദേശ ജനനം
നാട്യമേതത്ഭവിഷ്യതി'. എന്ന് വ്യക്തമാക്കുന്നിടത്തും മമ്മടൻ "കാവ്യപ്രകാശ' ത്തിൽ

"കാവ്യം യശസേർത്ഥകൃതേ
വ്യവഹാരവിദേ ശിവേതരക്ഷതയേ
സദ്യഃ പരനിർവൃതയേ
കാന്താസമ്മിതതയോപദേശയുജേ

എന്ന് സൂചിപ്പിക്കുന്നിടത്തും കവിതയുടെ പ്രബോധനപരമായ പ്രയോജനത്തെ കൂടിയാണല്ലോ പ്രസ്താവിക്കുന്നത്.

കവിതയുടെ ധർമ്മം ഉപദേശമാകുതെന്ന് വാദിക്കുന്നവരും ആചാര്യന്മാരുടെ കൂട്ടത്തി ലുണ്ടെങ്കിലും കവിയുടെ ഉള്ളിൽ തിരതല്ലുന്ന വൈകാരികതയുടെ ബഹിർസ്ഫുരണമാണ് കവിത യെന്നതിനാൽ പ്രബോധനം സാമൂഹിക നവോത്ഥാനത്തിലേക്കും എത്തുന്ന വൈകാരികതയുടെ ഫലം തന്നെയാകുന്നു.

കവിതയിൽ വൈകാരികതയും വൈചാരികതയും വെവ്വേറെ നിൽക്കുന്നുവെന്ന് കരുതേണ്ടതില്ല. ഉൽബോധന കവിതയുടെ കൂട്ടത്തിൽപെടുത്താത്ത കവിതകളിൽ പോലും മൂല്യബോധന ത്തിന്റെ തലം ഉണ്ടായിരിക്കും. കവിതയിൽ കാവ്യസൗന്ദര്യം നിഴലിച്ചുനിൽക്കുകയും പ്രകടമായി പ്രബോധനപരത ഇല്ലാതിരിക്കുകയും ചെയ്യുന്ന സന്ദർഭങ്ങളിൽ പോലും കാവ്യം നൽകുന്ന ജ്ഞാനം ശ്രദ്ധേയമാണ്. ഈ അറിവ് തന്നെയാണ് ചില ഘട്ടങ്ങളിൽ പ്രബോധനമായി മാറുന്നത്. കൃത്യമായ മൂല്യസങ്കല്പങ്ങൾ അവതരിപ്പിക്കുന്നില്ലെങ്കിൽ പോലും മിക്കവാറും കവിതകൾ തത്വത്തിൽ മൂല്യങ്ങളെ ആവിഷ്കരിക്കുന്നുണ്ട്. അതിനാൽ തന്നെ കവിത ഉപദേശമല്ല വെറും വൈകാ രികത മാത്രമേ അതിലുള്ളു എന്ന് പറയുന്നത് പൂർണമായും ശരിയല്ല. ചിന്താപരമായ ഊർജ്ജസ്വ ലതയും ധാർമ്മികോത്തേജനത്തിന് പ്രസക്തിയുമുള്ള കാലങ്ങളിൽ എല്ലാ സാഹിത്യങ്ങളിലും ഉദ്ബോധനകവിത പ്രത്യക്ഷപ്പെടുകയും പ്രചാരം നേടുകയും ചെയ്തിട്ടുണ്ട്.

താളബദ്ധവും വൃത്തഗന്ധിയുമായ ഉദ്ബോധനമാണ് കവിതയുടെ മുന്നോടിയായ പഴഞ്ചൊല്ലുകൾ, ഛന്ദോശാസ്ത്രവും പാസനിയമവും ചിട്ടപ്പെട്ട് കവിത ലക്ഷണയുക്തമായി ഉരുത്തിരിഞ്ഞതിനു ശേഷവും അതിൽ പ്രബോധനപരതയ്ക്ക് സ്ഥാനമുണ്ടെന്ന് സാഹിത്യാന്വേഷികൾക്ക് സംശയമില്ല. ഇതിന്റെ അർത്ഥം കാവ്യം മുഖ്യമായും ആശയബോധമാണ് എന്നല്ല അതിനും കവിതയിൽ സ്ഥാനമുണ്ടെന്നാണ്.

ശുദ്ധമായ കവിത ആശയനിർമുക്തമായിരിക്കുമെന്നും ഉദ്ബോധനം കവിതയിലെ കലർപ്പാണെന്നും അഭിപ്രായപ്പെടുന്ന സാഹിത്യ ചിന്തകന്മാരുണ്ട്, പക്ഷേ നിയതമായ അർത്ഥമുള്ള പദങ്ങൾ കവിതയിൽ ആവിഷ്കരണോപാധിയായതുകൊണ്ട് കവിതയിൽ ആശയങ്ങൾ കലരുന്നത് സ്വാഭാവികമാണ് ആ ആശയങ്ങൾ കാവ്യരസത്തിൽ അലിഞ്ഞിരിക്കുമെന്ന് മാത്രം. അങ്ങിനെയല്ലാതെ ആശയങ്ങൾ പ്രാമുഖ്യത്തോടെ തെളിഞ്ഞുനിൽക്കുന്നു എന്നതാണ് ഉൽബോധന കവിതകളുടെ പ്രത്യേകത.

നമ്മുടെ സാഹിത്യത്തിൽ



എഴുത്തച്ഛന്റേയും ആശാന്റേയും വള്ളത്തോളിന്റേയുമൊക്കെ പ്രബോധനപരമായ കവിതകൾ ഉണ്ട്. അവിടെയെല്ലാം അവാച്യമായ കാവ്യദീപ്തിയുടെ ഘടകമായേ ആശയങ്ങൾ പ്രവർത്തിക്കുന്നുള്ളൂ. എന്നാൽ പൂന്താനത്തിന്റെ കൃതികളിൽ ഉൽബോധനത്തിന് ചാരുതയേറ്റുന്ന ഘടകമായാണ് കാവ്യസൗന്ദര്യം കലർത്തിയിട്ടുള്ളത്.

ആധുനിക കാലത്ത് കേരളത്തിലെ ആശയവിപ്ലവത്തിന് ധീര നേതൃത്വം നൽകിയ സഹോദരൻ കെ.അയ്യപ്പന്റെ കൃതികളും ഉൽബോധനത്തിന് പ്രാധാന്യം നൽകുന്നവയായിരുന്നു. രാഷ്ട്രീയവും സാമൂഹികവും ദാർശനികവുമായ ആദർശങ്ങളിലാണ് അദ്ദേഹം ജീവിച്ചത്. അതിനാൽ തന്നെ ഇത്തരം കവിതകളിലേക്ക് തന്റെ സാഹിത്യ ചിന്ത പ്രസരിപ്പിക്കാൻ അദ്ദേഹത്തിന് സാധിച്ചു. ആശയസമ്പന്നമായ ഹൃദയത്തിൽ നിന്നും ആശയസമ്പുഷ്ടമായ കവിതകൾ രൂപമെടുക്കുന്നതിൽ അത്ഭുതമില്ലല്ലോ. ജീവിതത്തിലേയ്ക്ക്

ശ്രീനാരായണ ഗുരുവിന്റെ ആദർശങ്ങളിൽ ആകൃഷ്ടനായി സാമൂഹിക പരിഷ്കരണ പ്രവർത്തനങ്ങളിൽ ശ്രദ്ധപതിപ്പിച്ച വ്യക്തിത്വമാണ് സഹോദരൻ അയ്യപ്പന്റേത്. സാമൂഹിക പരിഷ്കർത്താവ്, പത്രപ്രവർത്തകൻ, സാംസ്കാരിക നായകൻ എന്നീ നിലകളിൽ ഏറെ പ്രശസ്തനായ അദ്ദേഹം ഒരു സാഹിത്യകാരൻ കൂടിയാണെന്നുള്ളത് അധികമാരും ശ്രദ്ധിച്ചുകണ്ടില്ല. അദ്ദേഹ ത്തിന്റെ ലഘുലേഖകളും കുറിപ്പുകളും കവിതകളുമെല്ലാം അക്കാലത്ത് കാലിക പ്രാധാന്യമുള്ളവ യായിരുന്നതിനാലാകാം ഏറെ ചർച്ചചെയ്യപ്പെട്ടിരുന്നു.

1889-ൽ ചെറായിയിൽ കുമ്പളത്തുപറമ്പ് തറവാട്ടിൽ കൊച്ചാവു വൈദ്യന്റേയും ഉണ്ണൂലിയുടേയും മകനായി ജനിച്ചു. പറവൂർ ഇംഗ്ലീഷ് ഹൈസ്കൂളിൽ പഠിക്കുമ്പോൾ ഹെഡ്മാസ്റ്റർ രാമവർമ്മത്തമ്പാന്റെ സ്വാധീനത്തിൽ ധാരാളം നല്ല പുസ്തകങ്ങൾ വായിക്കാനിടയായി ഇത് സാമൂഹിക രാഷ്ട്രീയ മേഖലകളിൽ ശ്രദ്ധതിരിയുന്നതിന് കാരണമായി.

കോഴിക്കോട് ബി.ജി.എം കോളേജിൽ നിന്ന് ഇന്റർമീഡിയറ്റും എറണാകുളം മഹാരാജാസ് കോളേജിൽ നിന്ന് ബിരുദവും നേടി. ഇതിനിടയ്ക്ക് ശ്രീനാരായണ ഗുരുവിന്റെ ദർശനങ്ങളിൽ ആകൃഷ്ടനാകുകയും അദ്ദേഹത്തിന്റെ അനുയായിയായി പ്രവർത്തിക്കുകയും ചെയ്തു. 1917 ജൂണിൽ ചെറായിയിൽ മിശ്രഭോജനം നടത്തിയതിന്റെ ഫലമായി കുറേക്കാലം ഭ്രഷ്ടനാകുകയും "പുലയൻ അയ്യപ്പൻ' എന്ന് വിളിക്കപ്പെടുകയും ചെയ്തു. എന്നാൽ ഈ പുറത്താക്കലിൽ നിന്നും കൂടുതൽ ഊർജ്ജം ഉൾക്കൊണ്ട് രാജ്യത്തുടനീളം സഞ്ചരിച്ച് ജാതീയമായ അനാചാരങ്ങൾക്കെതിരെ ശക്തമായി പ്രവർത്തിച്ചു. പ്രക്ഷോഭണങ്ങൾ, പ്രസംഗങ്ങൾ, ലഘുലേഖകൾ, പദ്യ കൃതികൾ തുടങ്ങിയവ ജാതീയമായ അസമത്വത്തിനെതിരെ പ്രയോഗിച്ചു. “ജാതിരാക്ഷസദഹനം' പോലുള്ള പ്രകടനങ്ങൾ സംഘടിപ്പിക്കുകയും ജനങ്ങളെ ഉദ്ബുദ്ധരാക്കുകയും ചെയ്തു. ഇവയെല്ലാം ചേർന്ന് സഹോദര പ്രസ്ഥാനത്തിന് രൂപം നൽകി. അതിന്റെ മുഖപത്രമായി "സഹോദരൻ' പത്രം 1917-ൽ ആരംഭിച്ച് ആദർശങ്ങളിൽ നിന്ന് വ്യതിചലിക്കാതെ 1956 വരെ പത്രം നടത്തി.

സഹോദര പ്രസ്ഥാനം ആരംഭിച്ചതുമുതൽ ജനങ്ങളെ ജാതീയതയ്ക്കെതിരെ കർമ്മകുശലരാക്കി മാറ്റുന്നതിനായി ധാരാളം ലഘുലേഖകളും ചുരുക്കം പദ്യകൃതികളും എഴുതി.



ഇത് അക്കാലത്ത് ഏറെ പ്രചാരം നേടി. ചില കവിതകൾ അക്കാലത്ത് പതിനായിരക്കണക്കിന് പ്രതികൾ വിറ്റഴിയുകയുണ്ടായി.

സാമുദായികാചാര്യനും സാമൂഹിയ പ്രവർത്തകനുമായതിനാൽ എഴുതിയ കവിതകൾ എല്ലാം തന്നെ ധർമ്മോൽബോധന പരമായിരുന്നുവെന്ന് പറയാം. കവിയും സാഹിത്യകാരനും "ജാതി വേണ്ട മതം വേണ്ട ദൈവം വേണ്ട മനുഷ്യനു വേണം ധർമ്മം വേണം ധർമ്മം വേണം ധർമ്മം യഥോചിതം' എന്നാരംഭിക്കുന്ന കവിത

"സത്യവും ദയയും സ്നേഹം ശുശ്രൂഷയുമഭേദമായ് സർവത്തോടുമെട്ടുക്കുന്ന



ധർമ്മം ശരണമേവനം' എന്ന് ധർമ്മത്തെ നിർവചിക്കുന്നുമുണ്ട്.

മൂല്യവത്തായ ആശയങ്ങളിലൂടെ മനുഷ്യമനസ്സിനെ ഉദ്ബുദ്ധമാക്കുകയാണ് കവിതലക്ഷ്യമാക്കുന്നത്. സ്നേഹത്തിൽ അധിഷ്ഠിതമായ ധർമ്മം മാത്രമാണ് ജാതീയമായ അനാചാരങ്ങളെ മാറ്റി മറിക്കാൻ ഉചിതമെന്ന് കവി സൂചിപ്പിക്കുന്നു. സമഭാവന സ്നേഹത്തിലധിഷ്ഠിതമായ ധർമ്മത്തിന്റെ സാക്ഷാത്കാരം സാധ്യമാക്കുന്നത് സമഭാവനയിലൂടെയാണ് എന്ന് വ്യക്തമാക്കുന്ന കവിതയാണ് സമഭാവന.

എല്ലാ ധാർമ്മിക ചെയ്തികൾക്കും അടിസ്ഥാനം സമഭാവനയാണെന്ന് ബോധ്യപ്പെടുത്താൻ സമഭാവനയെ പുരസ്കരിച്ച് പ്രാർത്ഥനാഗാനം പോലെയാണ് ഇതിന്റെ രചന.

ചെറുത് വലുതിന് ഇരയാകണമെന്നത് മൃഗധർമ്മമാണെന്നും മനുഷ്യന്റെ ധർമ്മം വലുത് ചെറുതിന് തുണയാകണമെന്നതാണെന്നും ഈ കവിതയിൽ വ്യക്തമാക്കുന്നു.

"വലുതിന്നിര ചെറുതെന്നതു മൃഗജീവിതനിയമം

ചെറുതിൻ തുണവലുതെന്നതു തന്നേ നരധർമ്മം'. ജാതിയും മതവും ദൈവവും വേണ്ടെന്ന് നിഷേധിയുടെ രോഷത്തോടെ ഗർജ്ജിക്കുന്നതിലൂടെ യഥോചിതമായ ധർമ്മം അനപേക്ഷണീയമാണെന്ന് സൗമ്യഗംഭീരമായി ഉദ്ബോധിപ്പിക്കുകയാണ് കവി.

കാല്പനികകവിതാ കാലഘട്ടത്തിൽ റിയലിസ്റ്റിക് കവിതകൾ അവതരിപ്പിക്കാൻ ആണ് കെ. അയ്യപ്പൻ ശ്രമിച്ചത്. അതിനു കാരണവും ധർമ്മ പ്രബോധനമത്രേ. കാവ്യരസത്തിൽ പൊതിയാതെ ആശയാവതരണത്തിലൂടെ സാമൂഹിക മാറ്റം ലക്ഷ്യമാക്കുകയായിരുന്നു അദ്ദേഹം.

"സ്വർണകാലം കഴിഞ്ഞില്ല. വരുന്നേയുള്ളു കാക്കുവിൻ വരുത്തേണ്ടതു മർത്ത്യന്റെ ശ്രമത്താലെന്നു മോർക്കുവിൻ'

മനുഷ്യമനസ്സിലേയ്ക്ക് ശുഭപ്രതീക്ഷയുടെ വെള്ളിവെളിച്ചം തെളിയിക്കാൻ ധീരോദാത്തമായ ഈ ഉദ്ബോധനത്തിന് എക്കാലവും സാധിക്കും. അജയ്യമായ മാനവ ചൈതന്യത്തിലാണ് നാം വിശ്വസിക്കേണ്ടതെന്നും അത് സത്യം സ്നേഹം ധർമ്മം തുടങ്ങിയവയെ അധികരിച്ചാകണമെന്നും അദ്ദേഹം ഓർമ്മപ്പെടുത്തുന്നു.

നാനാഹേതുക്കളാൽ താറുമാറായിപ്പോയ ഈ ലോകത്തിൽ മഹത്വത്തിന്റെ മഹാസൗധം പടുത്തുയർത്താൻ മനുഷ്യനാകുമെന്ന് വിശ്വസിച്ച് ഉദ്ബോധിപ്പിച്ച സഹോദരൻ അയ്യപ്പന്റെ കൃതികളെ കാലികപ്രസക്തി എക്കാലവുമുണ്ടെന്ന് തിരിച്ചറിഞ്ഞ് മലയാള സാഹിത്യലോകം ഇനിയെങ്കിലും പരിഗണിക്കേണ്ടിയിരിക്കുന്നു.

സഹായക ഗ്രന്ഥങ്ങൾ

1. സഹോദരൻ അയ്യപ്പൻ : സി.കെ.ഗംഗാധരൻ

2. സഹോദരൻ കെ.അയ്യപ്പൻ : പ്രൊഫ. എം.കെ.സാനു

3. സഹോദരൻ അയ്യപ്പൻ : വിപ്ലവങ്ങളുടെ മാർഗദർശി : തങ്കപ്പൻ പൂയപ്പള്ളി

4. സഹോദരൻ അയ്യപ്പന്റെ പദ്യകൃതികൾ : കെ.അയ്യപ്പൻ

**ഷീജ ജോർജ് ഇ.**
എസ് എൻ കോളേജ് ചേർത്തല

# മാനിഷാദ



മാനിഷാദ പാടിയ കവിയേയും
മാറിലമ്പു തറഞ്ഞ കിളിയേയും
മായൽ പോലെന്റ മുന്നിൽ വെച്ചുനീ
മാറിപ്പോയങ്ങു മായം കാട്ടുന്നൊ!

മായെൻ ഹൃത്തിലോ കാവ്യമേയില്ല
മാ യെൻ കയ്യിലോ തുലികയില്ല
മായാവാണീ കടാക്ഷം തെല്ലില്ല
മാറ്റുകിന്നു നീ ക്രൗഞ്ചപ്പക്ഷിയെ

മായപ്പൊന്മാനെ കണ്ടതേയില്ല,
മാരീചനിങ്ങു വന്നതേയില്ല,
മാരവിരഹത്താൽ കേണുകൊണ്ടു ഞാൻ
മായാവനികയിൽ കാത്തിരുന്നില്ല

മാ-യീ മരവുരി എന്തെന്നറിയില്ല
മാ-യെൻ രാമനോ കാട്ടിൽ പോയില്ല,
മാറിൻ നേർക്കിന്നു വീശും വാളിനെ
വാഴനാരായി കാൺമതെങ്ങിനെ?

മാർതുറന്നെന്നെ സ്വീകരിക്കുവാൻ
മായീക്ഷിതിക്കിനി തെല്ലുമാവില്ല
മാനവൻ ചെയ്ത തിന്മയാലെന്നേ
മാർ തകർന്നു മരിച്ചില്ലേയവൾ


മാനത്തെങ്ങും ജടായു പറന്നില്ല
മാറിലണിയും പൊൻമാലയഴിച്ചില്ല
മാറിനിന്നൊന്നു നോക്കുകെൻ സഖീ,
മായം തെല്ലുമേ തിട്ടം കാണില്ല

മാന്മീക്കാലടി മാത്രം കണ്ടതാം
മാദ്ധ്വ സൗമിത്രേ ശങ്ക തോന്നീല
മായക്കണ്ണാടി മാറ്റിവെച്ചൊന്നീ
മാനസത്തിലേക്കുറ്റു നോക്കുക

മാറിലെൻ ചുടുചോര കണ്ടുനീ
മാർ പിടഞ്ഞു മതിമാഴ്കുവാനല്ല
മാറിലമ്പു തറഞ്ഞു പക്ഷിയെ
മാത്രമിന്നൊന്നു മാറ്റുക വേഗം

ക്രൗഞ്ചപ്പക്ഷിയെ മാത്രം മാറ്റുക

**Dr.Aparna Ajith**
S.N.C.W. Kollam



# Subaltern

For the frowning and staring eyes, she is a subaltern.
Her 'impure body' and arduous soul though is always stern.
The horrors of her marooned days were cumbersome,
She didn't evolve as a femme fatale to win any handsome.
The perforated epistemic violence surfaced her mind,
And she writhed hard to remain blind.
A train of thoughts whooshed by her recess
Her sour breath endeavored to restrain the process.
Poets and artists bestowed her life in their opus
Alas! A crumb of her did not appear alive in their magnum opus.
She remained a shadow of derision and delight
Unmoved by the hideous erotic appetite and sight.

Yes, forever she is a subaltern.
All set to flaunt a new pattern!

**ഡോ. വീണ എസ്.**
സെന്റ് തോമസ് കോളേജ്, റാന്നി

# സ്ത്രീജീവിതവും പ്രതിരോധവും കെ.ആർ. മീരയുടെ കഥകളിൽ

സ്ത്രീ സ്വത്വാവിഷ്കാരത്തിന്റെ സമകാലിക ഭൂമികയിലെത്തുമ്പോൾ ചരിത്രപരവും സാംസ്കാരികവുമായ ഏതെല്ലാം നാൾവഴികളിലൂടെയാണ് ആ സങ്കൽപം വളർന്നത് എന്ന അന്വേഷണം പ്രസക്തമാണ്.

വർത്തമാനകാലസ്ത്രീത്വം അതിന്റെ എക്കാലത്തെയും സങ്കീർണ്ണതകളിൽതന്നെ ബന്ധിക്കപ്പെട്ടു കിടക്കുകയാണെന്നുള്ളതാണ് യാഥാർത്ഥ്യം. നിരവധി പ്രതിരോധതന്ത്രങ്ങളിലൂടെ അവയെ പൊട്ടിച്ചെറിയാൻ ശ്രമിച്ച, ശ്രമിക്കുന്ന കാലത്തിന്റെ ചലനങ്ങളും മാറ്റങ്ങളും സ്ത്രീയുടെ ജീവിതത്തിന്റേയും പ്രതിരോധത്തിന്റെയും ചരിത്രമാണ്. സ്ഥാപനവത്കരിക്കട്ടെ എല്ലാ വ്യവസ്ഥകളെയും അനുകൂലിക്കുകയും അനുകരിക്കുകയും ചെയ്യുന്ന, എല്ലാ പ്രവണതകളെയും വിശകലനം ചെയ്യുകയും, വിമർശിക്കുകയും ചെയ്യുന്നിടത്താണ് സ്ത്രീപക്ഷ എഴുത്തിന്റെ ശക്തി. സമൂഹം കല്പിക്കുന്ന എല്ലാ നിയമങ്ങളേയും അനുസരിച്ച് ജീവിക്കുമ്പോഴും സംഘർഷഭരിതമായ മനസ്സിലൂടെ രൂപപ്പെട്ട ആശയങ്ങൾ എഴുത്തിന്റെ സാധ്യതകളിലൂടെ അവതരിപ്പിച്ച എഴുത്തുകാരികളിൽ മൗലികസാന്നിദ്ധ്യം അറിയിച്ച എഴുത്തുകാരിയാണ്.

കെ.ആർ. മീരയുടെ ഓർമ്മയുടെ ഞരമ്പ്, സർപ്പയജ്ഞം, മോഹമഞ്ഞ എന്നീ കഥകളിൽ സ്ത്രീജീവിതവും പ്രതിരോധവും എങ്ങനെ ആവിഷ്കരിക്കപ്പെടുന്നു എന്ന് പരിശോധിക്കാം.

**പ്രതിരോധത്തിന്റെ ചരിത്രം**

പ്രകൃതിയിൽ പുരുഷനോടൊപ്പമാണ് സ്ത്രീയുടെ സ്ഥാനമെങ്കിലും അപൂർവ്വമായി മാത്രം അത് ലഭ്യമാകുന്ന, ചില സവിശേഷജോലികൾ മാത്രം ചെയ്യാൻ നിയോഗിക്കപ്പെട്ടവരായിരുന്നു സ്ത്രീകൾ.

സ്ത്രീസ്വാതന്ത്ര്യവും മൗലികാവകാശങ്ങളും നിരന്തരം ചർച്ച ചെയ്യുമ്പോഴും, ഭാരതീയ സാഹചര്യങ്ങളിൽ സ്ത്രീവിമോചനം എന്തുകൊണ്ട് പൂർണ്ണമായും സാധ്യമാകുന്നില്ല എന്ന അന്വേഷണം മതവും രാഷ്ട്രീയവും നിയമവ്യവസ്ഥയുമൊക്കെയായി ബന്ധപ്പെട്ടു കിടക്കുന്നു.

20ാം നൂറ്റാണ്ടിനു മുൻപ് ഇന്ത്യയിൽ ഉയർന്ന ജാതിയിൽപെട്ട ഹിന്ദുസ്ത്രീകൾക്കും മുസ്ലീം സ്ത്രീകൾക്കും പൊതുസമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കുവാനുള്ള അധികാരമുണ്ടായിരുന്നില്ല. വീടിനകത്തു തന്നെ അവരുടെ വ്യക്തിത്വം ഒതുങ്ങിയിരുന്നു. ശൈശവവിവാഹം, ബഹുഭാര്യത്വം തുടങ്ങിയ പല അവസ്ഥകളും അവർക്ക് അനുഭവിക്കേണ്ടിവന്നു. താഴ്ന്ന സമുദായത്തിലെ സ്ത്രീകൾക്കും മറ്റുവിധത്തിലുള്ള അവഗണനകളും പീഡനങ്ങളും ഏൽക്കേണ്ടി വന്നിട്ടുണ്ട്. കീഴാള സമുദായത്തിലെയും ഉയർന്ന സമുദായത്തിലെയും സ്ത്രീകൾ ഒരുപോലെ ലൈംഗിക ചൂഷണങ്ങളും ലൈംഗികമായ അടിച്ചമർത്തലുകളും അനുഭവിച്ചിരുന്നു. നമ്പൂതിരിസ്ത്രീകൾക്ക് ആചാരത്തിന്റെ പേരിൽ സഞ്ചാരസ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടപ്പോൾ കീഴാള സ്ത്രീകൾക്ക് ശാരീരികവും മാനസികവുമായ പീഡനവും ഭയവും



മൂലമാണ് സഞ്ചാരസ്വാതന്ത്ര്യം ഇല്ലാതായത്, താണജാതിയിൽ പെട്ടവരെ കണ്ടാൽ തിരിച്ചറിയുന്നതിന് അവർ ശരീരം അരയ്ക്കുമുകളിൽ മറയ്ക്കരുതെന്നായിരുന്നു ചട്ടം. പാദരക്ഷ, കുട, നല്ല വസ്ത്രം, വിലപ്പെട്ട ആഭരണം എന്നിവയെല്ലാം അവർക്ക് നിരോധിക്കപ്പെട്ടിരുന്നു. സ്ത്രീകൾ മാറിൽ നിന്നും മേൽമുണ്ട് എടുത്തുമാറ്റുക എന്നായിരുന്നു മാന്യന്മാരോടുള്ള അവരുടെ യഥോചിതമായ ആദരപ്രകടനം.1

ബ്രിട്ടീഷ് ആധിപത്യത്തിനുശേഷം പല നിയമഭേദഗതികളിലൂടെയും സ്ത്രീസ്വാതന്ത്ര്യത്തിനു വഴിയൊരുങ്ങി. 1829ലെ സതീനിരോധനം, 1840ലെ അടിമത്തനിരോധനം 1856ലെ വിധവാവിവാഹ നിയമം തുടങ്ങിയവ അവയിൽ ചിലതാണ്. ബ്രിട്ടീഷ് ആധിപത്യകാലത്തുതന്നെയാണ് പുതിയ സാമ്പത്തിക ബന്ധങ്ങളും പുതിയ സംസ്കാരവും കേരളത്തിൽ പ്രത്യക്ഷമായത്. മിഷനറിമാരുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സ്വാതന്ത്ര്യവും സമത്വവും എന്താണെന്ന് തിരിച്ചറിഞ്ഞ ഒരു സമൂഹത്തെ ഇവിടെ രൂപപ്പെടുത്തി. ആ കാലഘട്ടത്തിലാണ് വ്യാപകമായി ഇവിടെ സ്ത്രീപ്രസ്ഥാനം വളർന്നത്. മലബാറിലെ കർഷക പ്രസ്ഥാനത്തിലും സ്വാതന്ത്ര്യസമരത്തിന്റെ വിവിധ ഘട്ടങ്ങളിലും സ്ത്രീകൾ സജീവമായ ഇടപെട്ടു. സാമൂഹികവും രാഷ്ട്രീയവുമായ രംഗത്ത് തങ്ങളുടെ ഭാഗധേയം ഉറപ്പിക്കാൻ ഇതുമൂലം സ്ത്രീകൾക്കു സാധിച്ചു. പല പരിഷ്കരണ പ്രസ്ഥാനങ്ങളുടെയും ശ്രമഫലമായുണ്ടായ മാറ്റത്തിൽ കുടുംബത്തിലും സമൂഹത്തിലും സ്ത്രീയുടെ സ്ഥാനമെന്തായിരിക്കുമെന്ന് ചിന്തിച്ച് പ്രവർത്തിച്ച സ്ത്രീകൾ പലരുമുണ്ടായിരുന്നു. പാർവ്വതി നെന്മേനിമംഗലം, ശാരദാമ്മ, ഭാനുമതിയമ്മ. പാർവ്വതി അയ്യൻ, പാർവ്വതിയമ്മ, കാളിക്കുട്ടി ആശാട്ടി, ഗൗരിക്കുട്ടി തുടങ്ങിയവർ ശ്രദ്ധേയരാണ്. മാറു മറയ്ക്കൽ സമരം, കല്ലുമാലപ്രക്ഷോഭം, നമ്പൂതിരി സമുദായ പരിഷ്കരണശ്രമങ്ങൾ ഇവയിലെല്ലാം ഇവർ സജീവമായി ഇടപെട്ടു.


### സർഗ്ഗാത്മക പ്രതിരോധങ്ങൾ

സാമൂഹ്യ സാംസ്കാരികരംഗത്ത് നിരവധി മാറ്റങ്ങൾ സൃഷ്ടിച്ച നവോത്ഥാനകാലത്താണ് സ്ത്രീകളുടെ സർഗ്ഗാത്മകചിന്തകളും സാക്ഷാത്കാരം നേടുന്നത്. സ്വാതന്ത്ര്യസമരകാലഘട്ടത്തിൽ സജീവമായിരുന്ന എഴുത്തുകാരികളുടെ രചനകളിൽ ദേശസ്വാതന്ത്ര്യത്തേക്കാൾ സ്ത്രീസ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള അഭിലാഷങ്ങളും പ്രതിരോധവുമാണ് പ്രതിഫലിച്ചത്. നിലവിലുള്ള സാഹിത്യസാംസ്കാരിക മേഖല ആകെയും പുരുഷകേന്ദ്രിതവും അവന്റെ താല്പര്യങ്ങളെ സംരക്ഷിക്കാനുമുള്ളതാകയാൽ രചനയിൽ സ്ത്രീയുടെ സ്വത്വമെന്താണെന്ന് സമൂഹത്തെ ഉദ്ധരിക്കുവാൻ ഉചിതമായ വഴികൾ അവർ തേടി.

സമൂഹത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന പീഡാനുഭവങ്ങളുടെ തീവ്രത തിരിച്ചറിഞ്ഞ് പ്രതിരോധത്തിന്റെ ശക്തമായ മാധ്യമമായി എഴുത്തിനെ തിരിച്ചറിഞ്ഞ പല എഴുത്തുകാരികളുമുണ്ട്. ലളിതാംബിക അന്തർജനം കെ. സരസ്വതിയമ്മ, രാജലക്ഷ്മി, മാധവിക്കുട്ടി, പി. വത്സല, സാറാജോസഫ്, ഗ്രേസി, സാറാതോമസ് അങ്ങനെ ധാരാളം പേർ ഇപ്പോഴും എഴുത്തിന്റെ വഴിയിൽ തുടരുന്നു. മുഖ്യധാരാ എഴുത്തിൽ സ്ത്രീയുടെ സ്ഥാനം നിഷേധിക്കുവാൻ കഴിയാത്തവിധം വളർത്തിയെടുക്കാൻ അവർക്കു സാധിച്ചു. സാഹിത്യരംഗത്തെ ആണധികാരത്തെ മാത്രമല്ല, സ്വാഭാവികമായും സമൂഹത്തിലും സ്വതന്ത്രസ്ത്രീ സ്വത്വാവിഷ്കാരങ്ങൾക്കെതിരെ നിലനിൽക്കുന്ന പ്രബലമായ മൂല്യബോധങ്ങളോടു മുഴുവൻ ഒരേ സമയം ചെറുത്തു നിൽക്കുകയും സാഹസികമായി അതിജീവിക്കുകയും ചെയ്തുകൊണ്ടുള്ള പ്രവർത്തനങ്ങളും സംഭാവനയുമാണ് ഈ എഴുത്തുകാരികൾ കേരളത്തിലെ സ്ത്രീമുന്നേറ്റചരിത്രത്തിന് നൽകിയത്.[2] മാന്യതയും പരിഷ്കാരവും ആവശ്യപ്പെടുന്ന പൊതുനിയമങ്ങൾ പെരുമാറ്റരീതികൾ, ആചാരാനുഷ്ഠാനങ്ങൾ, എന്നിവ സ്ത്രീശരീരത്തെയും മനസ്സിനേയും സംഘർഷാത്മകമാക്കുന്നു. ആ സംഘർഷത്തിൽ നിന്നുള്ള മോചനം ഭാഷയ്ക്കുള്ളിൽ ഒളിപ്പിച്ച കാഴ്ചാടുകളിലൂടെ എഴുത്തുകാരികൾ പ്രകടമാക്കുന്നു. സ്ത്രീയെന്ന് സമൂഹം വിശേഷിപ്പിക്കുന്ന പ്രതിഭാസം ഭാഷാവ്യവഹാരങ്ങളുടെയും അവയെ നിയന്ത്രിക്കുന്ന പുരുഷദൃഷ്ടിയുടെയും നിർമ്മിതിയാണെന്ന് അവർ സാക്ഷ്യപ്പെടുത്തുന്നു.

**കഥയും പ്രതിരോധവും**

1930കളോടെ കഥാരചനാരംഗത്തു സജീവമായ ലളിതാംബിക അന്തർജനം താനുൾപ്പെടെയുള്ള അന്തർജനങ്ങളുടെ തീവ്രാനുഭവങ്ങളും ബ്രാഹ്മണ്യത്തിന്റെ പുരുഷാധികാര പ്രവണതകളുമാണ് തുറന്നു കാട്ടിയത്. ആത്മകഥയിലൊരിടത്ത് പൊതുസദസ്സിൽ വെച്ചുള്ള തന്റെ പ്രതികരണം




എടുത്തുകാട്ടുന്നുണ്ട്. ചിരപുരാതനകാലം മുതൽ തന്നെ സ്ത്രീയെ 'അബല' എന്നും 'ചപല' എന്നും ഒക്കെയാണല്ലോ കവികൾ വാൽസല്യപൂർവ്വം വിളിക്കാറുള്ളത്. ഇതു കേട്ട ഞങ്ങൾ അങ്ങനെയാണെന്നും അവർ ധരിച്ചുവശായി കണ്ണുകൾ കരിംകൂവളം, കവിൾ റോസാപ്പൂ, നെറ്റി ചന്ദ്രക്കല, അധരം തൊണ്ടിപ്പഴം തന്നെ, ചുവന്ന തൊണ്ടിപ്പഴം,  പക്ഷേ ഇവയ്ക്കിടയിൽ മാറിനകത്തു തുടിക്കുന്ന ഹൃദയവും അതിലുള്ള ചൂടും ചൈതന്യവും കണ്ണീരും നെടുവീർപ്പും ഒന്നും ആരും കണ്ടില്ല. സ്ത്രീ എന്നും സാഹിത്യധാരണയിൽ ഭോഗത്തിനുള്ള ഉപകരണം മാത്രമായിരുന്നു."3. സാഹിത്യലോകത്തുള്ള പുരുഷാധിപത്യപ്രവണതയെയാണ് ഈ വാക്കുകളിലൂടെ അവർ ചോദ്യം ചെയ്തത്. വായനയിലൂടെയും ചിന്തയിലൂടെയും സ്വസമുദായത്തിലെ സ്ത്രീകളുടെ അവസ്ഥ ലളിതാംബിക അന്തർജനത്തിന്റെ ഹൃദയത്തെ നൊമ്പരപ്പെടുത്തി. സാമുദായിക ജീവിതത്തിന്റെ ഇടുങ്ങിയതും ജീർണ്ണിച്ചതുമായ വിശ്വാസങ്ങളെ മാറ്റി പണിയാനുള്ള ഉപാധിയായിട്ടാണ് സാഹിത്യസൃഷ്ടികൾ അവർ നടത്തിയത്.

ബുദ്ധിയും സ്വന്തമായ നിലപാടുകളുമുള്ള, പുരുഷനോടൊപ്പം പ്രവർത്തിക്കുവാൻ ശക്തിയുമുള്ള സ്ത്രീകഥാപാത്രങ്ങളെയാണ് കെ. സരസ്വതിയമ്മ തന്റെ കഥകളിലൂടെ അവതരിപ്പിച്ചത്. മൃദുലവികാരങ്ങളോ സ്ത്രൈണതയുടെ മാതൃകകളോ ആകാതെ ആണധികാരത്തെ ചോദ്യം ചെയ്യുന്ന ഇത്തരം കഥാപാത്രങ്ങൾ വ്യക്തമായ സ്ത്രീപക്ഷ ചിന്തയിലൂടെ പരമ്പരാഗത സ്ത്രീ സങ്കല്പങ്ങളെ മാറ്റി മറിച്ചു. സ്ത്രീപുരുഷബന്ധത്തിൽ പോലും വൈകാരികതയേക്കാൾ യുക്തിപരതയ്ക്കു പ്രാധാന്യം കൊടുത്തു. ഏറെ ആക്ഷേപിക്കപ്പെട്ടപ്പോഴും സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടി ശക്തമായി അവർ നിലകൊണ്ടു.

'എഴുതാതിരിക്കാൻ വയ്യ ജീവിച്ചിരിക്കുകയാണെങ്കിൽ ഇനിയും എഴുതിപ്പോകും. എഴുതുമ്പോൾ മറ്റു ചിലർക്കുകൂടി സുപരിചിതമായ സംഭവങ്ങളുമായും കണ്ടും കേട്ടുമുള്ള ജീവിതങ്ങളുമായും സാമ്യം വന്നേക്കും'4 എന്ന വരികളിലൂടെ എഴുത്തുകാരിയെന്ന നിലയിൽ തനിക്ക് നേരിടേണ്ടി വന്ന സംഘർഷങ്ങളും എതിർപ്പുകളും വെളിപ്പെടുത്തിയ രാജലക്ഷ്മി അവ നേരിടാനാവാതെ ജീവിതമവസാനിപ്പിക്കുകയാണ് ചെയ്തത്. സ്ത്രീയുടെ അസംതൃപ്തമായ ജീവിതത്തെക്കുറിച്ച് അവർ തുറന്നെഴുതി. സമൂഹത്തിന്റെ സദാചാരബോധത്തെ വെല്ലുവിളിച്ചുകൊണ്ട് ലൈംഗികതയെക്കുറിച്ചും സ്ത്രൈണതയെക്കുറിച്ചുമുള്ള തന്റെ നിലപാടുകൾ അവർ അറിയിച്ചു.

മലയാള സമൂഹത്തിന് ഒരിക്കലും അംഗീകരിക്കുവാൻ പറ്റാത്തതരത്തിലുള്ള സ്വതന്ത്രലോകത്തിലൂടെ സ്ത്രീസ്വത്വത്തെ ആവിഷ്കരിക്കുവാൻ ശ്രമിച്ച എഴുത്തുകാരിയാണ് മാധവിക്കുട്ടി. ഊട്ടിയുറപ്പിച്ച പരമ്പരാഗതമൂല്യങ്ങളും സ്ത്രീയുടെ വൈകാരിക മാനസികഭാവങ്ങളും തമ്മിലുള്ള വൈരുധ്യം മാധവിക്കുട്ടിയുടെ രചനകളിൽ പ്രകടമാണ്. 'സദാചാരമെന്നു നമ്മുടെയിടയിൽ വ്യവഹരിക്കപ്പെടുന്നതിനെ അവഗണിക്കാനും ആദരിക്കാനും ഞാൻ തീരുമാനിച്ചതിനൊരു കാരണമുണ്ട്. അതിന്റെ അസ്ഥിവാരം ചീഞ്ഞളിഞ്ഞു പോകുന്ന ശരീരമാണ്. യഥാർത്ഥ സദാചാരത്തിനാധാരം

മനുഷ്യമനസ്സാവണം.

സമുദായത്തെയും അതിന്റെ സദാചാരത്തെയും ഞാൻ വികൃതരൂപികളായിക്കാണുന്നു. സമുദായമെന്ന കള്ളമുത്തശ്ശി ഉണ്ടാക്കിനിർത്തിയ കശാപ്പുശാലയാണ് സദാചാരം.'5 സ്ത്രീയുടെ പ്രണയവും രതിയും സ്നേഹഭംഗവും അസ്വാതന്ത്ര്യവും, വേദനയുമെല്ലാം രചനകളിലൂടെ അവതരിപ്പിച്ചുകൊണ്ട് വ്യത്യസ്തമായ സ്ത്രീമാതൃകകളെ അവർ സൃഷ്ടിച്ചു.

മലയാളത്തിൽ സ്ത്രീവാദപരമായ സമീപനങ്ങൾക്ക് രാഷ്ട്രീയവും സർഗ്ഗാത്മകവുമായ മാനങ്ങൾ നൽകിയ എഴുത്തുകാരിയാണ് സാറാ ജോസഫ്, ഭാഷയിലും കുടുംബത്തിലും സമൂഹത്തിലും തുടരുന്ന ലിംഗാധിപത്യ പ്രവണതയെ ഫെമിനിസ്റ്റ് രാഷ്ട്രീയത്തിന്റെയും സൗന്ദര്യശാസ്ത്രത്തിന്റെയും അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കാനാണ് അവർ ശ്രമിച്ചത്. 'പാപത്തറ' എന്ന കഥാസമാഹാരത്തിന് അവതാരികയെഴുതിയ സച്ചിദാനന്ദൻ യൂറോപ്യൻ സാഹിത്യത്തിൽ പരിചിതമായ സ്ത്രീപക്ഷ രചനാരീതിയുടെ സാമ്യം കൊണ്ട് പെണ്ണെഴുത്ത് എന്നതിനെ വിശേഷിപ്പിച്ചു. സ്ത്രീപക്ഷ സാഹിത്യത്തെക്കുറിച്ചുള്ള ചർച്ച പൊതുസമൂഹത്തിലും സാഹിത്യത്തിലും അതോടെ സജീവമായി.

ലോകത്താകമാനം ഉണർന്നുവന്ന ഫെമിനിസ്റ്റ് കാഴ്ചപ്പാടുകളുടെ പശ്ചാത്തലത്തിൽ സ്വതന്ത്രവും ധൈര്യപൂർവ്വമായ ആശയാവിഷ്കാരത്തിലൂടെയും കാലാനുസൃതമായി അവതരിപ്പിക്കപ്പെട്ട പ്രമേയങ്ങളിലൂടെയും സ്ത്രീയുടെ യഥാർത്ഥ ശക്തിയും ചൈതന്യവുമെന്താണെന്നു കാണിച്ചുകൊടുക്കുവാൻ സജ്ജരായി പുതുതലമുറയിൽ ധാരാളം എഴുത്തുകാരികളുണ്ട്. അവരിൽ സ്ത്രീജീവിതത്തെ വളരെ ശക്തമായ ഭാഷയിൽ അടയാളപ്പെടുത്തിയ എഴുത്തുകാരിയാണ് കെ.ആർ. മീര. ധ്വന്യാത്മകവും ഭാവസുന്ദരവും നർമ്മപരവുമായ ആഖ്യാനതന്ത്രങ്ങളിലൂടെ സാഹിത്യത്തിലും സമൂഹത്തിലും ഭാഷയിലും നിലനിൽക്കുന്ന പുരുഷാധിപത്യപ്രവണതകളെ സ്ത്രീയുടെ



**കെ. സരസ്വതിയമ്മ**

മാനസികപക്ഷത്തുനിന്ന് നോക്കിക്കാണുവാനാണ് കെ.ആർ. മീര ശ്രമിക്കുന്നത്. അസാമാന്യമായ കയ്യടക്കത്തോടെ സൂക്ഷ്മമായ സംവേദനം അത്തരം രചനകൾ സാധ്യമാക്കുന്നു. പ്രതിരോധത്തിന്റെ ജ്വാലയേക്കാൾ നീറി നീറി പുകഞ്ഞ് വായനക്കാരുടെ മനസ്സിനെ അവ എരിക്കുന്നു. മലയാളത്തിന്റെ പതിവു ഭാവുകത്വത്തിൽ നിന്നും വ്യത്യസ്തമായി നവീനമായ പ്രശ്നങ്ങളും പ്രതിരോധവും കെ.ആർ മീരയുടെ കഥകളിൽ തെളിയുന്നുണ്ട്.

### ഓർമ്മയുടെ ഞരമ്പ്

പുരുഷാധിപത്യ പ്രവണതകൾ എപ്രകാരം സ്ത്രീത്വത്തിന്റെ സ്വാതന്ത്ര്യത്തിന് പ്രതിബന്ധം സൃഷ്ടിക്കുന്നുവെന്ന് ഈ കഥയിൽ വെളിപ്പെടുത്തുന്നു. ഒരു വൃദ്ധയും അവരുടെ ചെറുമകന്റെ ഭാര്യയായ പെൺകുട്ടിയുമാണ് ഈ കഥയിലെ കഥാപാത്രങ്ങൾ. എഴുത്തുകാരിയായ വൃദ്ധ തന്റെ ജീവിതത്തിലെ മൂന്ന് കഥകളുടെ രചനയെക്കുറിച്ച് വെളിപ്പെടുത്തിക്കൊണ്ട് നടത്തുന്ന സംഭാഷണത്തിലൂടെ പുരുഷമേധാവിത്വത്തിന്റെയും സ്ത്രീത്വത്തിന്റെ ആത്മനൊമ്പരത്തിന്റെയും സമകാലിക മുഖമായി അവർ മാറുന്നു. 'സാക്ഷാൽ സരസ്വതി തന്നെ' എന്ന് ഒരു സമ്മേളനത്തിൽ വച്ച് വള്ളത്തോളിന്റെ അനുഗ്രഹം ഏറ്റുവാങ്ങാൻ ഭാഗ്യം ലഭിച്ച സ്ത്രീയുടെ സർഗ്ഗാത്മകതയിലൂടെയാണ് ഈ കഥ ഇതൾ വിരിയുന്നത്.

'സമ്മേളനത്തിനു കവിത വായിച്ച പെങ്കുട്ട്യേ ഇഷ്ടപ്പെട്ടൂന്ന് പറഞ്ഞതിന് ഇവിടെ വലിയ പുകിലായിരുന്നൂത്രേ... ശര്യല്ലേ? എന്തിനാപാട്ടും കഥേം? അമ്മ പറേണതുപോലെ, പെണ്ണായാൽ ചോറും കറീം വയ്ക്കണം, പെറണം'6 കാലമെത്രയായാലും എന്തെല്ലാം മാറ്റങ്ങളുണ്ടായാലും ഈ ഒരു കാഴ്ചപ്പാടിന് ഇന്നും വലിയ മാറ്റമൊന്നും വന്നിട്ടില്ല എന്ന യാഥാർത്ഥ്യം എഴുത്തുകാരി ഓർമ്മിക്കുന്നു. ഭർത്താവ് ജയിലിലായിരുന്ന സമയത്താണ് ആദ്യത്തെ കഥ എഴുതിയതെന്ന് വൃദ്ധ വെളിപ്പെടുത്തുന്നു. അത് സ്വാതന്ത്ര്യസമരത്തിനുവേണ്ടി ജയിലിൽ പോകുന്ന സ്ത്രീയെക്കുറിച്ചായിരുന്നു എന്ന പ്രസ്താവനയിലും കഥയിലും 'സ്വാതന്ത്ര്യം' എന്ന പദം സൃഷ്ടിക്കുന്ന അനുരണനങ്ങൾ ശ്രദ്ധേയമാണ്. 'സ്വാതന്ത്ര്യം' എന്ന വാക്ക് ഉച്ചരിച്ചപ്പോൾ അവരുടെ വെയ്പ്പുപല്ലുസെറ്റ് ദയനീയതയോടെ പുറത്തേയ്ക്ക് ഉന്തിവന്നു. ആദ്യം അത് വെറുപ്പോടെ കണ്ട പെൺകുട്ടിയും ആ പദത്തിന്റെ വ്യാപ്തി തിരിച്ചറിയുന്നു. 'സ്വാതന്ത്ര്യം എന്ന പദം വന്നപ്പോൾ പെൺകുട്ടി ചുണ്ടുകൾ പൂട്ടി രഹസ്യമായി സ്വന്തം പല്ലുകൾ നാവുകൊണ്ടു തടവി.

എങ്ങാനും ഇളകുന്നുണ്ടോ?'8 സ്വാതന്ത്ര്യം എന്നു പറയാൻപോലും അവകാശമില്ലാത്ത ഇന്നത്തെയും എന്നത്തെയും സ്ത്രീയുടെ പരിമിതിയാണ് ഇവിടെ ചൂണ്ടിക്കാട്ടുന്നത്. എല്ലാ സ്വാതന്ത്ര്യത്തോടും കൂടി ഭർത്താവ് ജീവിക്കുമ്പോൾ സഞ്ചാരസ്വാതന്ത്ര്യവും ആവിഷ്കാര സ്വാതന്ത്ര്യവും നഷ്ടപ്പെട്ട അവസ്ഥയിലേയ്ക്ക് ഏതൊരു സ്ത്രീയേയും പോലെ അവരും മാറുന്നു.

രണ്ടാം കഥ താനാഗ്രഹിച്ച ഡൽഹിയാത്രയ്ക്ക് ഭർത്താവും കുടുംബവും പോയപ്പോൾ എഴുതിയ താണ്. ആണുങ്ങളുടെ കള്ളപ്പേരിൽ കഥയെഴുതിയ ഒരു സാഹിത്യകാരിയെക്കുറിച്ചായിരുന്നു ആ കഥ. സമ്മാനം നേടിയപ്പോൾ ആ കഥയെഴുതിയത് താനാണെന്ന് ഭർത്താവ് പറയുന്നു. സ്ത്രീക്ക് എഴ

തണമെങ്കിൽ പുരുഷനായി വേഷം കെട്ടണമെന്ന അവസ്ഥയും പുരുഷന്റെ കാപട്യത്തെയും ഇവിടെ പരിഹസിക്കുന്നു. കെ. സരസ്വതിയമ്മയും മാധവിക്കുട്ടിയും തുടങ്ങി സ്ത്രീ എഴുത്തുകാരികളെല്ലാം നേരിട്ടിന്ന പല പ്രതിസന്ധികളും ഇവിടെ പ്രശ്നവത്കരിക്കുന്നുണ്ട്.

ദുർഗ്രഹമായ മൂന്നാം കഥയിലൂടെ മരിക്കാൻ ശ്രമിച്ച് ഞരമ്പുതെറ്റി ഓർമ്മ നഷ്ടപ്പെട്ടവളാണ് താനെന്നുള്ള യാഥാർഥ്യം നീലഞരമ്പു ചൂണ്ടിക്കാട്ടി ധ്വന്യാത്മകമായി വെളിപ്പെടുത്തുന്നു. അവഗണനയുടേയും നൈരാശ്യത്തിന്റെയും, മരണരതിയുടെയും ഈ നീലഞരമ്പ് പാരമ്പര്യമായി എല്ലാ സ്ത്രീകളിലുമുണ്ട്, എന്ന യാഥാർഥ്യം കഴുത്തിൽ നീലഞരമ്പന്വേഷിക്കുന്ന പെൺകുട്ടിയിലൂടെ എഴുത്തുകാരി വെളിപ്പെടുത്തുന്നു. ഒരു എഴുത്തുകാരിയെന്ന നിലയിൽ തന്റെ സ്വത്വബോധവും സ്വപ്നങ്ങളുമാണ് ഈ കഥയിലെ വൃദ്ധ തന്റെ മൂന്ന് കഥകളിലൂടെയും സാധ്യമാക്കുന്നത്. ഒറ്റ നോട്ടത്തിൽ ഇക്കാലത്തു പ്രസക്തമല്ലാത്ത കഥയാണിതെന്ന് തോന്നുമെങ്കിലും സ്ത്രീസ്വാതന്ത്ര്യം സാധ്യമായി എന്നവകാശപ്പെട്ടപ്പോഴും ഒളിഞ്ഞും തെളിഞ്ഞും സമൂഹമനസ്സിൽ ഇന്നും പ്രകടമാകുന്ന സങ്കുചിതചിന്തകളോടുള്ള പ്രതിഷേധമായി ഈ കഥ മാറുന്നു.



**സർപ്പയജ്ഞം**


അസംതൃപ്തമായ ദാമ്പത്യജീവിതത്തിന്റെ പശ്ചാത്തലത്തിൽ ദുരൂഹമായ മനസ്സിന്റെ ഭ്രമാത്മമായ ചില അവസ്ഥകളെ ഈ കഥയിൽ അവതരിപ്പിക്കുന്നു. നഗരമധ്യത്തിൽ പണിതുയർത്തിയ വീട് സർപ്പസാന്നിധ്യമുള്ളതാണെന്ന തിരിച്ചറിവിലൂടെയാണ് കഥ ആരംഭിക്കുന്നത്. പളുങ്കുകണ്ണും മുറിഞ്ഞ നാവും ത്രികോണങ്ങൾ മിന്നുന്ന മെലിഞ്ഞ ഉടലുമൊക്കെ ആദ്യമൊക്കെ അവളിൽ ഭയം ജനിപ്പിച്ചിരുന്നു. ഭർത്താവുമായി വഴക്കുണ്ടാക്കുന്ന ദിവസങ്ങളിലും അസ്വസ്ഥമായ മനസ്സോടെ ഏകാന്തത അനുഭവിക്കുമ്പോഴും ആ സാന്നിദ്ധ്യം അവർ പ്രതീക്ഷിക്കുകയും അതിൽ ആനന്ദം കണ്ടെത്തുകയും ചെയ്യുന്നു. 'അവനെ കാണാത്തതുപോലെ അവർ തിരിഞ്ഞു കിടന്നു. പക്ഷേ, ഇടയ്ക്ക് എപ്പോഴോ നോക്കുമ്പോഴും എയർഹോളിൽ അവൻ ഇരിപ്പുണ്ടായിരുന്നു. നോട്ടം മാറാതെ, മുഖഭാവം മാറാതെ. അവൾക്ക് അല്പം നാണവും തോന്നാതിരുന്നില്ല. കാണാത്തതുപോലെ കണ്ണടച്ച് ഏറെനേരം കിടന്നത് അവൾക്ക് ഓർമ്മയുണ്ട്. നെഞ്ചു പടപടാമിടിച്ചിരുന്നു. പക്ഷെ അതു ഭയത്തിന്റെ മിടിപ്പായിരുന്നില്ല. രഹസ്യത്തിന്റെ മിടിപ്പായിരുന്നു.'[9] അവാച്യമായ ഒരനുഭൂതിയെന്നപോലെ ആ സാന്നിദ്ധ്യം അവൾക്ക് അനുഭവപ്പെടുകയാണ്. ഒരു ജാരനെപ്പോലെ അവളുടെ ശരീരവും മനസ്സും കീഴടക്കുകയാണ് ആ സർപ്പം.

മനുഷ്യമനസ്സിന്റെ, പ്രത്യേകിച്ച് സ്ത്രീമനസ്സിന്റെ ദുരൂഹമായ ചില മാനസികഭാവങ്ങളിലേക്ക് വിരൽ ചൂണ്ടുന്ന കഥയാണിത്. പുരുഷാധിപത്യ പ്രവണതകൾ സൃഷ്ടിക്കുന്ന അരക്ഷിതമായ സാഹചര്യത്തിൽ ഭ്രമാത്മകമായ അവസ്ഥയിലൂടെ കടന്നുപോകുന്ന സ്ത്രീയാണ് ഇതിലെ പ്രധാന കഥാപാത്രം. യുക്ത്യതീതമായ ഒരു ഘടനയാണ് ഈ കഥയിലുള്ളത്. ആദർശവൽക്കരിക്കപ്പെട്ട ദാമ്പത്യ ജീവിതത്തിന്റെ യാഥാർഥ്യത്തിൽ നീറിക്കഴിയുമ്പോൾ ആശ്വാസമായി അവൾ സങ്കൽപ്പിക്കുന്ന ജാരസാമിപ്യമാണ് സർപ്പം. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും കൊതിക്കുന്ന മനസ്സും ശരീരവുമാണ് അവൾക്കുള്ളത്. ആഗ്രഹപൂരണത്തിനുള്ള മനോവൃത്തിയാണ് സർപ്പമായി അവൾക്ക് അനുഭവപ്പെട്ടത്.

'വ്യക്തി സമൂഹത്തിന്റെ ഭാഗമാണ്.

അതിനുയോജിച്ച രീതിയിൽ പ്രവർത്തിക്കുമ്പോഴും അതിൽ നിന്നു വേറിട്ടു നിൽക്കുന്ന വൈകാരിക ബോധം ഓരോ വ്യക്തിയിലുമുണ്ട്. വൈകാരികഭാവങ്ങൾ എപ്പോഴും ആവിഷ്കാരത്തിനു കൊതിക്കുന്നതും സാമൂഹിക മൂല്യങ്ങൾക്കനുസരിച്ചു പ്രകടമാകാതെ പരാജയപ്പെടുന്നതുമാണ്. ആഗ്രഹപൂരണത്തിനുള്ള അബോധമനസ്സിന്റെ ചോദനകളാണ് സ്വപ്നങ്ങളായി മാറുന്നത്.'10 സദാചാരനിയമങ്ങളെ ഭയപ്പെടാതെ എല്ലാ വിധത്തിലുമുള്ള വിപരീതചിന്തകളും സ്വപ്നത്തിൽ പ്രകടമാകുന്നു എന്ന മനഃശാസ്ത്രതത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഈ കഥയും രചിക്കപ്പെട്ടിരിക്കുന്നത്.

യാന്ത്രികമായിപ്പോകുന്ന ദാമ്പത്യബന്ധത്തെക്കുറിച്ചുള്ള സൂചനകൾ കഥയിലുണ്ട്. നഗരജീവിതത്തിന്റെ ഭാഗമായ ആ യാന്ത്രികതയും സ്വാർത്ഥതനിറഞ്ഞ ഭർത്താവിന്റെ സ്വഭാവവുമെല്ലാം ഭ്രമാത്മകമായ അവസ്ഥയിലേയ്ക്ക് അവളെ നയിക്കുന്നു. എക്കാലത്തെയും




സ്ത്രീജീവിതത്തിന്റെ മുഖം തന്നെയാണിത്. പുരുഷാധിപത്യലോകത്തിൽ അച്ഛനെയും ഭർത്താവിനെയും അവൾ ഭയക്കുന്നു. ആ ഭയത്തിൽ നിന്നാണ് എല്ലാവരും ഭയക്കുന്ന ഒന്നിൽ അവൾ ആശ്വാസം കണ്ടെത്തിയതും. ഇഴയുന്ന സർപ്പം



ലൈംഗികതയുടെ പ്രതീകമാണ്. അസംതൃപ്തമായ ലൈംഗികകാമനകളിൽ സ്ത്രീയുടെ മനസ്സ് അനാവരണം ചെയ്യുകയാണ് കഥാകൃത്ത്. 'മനുഷ്യസ്വഭാവവൈരുധ്യങ്ങളുടെ ഏറ്റവും പ്രധാനകാരണം ലൈംഗികതയാണെന്നാണ് മനഃശാസ്ത്രസിദ്ധാന്തം. ശാരീരികമായ പ്രവർത്തനങ്ങളേക്കാൾ മാനസികമായ പ്രവണതകളാണ് അവയ്ക്കുള്ളത്'[11]. അങ്ങനെ അസംതൃപ്തമായ ജീവിതവും അസംതൃപ്തമായ ലൈംഗീകതൃഷ്ണതകളും സർപ്പമെന്ന ബിംബത്തിലൂടെ അവതരിപ്പിക്കുന്നു.

**മോഹമഞ്ഞ**

വിവാഹമോചിതയും രണ്ടുകുട്ടികളുടെ അമ്മയുമായ മഞ്ഞപ്പിത്തം ബാധിച്ച സ്ത്രീയും വിവാഹബന്ധിതനും രണ്ടു കുട്ടികളുടെ അച്ഛനുമായ വൈറൽ പനിബാധിച്ച പുരുഷനും തമ്മിലുള്ള യാദൃച്ഛികവും വൈകാരികവുമായ അപൂർവ്വബന്ധത്തിന്റെ കഥയാണ് മോഹമഞ്ഞ. കോട്ടയം മെഡിക്കൽ കോളേജിൽ സാംക്രമികരോഗ വാർഡിൽ ഡോക്ടറെ കാണാൻ കാത്തുനിൽക്കുമ്പോഴാണ് അവർ ആദ്യമായി പരസ്പരം കാണുന്നത്. പ്രണയബന്ധത്തിലെന്നപോലെ കണ്ണുകൾ കൊണ്ടും ചിരികൾ കൊണ്ടും അവർ പരസ്പരം അടുത്തു. ആ ബന്ധം ലോഡ്ജ്മുറിയിലെ ഇണചേരലിൽ വരെ എത്തുന്നു. വീട്ടിലെത്തി രോഗം ഭേദമായ അവൾ ഒരു പത്രക്കീറിലൂടെ മഞ്ഞപ്പിത്തം ബാധിച്ച് അയാൾ മരിച്ച വാർത്തയും ഫോട്ടോയും കാണുന്നിടത്ത് കഥ അവസാനിക്കുന്നു.

അസാമാന്യമായ കയ്യടക്കത്തോടെ ഭാവസുന്ദരമായ ഒരു കഥ മെനയുകയാണ് കെ.ആർ.മീര. സദാചാരവിരുദ്ധമെന്ന് സമൂഹം കൽപ്പിക്കുന്ന സങ്കൽപങ്ങളെ ഒട്ടും അരോചകമാകാതെ അവതരിപ്പിക്കുന്നതിന്റെ ആഖ്യാനതന്ത്രമാണ് വായനക്കാരെ ആകർഷിക്കുന്നത്. ഏതൊരു മനുഷ്യനിലും സ്വാഭാവികമായുള്ള സ്നേഹത്തിനുവേണ്ടിയുള്ള ദാഹം ഹൃദ്യമായ ഭാഷയിൽ ആവിഷ്കരിക്കുന്നു.

'പെട്ടെന്നൊരു ദിവസം പഴകിയ റൊട്ടിയിൽ പൂപ്പലിന്റെ രോമാഞ്ചം

പടരുന്നതും മഴക്കാലത്ത് കരിയിലകളിൽ കൂണുകളുടെ വെളുത്ത ലിംഗങ്ങളുയരുന്നതും കണക്കെ ഓരോ നേർത്ത അനുകൂലസന്ദർഭത്തിലും ആശകൾ മുളപൊട്ടുന്നു."[12] വിരസമായ ജീവിതത്തിൽ മനുഷ്യസഹജമായ കാമം ഉണരുന്നത് ഭാവസുന്ദരമായി അവതരിപ്പിക്കുന്നു. അനിയന്ത്രിതമായ കാമം എന്ന നിലയിലല്ല പരിശുദ്ധമായ സ്നേഹത്തിന്റെ സ്വാഭാവികപരിണാമമെന്ന നിലയിലാണ് സ്ത്രീപുരുഷ ബന്ധത്തെ എഴുത്തുകാരി അവതരിപ്പിക്കുന്നത് 'രണ്ട് പാവങ്ങൾ സ്നേഹിക്കാൻ വളരെക്കുറച്ച് സമയം മാത്രം ബാക്കിയുള്ളവർ സ്നേഹിക്കാൻ ലജ്ജിക്കുന്നവർ, അധൈര്യപ്പെടുന്നവർ എന്നാലോ സ്നേഹം വേണ്ടെന്നു വയ്ക്കുവാനും ധൈര്യമില്ലാത്തവർ"[13] സ്ത്രീപുരുഷ ശരീരത്തെ വെറും മജ്ജയും മാംസവുമായി മാത്രമായി കാണാതെ സ്നേഹത്തിന്റെ ഉദാത്തമായ കാഴ്ച്ചയായി അതു മാറുന്നു.

അസംതൃപ്തമായ ദാമ്പത്യബന്ധത്തിൽ നിന്നു വേർപെട്ടു ജീവിക്കുമ്പോഴും ജീവിതകാമനകൾ സാക്ഷാത്ക്കാരത്തിനായി കൊതിച്ചുകൊണ്ടിരിക്കും. 'വളരെക്കാലത്തിനുശേഷം ഒരു പുരുഷന്റെ കണ്ണുകൾ തന്നെത്തേടുന്നതു കാണുകയും തന്നെയാണു തേടുന്നതെന്ന് ബോധ്യപ്പെടുകയും ചെയ്യുമ്പോൾ മിക്കവാറും പെണ്ണുങ്ങൾക്ക് ഇങ്ങനെ ഹൃദയം നിറഞ്ഞുപോകും. അതാണല്ലോ പെണ്ണുങ്ങളുടെ ഒരു ഗുണം."[14] സ്ത്രീ എന്താണെന്ന് സമൂഹം കൽപ്പിക്കുന്ന മാതൃകകളിൽ നിന്ന് വ്യത്യസ്തമായി പുരുഷനിൽ നിന്ന് സ്നേഹവും ലാളനയും കൊതിക്കുകയും അതു ലഭിക്കുമ്പോൾ മഞ്ഞുപോലെ ഉരുകുകയും ചെയ്യുന്ന പെൺമനസ്സ് അതാണ് കെ.ആർ. മീര എന്ന എഴുത്തുകാരി ഈ കഥയിലൂടെ ആവിഷ്കരിക്കുന്നത്.

കെ.ആർ. മീര രചിച്ച ഈ മൂന്നുകഥകളും സ്ത്രീജീവിതത്തിന്റെയും പ്രതിരോധത്തിന്റെയും ഭാവസുന്ദരമായ ആവിഷ്കാരമാണ്. സമത്വം ആർജ്ജിക്കാനെന്ന വ്യാജേന സ്ത്രീക്ക് സമൂഹം നൽകുന്ന വിദ്യാഭ്യാസവും




തൊഴിലും സാമൂഹ്യപ്രവർത്തനവുമെല്ലാം കുടുംബം എന്ന സാമ്പ്രദായിക സങ്കൽപ്പത്തിനനുസരിച്ച് പാകപ്പെടുത്തി സ്വീകരിക്കുവാൻ സ്ത്രീ നിർബന്ധിതയാകുന്നു. ഈ മൂന്ന് കഥകളും സാമ്പ്രദായിക സ്ത്രീ സങ്കൽപ്പങ്ങളും സ്ത്രീയുടെ മാനസികവൈകാരിക യാഥാർഥ്യങ്ങളും തമ്മിലുള്ള വിടവ് വ്യക്തമാക്കുന്നതാണ്. പുരുഷൻ ഉൾപ്പെടുന്ന സമൂഹത്തിന്റെ യുക്തിക്കും ധാരണയ്ക്കും വിരുദ്ധമാണ് സ്ത്രീയുടെ സന്തോഷം എന്നും അത് സൂക്ഷ്മവും സങ്കീർണ്ണവുമാണെന്ന യാഥാർത്ഥ്യം എഴുത്തുകാരി വെളിപ്പെടുത്തുന്നു. വ്യവസ്ഥാപിത കുടുംബഘടനയ്ക്കുള്ളിൽ പൂർണ്ണമായും വെളിപ്പെടാത്ത ദുരൂഹമായ സ്ത്രീമനസ്സാണ് മൂന്ന് കഥകളിലുമുള്ളത്. വിരസവും അസുഖവുമായ ജീവിതം ഒരു രണ്ടാമിടത്തിനായി തിരയുന്ന സ്വാഭാവികത ഈ കഥകൾക്കുണ്ട്. 'ഓർമ്മയുടെ ഞരമ്പിൽ' അത് എഴുത്താണെങ്കിൽ 'സർപ്പയജ്ഞ'ത്തിൽ അത് ജാരസംസർഗ്ഗവും 'മോഹമഞ്ഞ' യിൽ അത് സ്നേഹിക്കുന്ന പുരുഷനുമായുള്ള ബന്ധവുമാകുന്നു. ഗാർഹിക വ്യവസ്ഥയിൽ നിശ്ചയിക്കപ്പെടുന്ന ഇണയുമൊത്തുള്ള ജീവിതത്തിന്റെ പിരിമുറുക്കത്തിൽ നിന്നുള്ള മോചനം സ്ത്രീ എങ്ങനെ സാധ്യമാക്കുന്നു എന്ന ചോദ്യത്തിനുള്ള ഉത്തരമായി ശാരീരികമായ എല്ലാ ചോദനകളുമുള്ള സ്ത്രീപക്ഷത്തു നിൽക്കുന്ന എഴുത്തുകാരിയായി കെ.ആർ. മീര നിലകൊള്ളുന്നു.

ജാതിപരവും ലിംഗപരവുമായ അധികാരവ്യവസ്ഥയിൽ നിന്നും സ്ത്രീ വിമോചനം നേടി സ്ത്രീശാക്തീകരണത്തിലേക്ക് കുതിക്കുന്ന ആധുനികകാലത്ത്, കുടുംബത്തിലും, തൊഴിലിടത്തിലും, വിദ്യാലയത്തിലും പൊതു ഇടങ്ങളിലും 'വിമോചനം' എന്ന പദത്തിന്റെ വ്യാപ്തി പൂർണ്ണമായും ഉൾക്കൊള്ളുവാൻ സ്ത്രീത്വത്തിനു കഴിയുന്നില്ല. സ്ത്രീ പുരുഷതുല്യത ഉറപ്പുവരുത്തുവാൻ സ്ത്രീവികസന പദ്ധതികളൊന്നും പര്യാപ്തമല്ല. ജീവശാസ്ത്രപരമായി സ്ത്രീയായതുകൊണ്ട് പുരുഷാധിപത്യലോകത്ത് അവൾ നേരിടുന്ന പ്രതിസന്ധികൾ തുടരുന്നു. സമൂഹത്തിന്റെ സ്ത്രൈണതാ സങ്കല്പങ്ങൾക്ക് വിരുദ്ധമായി ജീവിക്കുന്ന സ്ത്രീ ഇന്നും 'വഴിപിഴച്ചവൾ' ആണ്. യഥാർത്ഥ വഴിയോ ഫ്യൂഡൽ കാല അധികാര വ്യവസ്ഥയുടെ പ്രച്ഛന്നരൂപം മാത്രം. പുരുഷന്റെ ആസക്തികളെ പൗരുഷത്തിന്റെ പ്രതീകമായി കാണുകയും സ്ത്രീയുടെ ആസക്തികളെ ആഭാസമായി കാണുകയും ചെയ്യുന്ന കാഴ്ചപ്പാട് ഇന്നും നിലനിൽക്കുന്നു. മനുഷ്യനെന്ന നിലയിൽ സ്ത്രീഅനുഭവങ്ങളുടെ ആഴങ്ങളും വൈവിധ്യങ്ങളുമാണ് കെ.ആർ. മീര കാട്ടിത്തരുന്നത് ലൈംഗികതയുടെ വ്യത്യസ്തമായ മാനങ്ങൾ ആവിഷ്കരിക്കുന്നതിൽ കാണിക്കുന്ന ധീരത ആധുനിക സ്ത്രീപക്ഷ എഴുത്തിന്റെ സവിശേഷതയാണ്. സ്വാതന്ത്ര്യത്തിന്റെ പുതിയ ലോകങ്ങളും അനുഭവങ്ങളെയും ആഗ്രഹിക്കുന്ന സ്ത്രീമാതൃകകളാണ് അവർ സൃഷ്ടിച്ചത്. സ്ത്രീപക്ഷത്തുനിന്നുകൊണ്ട് ആദ്യകാല എഴുത്തുകാരികൾ തുടങ്ങിവെച്ച സർഗ്ഗാത്മകപ്രതിരോധത്തിന് വൈകാരികവും വൈചാരികവുമായ എല്ലാ തുടർച്ചയും നൽകിക്കൊണ്ട് സ്ത്രീസ്വാതന്ത്ര്യം അതിന്റെ പൂർണ്ണതയിലെത്തിനിൽക്കുന്നത് കെ.ആർ. മീരയുടെ കഥകളിൽ കാണാം.

ഡോ. രേഖ എം. മേനോൻ
എൻ.എസ്.എസ്. കോളേജ്, നിറമൺകര

# തുയിലുണർത്തുപാട്ട്

ഓരോ നാടിന്റെയും തനതായ ദേശീയ സംഗീത പാരമ്പര്യത്തിന്റെ അടിത്തറയാണ് നാടോടി സംഗീതം. ജനങ്ങളുടെ നൈസർഗ്ഗികമായ വികാര പ്രകടനങ്ങളാണ് അവയിലുള്ളത്. മനുഷ്യസംസ്കാരം രൂപപ്പെടുത്തുന്നതിൽ നാടോടിപ്പാട്ടുകൾ നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്. ഗ്രാമീണജീവിതവുമായി നാടോടിസംഗീതം അഭേദ്യമാം വിധം ഇഴുകിച്ചേർന്നുകിടക്കുന്നു. ഭയത്തിൽ നിന്ന് ഭക്തിയുണ്ടായെന്ന് കരുതപ്പെടുന്നു. പ്രാകൃത മനുഷ്യൻ പ്രകൃതി ശക്തികളെ ഭയപ്പെട്ടിരുന്നു.

ആരാധനാ കർമ്മങ്ങളെ മുഴുമിക്കാനും കൊഴുപ്പിക്കാനുമാണ് ഗാനം, വാദ്യം, നൃത്തം എന്നീ മൂന്ന് കലാരൂപങ്ങളും ആദ്യമായി ഉപയോഗിച്ചുതുടങ്ങിയത്. അങ്ങനെയാണ് ഒട്ടനവധി അനുഷ്ഠാനപരവും ആരാധനാപരവുമായ ഗാനങ്ങളുടെ ആവിർഭാവം.

കേരളത്തിലെ ആരാധനാപരമായ ഗാനങ്ങളിൽ മുഖ്യസ്ഥാനത്ത് നിൽക്കുന്ന ഒന്നാണ് പാണന്മാരുടെ തുയിലുണർത്തുപാട്ട്. വറുതിയുടെ മാസമായ കർക്കിടകമാസത്തെ "പഞ്ഞ മാസ'മായി കരുതിപ്പോന്നിരുന്നു. കേരളത്തിലെ പാണസമുദായത്തിൽപ്പെട്ടവർ കർക്കിടകമാസത്തിൽ "തുയിലുണർത്തുപാട്ട്' പാടാനിറങ്ങുന്നു. ജ്യോതിശ്ശാസ്ത്ര വിശാരദനും പണ്ഡിതനുമായിരുന്ന "വരരുചി' എന്ന ബ്രാഹ്മണന് ഒരു പറയ യുവതിയിൽ ഉണ്ടായ സന്തതിപരമ്പരയിൽപ്പെട്ടവരാണ് പാണന്മാർ എന്ന് വിശ്വസിക്കപ്പെടുന്നു. കർക്കിടകമാസത്തിൽ ഒന്നാം തീയതി മുതൽ പാണന്മാർ തുയിലുണർത്തുപാട്ട് പാടാൻ ഇറങ്ങുന്നു. ജേഷ്ഠാ(ചേട്ടാ) ഭഗവതിയെ പുറത്താക്കി ശ്രീഭഗവതി (ശീവോതി) യെ അകംകൊള്ളിക്കുന്ന ഈ സമയത്ത്, പാണന്റെ പാട്ട് പണ്ടൊക്കെ ഒഴിച്ചുകൂടാനാവാത്തതായിരുന്നു. കർക്കിടകത്തിൽ വീടുകളിൽ പാണൻ തുയിലുണർത്താൻ എത്തുന്നു. ഏഴര വെളുപ്പിനാണ് ഇവർ വീടുകളിൽ എത്തി തുയിലുണർത്തു പാട്ട് പാടുന്നത്.

"ഉടുക്ക്' കൊട്ടി പാണൻ തന്റെ വരവറിയിക്കുന്നു. ഉടുക്കിന്റെ ശബ്ദം കേൾക്കുന്ന വീട്ടുകാർ നിലവിളക്ക് കൊളുത്തി ഉമ്മറത്ത് വയ്ക്കുന്നു. തുടർന്ന് പാണനും, പാട്ടിയും തുയിലുണർത്ത് പാട്ട് പാടുന്നു.

പ്രതിഫലമായിക്കിട്ടുന്ന അരി, നെല്ല്, വസ്ത്രം , പണം മുതലായവ കൈപ്പറ്റി അവർ ഉപജീവനം നടത്തിപ്പോന്നു.

"ഉടുക്ക്' , "കൈമണി' എന്നിവയാണ് പാണന്മാർ പാട്ടിന് അകമ്പടിയായി ഉപയോഗിക്കുന്ന വാദ്യങ്ങൾ. 'കടുന്തുടി', "കയ്യലക്' എന്നിവയായിരുന്നു വളരെ പണ്ട് ഇവർ ഉപയോഗിച്ചിരുന്നത്.

മലങ്കുറത്തി, മലനായാടി എന്നിവരാണ് പാണന്മാരുടെ മുഖ്യ ആരാധനാപാത്രങ്ങൾ ശിവനും പാർവ്വതിയും തന്നെയാണ് മലങ്കുറത്തിയും മലനായാടിയും എന്നാണ് പാണന്മാർ വിശ്വസിക്കുന്ന പാണന് തുയിലുണർത്തുപാട്ട് പാടാൻ അവകാശം കിട്ടിയ കഥ ഇപ്രകാരമാണ്: മഹാവിഷ്ണുവിന് പണ്ടാരിക്കൽ പിണിപ്പാട് പറ്റി. നിദ്രയിലാണ്ട മഹാവിഷ്ണുവിനെ ഉണർത്താൻ ദേവൻമാരെല്ലാം ശ്രമിച്ചിട്ടും ഫലം കാണാഞ്ഞ്, ദേവി ഖിന്നയായി. ദേവിയുടെ അപേക്ഷ പ്രകാരം (ബഹ്മാവ് പ്രശ്നം വച്ച് നോക്കുന്നു. ചേരത്തുനാട്ടിലെ പാണനായ തിരുവരങ്കനെയും പാട്ടിയെയും കൊണ്ടുവന്നാലേ ഭഗവാനെ ഉണർത്താനാവൂ എന്ന് പ്ര

ശ്നത്തിൽ തെളിയുന്നു. തിരുവരങ്കനെ കൊണ്ടുവരാൻ ആര് പോകും എന്നതായി അടുത്ത പ്രശ്നം. അമ്പലത്തിലെ ശാന്തിക്കാരനോടു ചോദിച്ചപ്പോൾ താൻ പോയാൽ അമ്പലത്തിലെ ശാന്തി മുടങ്ങുമെന്നായി. ആനക്കാരനോടു ചോദിച്ചു: താൻ പോയാൽ ആനയെ ആര് മേയ്ക്കുമെന്ന് പറഞ്ഞു. ഒടുവിൽ ഒരു ആമയോട് ചോദിച്ചു. തന്നെ കണ്ടാൽ ആളുകൾ കൊല്ലുമെന്ന് ഭയക്കുന്നതായി ആമ പറഞ്ഞു. മുങ്ങുന്നിടത്ത് മുങ്ങാനും പൊങ്ങുന്നിടത്ത് പൊങ്ങാനും കൈകൾ രണ്ടും പങ്കായം പോലെ തുഴയായി ഉപയോഗിക്കാനും ആമയ്ക്ക് ബ്രഹ്മാവ് വരം കൊടുത്തു. അങ്ങനെ ആമ പോയി തിരുവരങ്കനെ കൂട്ടിക്കൊണ്ടുവന്നു.

പാണനും പാട്ടിയും ഭഗവാന്റെ അടുത്ത് ചെന്നപ്പോൾ കൊട്ടാൻ തുടിയില്ല എന്നോർത്തു. വരിക്കപ്ലാവിന്റെ മേൽത്തുണ്ടവും കീഴ്ത്തുണ്ടവും കളഞ്ഞ് നടുത്തുണ്ടം കൊണ്ട് വിശ്വകർമ്മാവ് പാണന് തുടി കടഞ്ഞുകൊടുത്തു. പാണനെ ഭഗവാന്റെ കാവൽക്കാരൻ അകത്തേക്ക് കയറ്റി വിട്ടില്ല. "നീയത്ര വലിയവനാണെങ്കിൽ ഇവിടെ നിന്നു തന്നെ ഭഗവാനെ ഉണർത്ത്' എന്ന് കാവൽക്കാരൻ പറഞ്ഞു. പാണൻ അവിടെ നിന്നു കൊണ്ടു തന്നെ തുടി കൊട്ടിപ്പാടി. ഭഗവാൻ നിദ്രയിൽ നിന്നുണർന്നു. സന്തുഷ്ടനായ മഹാവിഷ്ണു "നിനക്കെന്ത് വരമാണ് വേണ്ടത്" എന്ന് തിരുവരങ്കനോട് ആരാഞ്ഞു. തനിക്ക് ജീവിച്ചുപോകാനാവശ്യമായ ഒരു തൊഴിൽ തന്നനുഗ്രഹിക്കണമെന്ന് തിരുവരങ്കൻ പറഞ്ഞു.

ഭഗവാൻ തിരുവരങ്കന് ഒരു ആനയെ നൽകി. നിഷ്കളങ്കനായ തിരുവരങ്കൻ, ആനയെ തന്റെ മാടത്തിന്റെ കാലിൽ, പാട്ടിയുടെ താലിച്ചരട് കൊണ്ടാണ് കെട്ടിയത്. ആനയ്ക്ക് കുടിക്കാൻ ചിരട്ടയിൽ വെള്ളവും നൽകി. വിശന്നുവലഞ്ഞ ആന മാടക്കാല് വലിച്ചുകൊണ്ട് ഓടി. തിരുവരങ്കൻ ഭഗവാനോട് ചെന്ന് സങ്കടമുണർത്തിച്ചു. ഭഗവാൻ രണ്ടു കന്നുകളെ നൽകി. ഒന്നിന്റെ കഴുത്തിലും



മറ്റൊന്നിന്റെ മുതുകിലും നുകം വച്ച് പാണൻ കന്നുപൂട്ടി. ഒരെണ്ണം തെക്കോട്ടും, മറ്റേത് വടക്കോട്ടും പോയി. വീണ്ടും ഭഗവാനോട് സങ്കടമുണർത്തിച്ച പാണന് ഭഗവാൻ നെൽവിത്തുകൾ നൽകി. വിത്തെല്ലാം കൂടി ഒരു കുഴി കുഴിച്ച് അതിലിട്ടുമൂടി അതിൻമേൽ ചവിട്ടി മെതിച്ചു. നൽകിയ ജോലിയെല്ലാം പരാജയമായി ഭവിച്ച്, ഭഗവാനെ ആശ്രയം പ്രാപിച്ച പാണന്, അവസാനം ഭഗവാൻ വരം നൽകി. കള്ളക്കർക്കിടകമാസത്തിൽ മാലോകരെല്ലാം ഉറങ്ങിക്കഴിഞ്ഞ് അവരെ തുയിലുണർത്തുപാട്ട് പാടി ഉണർത്താനും, സമ്മാനമായി കിട്ടുന്ന അരി, നെല്ല്, വസ്ത്രം തുടങ്ങിയവ ഉപയോഗിച്ച് ജീവിക്കാനും വരം നൽകി. ഇങ്ങനെയാണ് പാണന്മാർ കർക്കിടകത്തിൽ തുയിലുണർത്തു പാട്ട് പാടാൻ തുടങ്ങിയത് എന്ന് വിശ്വസിക്കുന്നു.

ക്ഷേത്രകലകളും സംഗീതവുമായി ബന്ധപ്പെട്ട് ഉപജീവനം കഴിക്കുന്നവരാണ് ഇന്നും പാണന്മാർ. പാണസമുദായത്തിൽപ്പെട്ട പലരും നാഗസ്വരകലാകാരന്മാരാണ്. അതുകൊണ്ടുതന്നെ അവർക്ക് സംഗീതബോധവും കൂടുതലുണ്ട്. പാട്ടുകൾ പാടുമ്പോൾ പാണൻ "ഉടുക്ക്' വായിക്കുന്നു. "കൈമണി' വായിക്കുന്നത് പാട്ടിയാണ്. പാട്ടിന്റെ തുടക്കത്തിൽ താളത്തിന്റെ അകമ്പടിയോടെ ചെറിയൊരു രാഗവിസ്താരം നടത്തുന്നു. ഇത് പാണൻപാട്ടിന്റെ സവിശേഷതയാണ്.

സോപാന സംഗീതപദ്ധതിയിലും തുടക്കത്തിൽ താളവാദ്യഅകമ്പടിയോടെ രാഗവിസ്താരം നടത്തുന്ന പതിവുണ്ട്. ഹിന്ദുസ്ഥാനി സംഗീതസമ്പ്രദായത്തിലും കർണ്ണാടക സംഗീതശൈലിയിലെ നാദസ്വര വായനയിലും ഇത്തരത്തിൽ, താളത്തിന്റെ അകമ്പടിയോടെയുള്ള രാഗവിസ്താരം ഉണ്ട്.

ഭാരതത്തിലുടനീളം വ്യാപിച്ചുകിടക്കുന്ന ഒരേ സംഗീതസമ്പ്രദായത്തിന്റെ ദേശീയാടിസ്ഥാനത്തിലുള്ള വിവിധ വേർതിരിവുകളുടെ ഉദാഹരണമാണിത്. പാണരുടെ അഭിപ്രായത്തിൽ മലമരാഗത്തിലും മുത്താളത്തിലും ചിട്ടപ്പെടുത്തിയ പാട്ടുകളാണ് അവർ പാടി വരുന്നത്.

പാണപ്പാട്ടുകളിൽ കുറെയൊക്കെ നാമാവശേഷമായിരിക്കുന്നു. പുതിയ തലമുറയിൽപ്പെട്ടവർക്ക് ഈ കലയോട് ആഭിമുഖ്യം കുറവാണ്. പാണന്മാർ പലരും ഇന്ന് മറ്റ് ഉപജീവന മാർഗ്ഗങ്ങൾ തേടാൻ നിർബന്ധിതരായിരിക്കുകയാണ്. അപൂർവ്വം ചില പാണന്മാർ മാത്രമാണ് ഇന്നും തുയിലുണർത്തുപാട്ട് പാടുന്നത്. ശരിയായ വിധത്തിൽ സംരക്ഷിച്ചില്ലെങ്കിൽ ഈ കല അന്യം നിന്നുപോകുമെന്ന് ഭയക്കേണ്ടിയിരിക്കുന്നു.

**Dr. Jyothi G.**
M.S.M. College, Kayamkulam

# Women who delegate the discarded thousands

It is very interesting to search for a woman name in the school text books which we have studied, at the context of knowledge development. We can remember some female names in literature and poetry. The rest of the world of knowledge is devoid of women!! We cannot find a woman in a situation like Archimedes discovered buoyance. The social status and job positions of women in the social structure of any ancient developing periods of mankind did not cater to derive women contributions. The emergence of women in the field of knowledge was happened by overcoming the discrimination posed by the inhabiting society.

The history of science is also the history of utmost misogyny and disguised genius. Nobel Prizes in physics, chemistry, medicine or physiology, literature and peace from the year 1901and the Sveriges Riksbank prize in economic sciences in memory of Alfred Nobel, from 1968 have been awarded to 975 people and organizations up to 2021. The prizes are presented to the persons who have endowed greatest to the benefit of mankind. Among these, 59 awards (six percentage) alone were presented for women. Out of these, 12 came in the first half century, 18 in the second half and 29 in the last 21 years. When coming into the scenario of scientific research where a combined effort necessitates the success, women have been mournfully unrepresented. Herein, the delegacy is less than three percent alone; 4 out of 219 Nobel Prizes in physics, 7 out of 188 in chemistry and 12 out of 224 in physiology or medicine for women. Widening the gender gap, no women scientists have been awarded Nobel Prize for this year. This highlights the existing gender disparities in the highest levels of scientific research, even though there are increasing numbers of women exceling the field, recently.

The glimpses of research and life of women Nobel laureates in the least represented field, physics, is worth discussing in commemorating the great scientific attitude and determination they exhibited




Marie Curie

for the progress of humanity. We have Marie SalomeaSklodowska Curie, Maria Goeppert Mayer, Donna Strickland and Andrea Ghez in selection.

Marie Salome a Sklodowska Curie (1867-1934), known as mother of modern physics, was born in Poland and then naturalized as French. She was the eminent physicist and chemist who had given pioneering contributions in radioactivity. Marie Curie had lots of rareness in her credit such as the only person to receive Nobel Prize in two fields, physics and chemistry, the first women who won the Nobel and the only women to win the Nobel twice. She shared the Nobel Prize in physics with her husband Pierre Curie and with Henri Becquerel for the development of theory of radioactivity in1903. This made them first married couple to win the Nobel. Later Irene Joliot-Curie, elder daughter of the Curies jointly with her husband Frederic Joliot received Nobel Prize in Chemistry in 1935 for their discovery of artificial radioactivity, adding the legacy of five Nobel Prizes to Curie family. She was the first female professor at the University of Paris. Poland declared 2011 as Marie Curie year on the centenary of winning of her second Nobel Prize and the United Nations, the international year of chemistry in honourof the contributions of chemistry to mankind.

After basic education in Poland, Marie Curie went to Paris, for higher degrees and obtained Licentiateships in Mathematical Sciences and Physics. She married a French physicist, Pierre Curie in 1895. Following the discovery of radioactivity in 1896 by Henri Becquerel, Marie Curie concentrated in Uranium isotopes and taken it as topic of her thesis. They had poor facilities for research, andthey undertook teaching to earn for livelihood. She became head of the Physics Laboratory at the University of Sorbonne after Pierre Curie. During 1898 Pierre joined Marie Curie to investigate the isolation of radioactive isotopes. They published 32 scientific papers in radioactivity separately or jointly between 1898 and 1902. Curie became first female faculty member at the Ecole Normale Superieure. Being a woman, she was prohibited from speaking, when Pierre and Marie Curie were invited to the Royal Institution in London. Following the discovery, industries were developed based on radium. But the Curies were not intended to get benefitted and therefore they did not patent their discovery. In 1906, after the tragic death of Pierre Curie, she took his job as Professor of General Physics, the first woman who held the position. She invented the techniques for isolating radioactive isotopes and using them she discovered the elements polonium, named after her native country, Poland, and radium. Marie Curie won the Nobel Prize in Chemistry for this discovery in 1911.

Later she became Director of the Curie Laboratory in the Radium Institute of the University of Paris which was established in the year 1914. Radioactive isotopes had been used for the treatment of abnormal growth of tissues as per her directions. She founded Curie Institute in Paris in 1920 and Curie Institute in Warsaw, her birth place, in 1932 for medical research. She developed mobile X-ray radiography units during World War I for hospitals. Because


Maria Goeppert Mayer

of the exposure to radiation during this radiological works and in the time of research activities, she died of aplastic anemia, at the age of 66 in 1934. As a tribute, remains of Pierre and Marie Curie had been entombed in Pantheon at Paris in 1995. Thus Marie Curie became first women who could rest for eternity by her own merits alongside most eminent personalities of France. By this act, France recognized Pierre and Marie Curie, affirmed a faith in research and science, and gave respect to dedication of their lives and energies to science.

Maria Goeppert Mayer (1906-1972) was a theoretical physicist who shared the Nobel Prize in Physics half jointly with J. Hans D. Jensen in the year 1963 for developing mathematical model for the shell structure of atomic nucleus, in 1949. Goeppert Mayer and Hans Jensen tried to find the reason for stability of nucleus independently and then together they wrote book on shell model. She was the second woman to win Physics Nobel. The unit for two photon absorption is named after Goeppert Mayer as GM unit. American Physical Society, from the year 1986, presents Maria Goeppert Mayer award in recognition of women physicists who have great achievements in early years of their career.

Born at Kattowice, then a German territory, she was the seventh straight generation of University Professors from the side of her father. In 1910 after qualifying an entrance exam, she managed to join University, when it was difficult and uncommon for a woman to get admitted for higher studies. She received Ph.D from the University of Gottingen where her father was a professor in Paediatrics. Goeppert Mayer and her husband, Joseph Edward Mayer who was appointed as associate professor of Chemistry at Johns Hopkins University moved to US. Due to the strict rules prevailed against nepotism,Goeppert Mayer was not permitted to join as faculty in the University. Therefore she worked as volunteer associate there, without position, office and proper payment, and came up with the famous theory, the double beta decay in 1935. Even after crumbling of the nepotism laws, academic wives were largely exploited by all sectors in that time, all over the country. Maria and Joseph moved to Columbia University in 1939 and there also Goeppert Mayer worked as unpaid just because of fond of Physics. She became expert in explaining complex molecular spectra in 1940s. During World War II, she was invited to join the Manhattan project, the research and development group formed for the production of nuclear weapons. In the project, Goeppert Mayer assisted to separate Uranium isotopes, the nuclear fuel by working with Harold Urey. Then she worked at University of Chicago as professor, unsalaried and at the Argonne National Laboratory as a paid theorist. During this time, she worked with famous nuclear

scientists and developed the theory of shell model for which she received the Nobel. The Mayers moved to the University of California in 1959 and Goeppert-Mayer was a professor of physics there till her death in 1972. Her fascination towards science encouraged to overcome the huddles before her and is evident in her words, “Winning the prize wasn’t half as exciting as doing the work itself”.

Donna Strickland received physics Nobel in the year 2018 as the third women in the history of Nobel prizes. She shared the prize half jointly with her Ph.D. supervisor, Gerard Mourou for the invention of novel method of generating most intense, shortest light pulses, realized when she was doctoral fellow in the year 1985 at University of Rochester, USA. The invention made incredibly fast processes visible in new light and opened the possibility of exploring new area of research and multitude of medical and industrial applications.

Donna Strickland, born in 1959, is a Canadian optical physicist. Being a pioneer in the technology pulsed lasers, she practically implemented the chirped pulse amplification, a technique to amplify ultra - short optical pulses, resulting in the creation of smaller high power ‘table-top terawatt lasers’. Revolutionary changes had been occurred in surgery, medicine, studies of fundamental science and in other industrial applications such as micromachining and data storage as a result of the invention of high intense ultra- sharp laser beams characterized by the ability to make precise cuts. More effective solar cells, faster electronics, more powerful accelerators,



Donna Strickland

better catalysts and new sources of energy are ready to grow using this technology.

Being a graduate in engineering physics, after completing Ph.D she worked asresearch associate and technical staff in different research labs.She joined as assistant professor of physics at the University of Waterloo in 1997. When Nobel Prize was received, she was not full professor only because she was not applied for professorship. Strickland is currently full time professor at the University of Waterloo, occupying the honour of the first female in that position. Her current studies aim at the generation of ultrafast lasers for micromachining human eye lens to cure presbyopia. She has been fellow, vice president, and president of The Optical Society, and currently serves as chair of its Presidential Advisory Committee. In 2018, she was listed as one of BBC's 100 Women. Strickland has received Companion of the Order of Canada, the highest civilian honour of Canada.

Andrea Ghez,born in 1965, is an American astrophysicist. He shared half of the Nobel Prize in physics in 2020 for her invention of existence of a super massive compact object, a black hole, at the centre of Milky Way galaxy, through the refined techniques which was developed to study movement of stars by her and her research team. After carrying outPh.D in Astrophysics from California Institute of Technology,

she studied the motion of stars at the center of our galaxy known as ‘Sagittarius A* (SgrA*)’, with the help of adaptive optics (AO) system in the twin telescopes of W.M. Keck observatory. For a quarter of century, she was in search of finding the evidences for stars orbiting black hole at ‘SgrA*’, in thought of probability of presence of black hole at the center of every massive galaxy, from the predictions Albert Einstein.Finally she won in the experiment that nobody supposed would work. She credits the success to the tie up between the astronomers and the engineers who responded to the challenges to modify the telescopes with the AO technology. The ground breaking results of astronomical observations have made AO to emerge as powerful tool, as it today. This exemplifies the fact that the meaningful collaboration between mathematics and physics, science produces new technology and the developed new technology brings about new scientific facts. Being a passionate protagonist of “we can do more”, she has inspired scientists worldwide.

Ghez serves as Professor in the Department of Physics and Astronomy at the University of California, member of National Academy of Sciences and fellow of American Physical Society. She appeared in documentaries broadcasted by BBC, Discovery channel, History channel and PBS as part of disseminating scientific inventions. ‘The My Hero Project’ identified Ghez as science hero in 2000. She has received many awards and fellowships in astronomy as an honour to her contributions. She has authored a popular science book named ‘You Can be a Woman Astronomer’.


Andrea Ghez

Madame Curie, Goeppert Mayerand Strickland Ghez are the only women who have been succeeded to win in the history of physics Nobel by contending unconquerable challenges like extreme sexism and physical violence. The brilliance and efforts of thousands have been concealed and taken over.The disregard of Lise Meitner (1878–1968) who participated equally with Otto Hahn in developing nuclear technology, for the award of 1944 Nobel and the omission of Chien-Shiung Wu (1912–1997) who made equivalent contribution with ChenNing Yang and Tsung-Dao Lee to derive parity laws of elementary particles,from theaward of 1957 Nobel are few illustrations alone. In the higher tiers of scientific investigations, women have to encounter the barriers and stigma of the society, in this twenty first century also.

References
https://www.nobelprize.org/
Nobel Lectures, Physics 1901-1921, Elsevier Publishing Company, Amsterdam, 1967
Nobel Lectures, Physics 1963-1970, Elsevier Publishing Company, Amsterdam, 1972
Why Are There Still So Few Women In Science? By Eileen Pollack,New York Times, Oct03,2013

**ഡോ. വന്ദന ബി.**
എൻ.എസ്.എസ്. വനിതാ കോളേജ്, നീറമൺകര

# പാരഡിയുടെ നിത്യവിസ്മയം

ഹാസ്യാനുകരണ കവിത ഒരു വിസ്മയാനുഭവമാണ്. ഹാസ സാഹിത്യം സമ്പന്നവും ശക്തവുമാണെങ്കിലും മലയാളത്തിൽ വിശദപഠനങ്ങൾ വിരളമാണ്. ഇവിടെയാണ് ഡോ .നിത്യ. പി. വിശ്വം എഴുതിയ "പാരഡി മലയാള കവിതയിൽ' എന്ന പുസ്തകത്തിന്റെ പ്രസക്തി. ഛായാശ്ലോകങ്ങൾ മുതൽ ആധുനികതയ്ക്കപ്പുറമുള്ള പാരഡിയെക്കുറിച്ച്, അത്തരം കവിതകളെക്കുറിച്ച് ആഴത്തിൽ അറിയാനും അറിഞ്ഞതിനെകുറിക്കാനും ശ്രമിച്ചിരിക്കുന്നു. ഗ്രന്ഥകാരിയുടെ തന്നെ വാക്കുകളിൽ, സാഹിത്യരംഗത്ത് പാർശ്വവത്കൃതങ്ങളായ പാരഡി കൃതികളെ മുഖ്യധാരയോട് ചേർത്തു നിർത്തുവാനുള്ള ശ്രമമാണിത്. ചിരിക്കാനും ചിന്തിക്കാനും എന്നും ഉത്സുകരായിരുന്ന മലയാളികൾ. നമ്മുടെ നാടൻ പാട്ടുകൾ മുതൽ നാടോടി പാരമ്പര്യത്തിലും അനുഷ്ഠാന കലാരൂപങ്ങളിലും വരെ ചിരിയുടെ ചിലമ്പൊലികൾ പകർന്നു വച്ചിട്ടുണ്ട്. കഥകളുടെയും പഴമകളുടെ യും സ്ഥിതിമറ്റൊന്നല്ലതന്നെ. സാഹിത്യത്തിലേക്കെത്തുമ്പോൾ ചിരിയോടൊപ്പം ചിന്തയും സമഞ്ജസമായി സമ്മേളിക്കുന്നു. "കടുപടെകട്ട കഠിനസംസ്കൃതവികട കടുകവികേറുമ്പോഴും ഹാസ്യം ഒരു തിരുത്തൽ ശക്തിയായി മാറുന്നത് നാം കാണുന്നു. ഇങ്ങനെ പല മേഖലകളിലായി വിപുലമായ ഹാസ്യസാഹിത്യ ശാഖയിൽ നിന്നും ഹാസ്യാനുകരണ കവിതയെ മാത്രം ഇഴകീറി പരിശോധിക്കുകയാണ് ഈ ഗ്രന്ഥത്തിൽ ചെയ്തിരിക്കുന്നത്.

"മലയാളിയുടെ ചിരി വഴക്കം' മുതൽ തുടങ്ങുന്ന ഗ്രന്ഥം കേരളീയ ജനത സൂക്ഷിച്ചിരിക്കുന്ന ചിരിയുടെ സൂക്ഷ്മതയെ വിശകലനം ചെയ്തു തുടങ്ങുന്നു. ചിരിയുടെ സിദ്ധാന്തങ്ങൾ മുതൽ ഹാസ്യത്തിന്റെ ഭാരതീയവും പാശ്ചാത്യവും മനശ്ശാസ്ത്രവുമായ തലങ്ങളും ആക്ഷേപ ഹാസ്യവും ഒക്കെ വിവരിക്കുവാൻ ശ്രദ്ധവച്ചിരിക്കുന്നു. മലയാളത്തിലെ പ്രസ്ഥാനവിഡംബനങ്ങളെ പരിചയപ്പെടുത്തുമ്പോൾ കാലാനുക്രമം ദീക്ഷിച്ചുകൊണ്ട് വിശദമായ പഠനം നടത്തുന്നു. പലതരം ഹാസ്യാനുകരണങ്ങൾ പരീക്ഷിച്ചു വിജയിച്ചവരേയും മൂർച്ചയേറിയ പരിഹാസശരങ്ങൾ ഒളിപ്പിച്ച് ചിരി പൊഴിക്കുന്നവരേയും മലയാളത്തിനു പരിചയപ്പെടുത്തുവാൻ ഈ പുസ്തകത്തിന് സാധിക്കുന്നുണ്ട്. നാല് അദ്ധ്യായങ്ങളും അനുബന്ധവും ഒക്കെ ഉൾപ്പെടുന്നതാണ് പുസ്തകത്തിന്റെ ഘടന. ഹാസ്യത്തിന്റെ സൈദ്ധാന്തികത മുതൽ ചർച്ചചെയ്തു തുടങ്ങുകയും ഹാസ്യവുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള വിവിധ മതങ്ങളേയും ഹാസ്യത്തിന്റെ വിവിധ വിഭാഗങ്ങളേയും വിശദമായി അപ്രഗഥിക്കുകയും അവലോകനം ചെയ്യുകയും ചെയ്തിട്ടുണ്ട്. വെറുതെ വിശകലനാത്മകം എന്ന തലമല്ല; അതിൽ നിന്നുയർന്ന് കാലഗണനയ്ക്കനുസരിച്ച് വന്നു ചേരുന്ന സവിശേഷതകളെ കൂടി കണ്ടെടുക്കാനുള്ള പരിശ്രമം അഭി




നന്ദനീയം തന്നെ. ആധുനികതയിലും ഉത്തരാധുനികതയിലും പാരഡിയ്ക്കുണ്ടായിട്ടുള്ള വകഭേദങ്ങൾ ചൂണ്ടിക്കാണിക്കാൻ നിത്യയിലെ ഗവേഷക ശ്രദ്ധ വെയ്ക്കുന്നുണ്ട്.

മലയാളത്തിലെ ഇരുപത്തിഒന്നോളം പ്രസ്ഥാനവിഡംബന കൃതികളെ പഠന വിധേയമാക്കുകയും മൂന്നാം ഘട്ടത്തിലേക്കെത്തുമ്പോൾ തോലനിൽ തുടങ്ങി തിക്കോടിയൻ മുതൽ പേരുടെ ഹാസ്യാനുകരണ കവിതകൾ സവിസ്തരം പ്രതിപാദിച്ചിട്ടുമുണ്ട്. അല്ല; നിരൂപണം ചെയ്തിട്ടുണ്ട്. ആവിഷ്കാരപരമായ വൈവിധ്യം പുലർത്തുന്ന ഉത്തരഘട്ടത്തിൽ ചെമ്മനം ചാക്കോ മുതൽ കെ.ആർ. ടോണിവരെയുള്ളവർ കടന്നു വരുന്നു. കാഴ്ചപ്പാടുകൾ ക്രോഡീകരിക്കാനും ഗ്രന്ഥത്തിൽ ഇടം കണ്ടെത്തിയിരിക്കുന്നു. ഇവിടെയെല്ലാം പ്രകടമാകുന്ന വിമർശന ബുദ്ധി സാർത്ഥകം തന്നെ. പുരുഷാർത്ഥകൂത്തിലൂടെ സാധ്യമായ സാമൂഹ്യ വിമർശനത്ത അപഗ്രഥിക്കുന്നിടത്ത് ഹാസ്യാനുകരണ സാഹിത്യത്തിന്റെ തലമുതിർന്ന കാരണവരായി തോലന്റെ കൃതികളെ ചേർത്തു വായിക്കുന്നു. മാധവജി, സീതാരാമൻ, മീശാൻ മുതൽ പേരിലൂടെ കടന്ന് ഹാസ്യാവിഷ്കാരത്തിന്റെ ഉള്ളകം കണ്ട് നർമ്മത്തിലെ മർമ്മം കണ്ടെടുക്കുമ്പോൾ സാധ്യമാകുന്ന സർഗ്ഗാത്മകതയുടെ ഇടം ശ്രദ്ധേയമാണ്. കുഞ്ഞുണ്ണിയും സഞ്ജയനും കൈയൊതുക്കത്തോടെ സാധ്യമാക്കിയ ഹാസ്യത്തിന്റെ ആവിഷ്കാരതന്ത്രം പുതുമ കൊണ്ടും വിഷയവൈവിധ്യം കൊണ്ടും മികച്ചു നിൽക്കുന്നുണ്ട്. പാരഡിയുടെ രുചിഭേദങ്ങൾ തിരിച്ചറിഞ്ഞ് ഒരു പുസ്തകത്തിലേക്ക് ഒരുക്കുവാനുള്ള പ്രതിജ്ഞാബദ്ധത അനിവാര്യതയായി എഴുത്തുകാരിയുടെ കൂടെയുണ്ട്. പാരഡിയുടെ കഥ അന്വേഷിക്കുക, അതിന്റെ സമകാലിക വായനകളുടെ സാധ്യതകൾ നിഷേധിക്കാതെ സമീപനത്തിന്റെ സാധ്യതകളെ അംഗീകരിക്കുക യും മൂല്യത്ത പ്രസക്തമാക്കുകയും ചെയ്യുന്നു. ഹാസ്യത്തിന്റെ വേരുകൾ തേടേണ്ടത് പ്രാഥമികമായും പരിചിതമായ മേഖലകളിൽ തന്നെയാണ്. അതിന് ഉതകുന്ന സന്ദർഭങ്ങൾ പലതാണ്. പുസ്തകത്തിലുടനീളം സൂചനകൾ കൊണ്ടോ, വിചാരങ്ങൾകൊണ്ടോ ഒക്കെ ഇത് ഓർമ്മിപ്പിക്കുകയും പാഠാന്തരീയതയിലൂടെ ഗ്രന്ഥത്തെ ധ്വനിസാന്ദ്രമാക്കുകയും ചെയ്യുന്നുണ്ട്. തലമുറഭേദങ്ങളിലൂടെ പാരഡിയുടെ രചനാവൈഭവങ്ങളും പുതുഭാവുകത്വത്തിനും സാക്ഷ്യം പറയുന്ന ഈ പുസ്തകം,

പാരഡിയുടെ സങ്കൽപങ്ങളെ നിർമ്മിക്കുന്നതിലും അത് ജനകീയമാക്കുന്നതിലും കവിതയെന്ന മാധ്യമം വഹിക്കുന്ന പങ്ക് ചെറുതല്ല. ബഹുസ്വരമായ അർത്ഥതലങ്ങളിലേയ്ക്ക് അനുവാചകനെ കൂട്ടികൊണ്ടുപോകുന്നുണ്ട് കവിതകൾ. ഹാസ്യത്തിന്റെ അടിയൊഴുക്കുകളിലൂടെ സഞ്ചരിക്കുമ്പോഴും പാരഡി എന്ന സങ്കല്പനത്തിന്റെ അപരിചിതമായ ഭൂപടങ്ങൾ അവ വരച്ചിടുന്നു. സാധാരണ വിഷയത്തെ വ്യത്യസ്തമായി അവതരിപ്പിക്കുവാനുള്ള കൗശലം പാരഡിയെ ഒരു മികച്ച വായനാനുഭവമാക്കി മാറ്റിത്തീർക്കുന്നുണ്ട്. സൂക്ഷ്മമായ ആഖ്യാനം കൃതിയെ മറ്റൊരു തലത്തിലേക്ക് ഉയർത്തുന്നു. മലയാള കവിതയിലെ പാരഡിയെ ഗവേഷണത്തിന് വിഷയമാക്കുമ്പോൾ തികച്ചും നൂതനവും സ്വതന്ത്രവും ഭിന്നവുമായ ആഖ്യാനരീതിയാണ് എഴുത്തുകാരി സ്വീകരിച്ചിരിക്കുന്നത്. ഹാസ്യത്തിന് പുതിയൊരു ദിശാബോധം ഉണ്ടാക്കുവാൻ പ്രകടിപ്പിച്ച പാടവമാണ് പുസ്തകത്തെ ശ്രദ്ധേയമാക്കുന്ന ഘടകങ്ങളിലൊന്ന്. മലയാള കവിതാ ചരിത്രത്തിലെന്ന പോലെ മലയാളത്തിലെ പാരഡി കവിതാ ചരിത്രത്തിലും കാലാനുസൃതമായ

ഭാവുകത്വവ്യതിയാനങ്ങൾ സംഭവിച്ചിട്ടുണ്ട്. പ്രമേയസ്വീകരണം, ആവിഷ്കാരശൈലി, ഉദ്ദേശ്യം, ലക്ഷ്യം എന്നിവയിലെല്ലാം കൈവന്ന ഈ പരിണാമം പ്രകടമായി ഗ്രന്ഥം എടുത്തുകാണിക്കുന്നു. 11-ാം നൂറ്റാണ്ടു വരെ മലയാളത്തിലെ ഹാസ്യനുകരണ കവിത വലിയ പരീക്ഷണങ്ങൾക്കൊന്നും വേദിയായിട്ടില്ല തന്നെ. ഹാസ്യത്തിന്റെ പുതിയ മുഖത്തെ ചരിത്രത്തോടും വർത്തമാനത്തോടും അനുപാതപ്പെടുത്തിക്കൊണ്ടാണ് വായനക്കാരെ കൂട്ടിക്കൊണ്ടു പോകുന്നത്. സാഹിത്യമേഖലയിൽ പ്രവർത്തിച്ച് തഴക്കം വന്നവർ പാരഡിയിലേക്ക് പ്രവേശിച്ചപ്പോൾ ശ്രദ്ധേയമായ തൂലികാനാമങ്ങൾ സ്വീകരിച്ചിട്ടുമുണ്ട്. ഇങ്ങനെ കാണാൻ ബാക്കിയായ കാഴ്ചകളിലേക്കും അറിയുവാൻ ബാക്കിയായ ചരിത്രത്തിലേക്കും ഉത്സാഹത്തോടെ എത്തിനോക്കാൻ പ്രേരിപ്പിക്കുന്നുണ്ട് ഈ പുസ്തകം. രണ്ടായിരം മുതൽ തുടങ്ങുന്ന ഉത്തരഘട്ടം ദൈർഘ്യമേറിയതല്ലെങ്കിലും വൈവിധ്യമുള്ള ആവിഷ്കാര രീതിയും പരീക്ഷണങ്ങളും ഇക്കാലത്തെ പാരഡികവികളിലുണ്ട് എന്ന് പുസ്തകം വ്യക്തമാക്കുന്നു.

സാമൂഹിക-സാംസ്കാരിക മണ്ഡലങ്ങളിലെ സൂക്ഷ്മ ചലനങ്ങൾ പോലും തിരിച്ചറിയുവാനും പ്രതികരിക്കാനും പാകത്തിൽ സംവേദനക്ഷമമാണ് പാരഡിക്കവിയുടെ ബോധമണ്ഡലം എന്ന് ഡോ. നിത്യ ബോധ്യപ്പെടുത്തുന്നുണ്ട്. ഹാസ്യത്തിന്റെ അടിസ്ഥാനതത്വത്തിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ട് പോകുമ്പോഴും അതിന്റെ വീര്യവും സർഗ്ഗാത്മക വിമർശന മാത്യകയും കൈമോശം വരുത്താതെ സൂക്ഷിച്ചിരിക്കുന്നു. പാരഡിയെ ലോകം ഇനിയും അറിയാനുണ്ട് എന്ന പല്ലവി പലരും ആവർത്തിച്ച് പറയാറുണ്ട്. അതൊരു വെറും വാക്കല്ല. ഹാസ്യത്തെ ബാധിക്കുന്ന, സ്വാധീനിക്കുന്ന പരിവർത്തനപ്പെടുത്താൻ സാധ്യമായ എന്ത് സംരംഭമുണ്ടോ അതൊക്കെയും ചിന്തനീയം തന്നെയാണ്. പണ്ടും ഇന്നും എന്നും സമകാലിക സംഭവങ്ങളുമായി പാരഡിയുടെ ചിന്തകൾ ചേർത്തു




വയ്ക്കുന്നത് അനുചിതമാവുകയില്ല. കാരണം പാരഡിയുടെ ആവിഷ്കാരതലം ബഹുതലസ്പർശിയാണ്. കുഞ്ചൻ നമ്പ്യാർ, വള്ളത്തോൾ, എഴുത്തച്ഛൻ, കുമാരനാശാൻ, ഉള്ളൂർ, എ.ആർ, ചങ്ങമ്പുഴ എന്ന ക്രമത്തിൽ പാരഡിക്കായി ഏറ്റവും കൂടുതൽ ഉപജീവിക്കപ്പെട്ട കവികളുടെ പട്ടിക രൂപപ്പെടുത്തിയിരിക്കുന്നു.

മലയാളത്തിലെ ഏറ്റവും കൂടുതൽ പാരഡികവിതകൾ എഴുതിയത് കെ.എസ്.പി, കർത്താവും സഞ്ജയനുമാണെന്ന് കണ്ടെടുക്കുന്നു. ഇങ്ങനെ ഒരോ പാഠവും വായനക്കാരെ പാരഡിയുടെ മാസ്മരലോകത്തേയ്ക്കാണ് ആനയിക്കുന്നത്. പാരഡിയുടെ ആസ്വാദകർക്ക് അവർ പറഞ്ഞു തരുന്ന അറിവ് വാക്കുകൾക്കപ്പുറമാണ്.

എല്ലാത്തരം സവിശേഷതകളെയും ഉൾക്കൊള്ളുന്ന ഒരിടമായിട്ടാണ് പൊതുവെ പാരഡിയെ നിത്യ വിഭാവനം ചെയ്തിരിക്കുന്നത്. സാമൂഹികവും സാംസ്കാരികവുമായ ഇടം പാരഡിക്കുണ്ടെന്ന് രേഖപ്പെടുത്തുന്നതോടൊപ്പം വലിയ ആശയങ്ങൾക്കും ആഴത്തിലുള്ള ചിന്തകൾക്കും പിന്നാലെ പോകുമ്പോഴും സ്വാഭാവികതയും മിതത്വവും പാലിക്കുന്നുണ്ട്. ഇന്നത്തെ വായനാ സാധ്യതകൾ ഓരോ അദ്ധ്യായത്തിലും ക്രമം ദീക്ഷിച്ച് അവതരിപ്പിക്കുമ്പോഴും പാരഡിയുടെ പ്രാധാന്യവും സവിശേഷ മുഹൂർത്തങ്ങളും ഇഴയടുപ്പത്തോടെ വിന്യസിക്കുന്നു. ഓരോ പാരഡിക്കവിയേയും ആഴത്തിൽ സ്വാധീനിച്ച ചില കാവ്യ മാതൃകകൾ ചേർത്തുവയ്ക്കുന്നു. (കെ.പി. എസ്. കർത്താവ്-നമ്പ്യാർ; സഞ്ജയൻ – എഴുത്തച്ഛൻ; സീതാരാമൻ – ഉള്ളൂർ അങ്ങനെ ഇങ്ങനെ...) പാരഡി ഒരു പ്രത്യേക ഉണർവിന്റെ അനുഭവമാകുന്നു.

പാരഡി മനുഷ്യരിൽ ചെലുത്തുന്ന വികാരങ്ങളും ഊർജ്ജസ്വലമായി നിരന്തരം പുതുക്കുന്ന അതിന്റെ ദർശനീയതയും പാരഡിസംസ്കാരത്തിന്റെ നിശിതമായ വിമർശനവും ഈ പഠനം മുന്നോട്ട് വയ്ക്കുന്നുണ്ട്. ഹാസ്യം പഠിക്കാനും പഠിപ്പിക്കുവാനും സാധിക്കുമോ എന്നും അതിന് മറ്റ് ബോധന ക്രമങ്ങളിൽ നിന്നുള്ള വ്യത്യാസങ്ങളെന്താണ് എന്നും ഹാസ്യം എങ്ങനെ സമൂഹത്തിൽ അതിന്റെ സ്ഥാനവും വിശ്വസ്തതയും കണ്ടെത്തുന്നു എന്നും തുടങ്ങി നിരവധി ചോദ്യങ്ങൾ പുസ്തകം രചിക്കുമ്പോൾ ഗ്രന്ഥകാരി മുന്നിൽ കാണുന്നുണ്ട്. മറഞ്ഞുപോയ കാവ്യ മാതൃകകളേയും സാഹിത്യകൃതികളേയും ഓർമ്മയിലേയ്ക്ക് കൊണ്ടുവരികയും പ്രമേയപരമായി നർമ്മബോധം മാത്രമല്ല തിരുത്തലുകൾക്കുള്ള പ്രേരണയും നൽകുന്നുണ്ട് പാരഡി കവിതകൾ. പാരഡിയെ വിശകലനവിധേയമാകുമ്പോൾ അതിന്റെ കലാപരമായ തലങ്ങളെക്കൂടി കാണുകയും പരിഗണിക്കുകയും ചെയ്യുന്നുണ്ട്. പാരഡിയെന്ന മാധ്യമത്തെ ഗൗരവമായി പരിഗണിക്കുകയും സമീപിക്കുകയും ചെയ്യുന്നതോടൊപ്പം അത് സംവേദനം ചെയ്യുന്ന നിലപാടുകളെ പൂർണ്ണമായും പരിഗണിക്കുകയും ചെയ്യുന്നു. താരാട്ടും കുറത്തിമട്ടും, വടക്കൻ പാട്ടും എന്നു വേണ്ട് മാപ്പിളപ്പാട്ടു വരെ ഹാസ്യനുകരണകവിതയ്ക്ക് മൂലമാതൃകയായി മാറിയിട്ടുണ്ട്. ഹാസ്യത്തിന്റെ പരിചരണത്തെ വാതിൽപ്പുറങ്ങളിൽ നിന്നു മാത്ര


കുഞ്ചൻ നമ്പ്യാർ

മല്ല, ഉള്ളകങ്ങളിൽ നിന്നവരെ വിമോചിപ്പിച്ച് തീർത്തും നവമായ പരിസരങ്ങളിലേയ്ക്ക് നീക്കി നിർത്തി തന്റെ ദൗത്യം പൂർത്തിയാക്കുന്നുണ്ട് എഴുത്തുകാരി. ഡബിൾ പാരഡി, മിശപാരഡി, ടെക്സ്ചൽ പാരഡി, കറുത്ത ചിരി ഒക്കെ പരാമർശിക്കപ്പെടുന്നത് ഈ തലത്തിലാണ്. ആധികാരികമായി അതിനവർക്ക് പിൻബലമാകുന്നത് അവർ നേടിയ അക്കാദമിക പരിശീലനങ്ങളും അവബോധവും തന്നെയാണ്. മനുഷ്യ മനസ്സിന്റെ ആഴങ്ങളിലേയ്ക്ക് വായനയുടെ നവബോധങ്ങളിലേയ്ക്ക് പാരഡി മനുഷ്യനെ നയിക്കുന്നു. മലയാള കവിതാഭാവുകത്വത്തിൽ നിന്നും സത്താപരമായും സൗന്ദര്യശാസ്ത്ര പരമായും വേറിട്ടു നിൽക്കുന്ന ശൈലിയാണ് പാരഡിക്കവിതയുടേത് എന്നാണ് ഇതിനുകാരണമായി നിത്യ ചൂണ്ടിക്കാണിക്കുന്നത്.

അറിഞ്ഞ, കണ്ടെടുത്ത കാര്യങ്ങളെ ഗ്രന്ഥരൂപത്തിലേയ്ക്ക് പകർത്തുന്നയാൾ എന്നതിനപ്പുറം, അതേ ഉൾക്കാഴ്ചയോടെ സാക്ഷാത്കരിക്കുന്നയാൾ എന്ന നിലയിലേക്ക് എഴുത്തുകാരി. എത്തിച്ചേർന്നിരിക്കുന്നു. പാരഡിയുടെ പരിചരണത്തെ പൂർണ്ണതയോടെ സംരക്ഷിച്ചു നിർത്തുകയും അടയാളപ്പെടുത്തുകയും ചെയ്തിരിക്കുന്നു. കുഞ്ഞുണ്ണിയും അയ്യപ്പപ്പണിക്കരും കെ.ആർ. ടോണിയുമടങ്ങുന്ന വിവിധമാനങ്ങളെ അംഗീകരിക്കുമ്പോഴും തന്റെ കാഴ്ചപ്പാട് പകർത്തുവാൻ സാധിച്ചിട്ടുണ്ട്. ഹാസ്യത്തിന്റെ ഉൾപ്പിരിവുകളെ ഉടച്ചുനിരത്തിയ ലേഖന മിഴിവിലൂടെ പാരഡിയെ അനിഷേധ്യമായിത്തന്നെ രേഖപ്പെടുത്തുന്നുണ്ട്. അതിന്റെ ആഴവും വ്യാപ്തിയും പരപ്പും വായനക്കാർക്ക് കാട്ടിത്തരുമ്പോഴും എഴുത്തുകാരിയെ സംബന്ധിച്ച് അകക്കാഴ്ചകളിലേക്കും പുറംപൊരുളുകളിലേയ്ക്കും എത്രമാത്രം സഞ്ചരിക്കാമെന്നതിന്റെ ദൃഷ്ടാന്തമായിത്തന്നെ ഈ പുസ്തകത്തെ കണക്കാക്കാം. പുസ്തകം ആവശ്യപ്പെടുന്ന തരത്തിലും തലത്തിലുമുള്ള വിന്യാസപദ്ധതി ആവിഷ്കരിച്ചതിലൂടെ ശ്രദ്ധേയമായ മാതൃകയും പ്രചോദനവും നൽകുന്നുണ്ട് എഴുത്തുകാരി. തുടർഗവേഷണത്തിനുള്ള നിരവധി സാധ്യതകളും വായനാവഴികളും ഗ്രന്ഥം തുറന്നിടുന്നുണ്ട്.

പുതിയ പാരഡികൾ പുതിയ പാഠങ്ങളായി തന്നെ വായിക്കാമെന്ന് ചൂണ്ടിക്കാണിക്കുമ്പോഴും കാവ്യവ്യുൽപ്പത്തി ഉണ്ടായെങ്കിൽ മാത്രമേ ആദ്യകാല പാരഡികൾ ആസ്വാദനക്ഷമമാവുകയുള്ളു എന്ന് രേഖപ്പെടുത്തുന്നുണ്ട്. എംപി പാരഡിയും പാസ്റ്റിഷും ആവിഷ്കാര വൈവിധ്യമായി കടന്നു വരുന്നു. അതിസൂക്ഷ്മമായ വായനക്കോണുകളും സങ്കീർണ്ണമായ സാധ്യതകളും ആവാഹിച്ചുകൊണ്ട് പാരഡി വേറിട്ട പാറ്റേൺ സൃഷ്ടിക്കുന്നു. ഇങ്ങനെ ഹാസ്യത്തിന്റെ വിവിധ വഴികൾ പരസ്പരം ഇഴചേരുമ്പോൾ വായനയ് ക്ക് യാതൊരു അലോ സ ര വും അതുകൊണ്ടുണ്ടാകുന്നില്ല. ഇതിലൊക്കെ മൗലികതയുടെ കൈയ്യൊപ്പ് പ്രകടമാണ്. പാരഡിയുടെ ചതുരത്തിലൂടെ കാലത്തിനങ്ങേപ്പുറത്തേയ്ക്കും ഇങ്ങേത്തലയ്ക്കലേക്കും ഊയലാടൽ സാധ്യമാക്കുന്നത് അതിന്റെ ലാവണ്യാത്മകത കാത്തു സൂക്ഷിച്ചുകൊണ്ടാണ്. ഇങ്ങനെ മലയാളത്തിന്റെ ഹാസ്യാനുകരണ കവിതയെ കാലഘട്ടത്തിനനുസരിച്ച് ചിട്ടപ്പെടുത്തി വിശകലനം ചെയ്യുകയെന്ന കർത്തവ്യം നിശിതവും ഭംഗിയായും കൂർമ്മതയോടെയും ഈ ഗ്രന്ഥം കൈകാര്യം ചെയ്തിരിക്കുന്നു. പാരഡിയുടെ സാംസ്കാരിക ചരിത്രം കൂടി ഇതോടൊപ്പം അനാവരണം ചെയ്യപ്പെടുന്നുണ്ട്. ഇത് പുതുമയുള്ള വായനയ്ക്ക് വഴിവെയ്ക്കുന്നു.

അറിവിനുള്ള ആർത്തിയുണ്ടെങ്കിൽ കീർത്തിക്കുവേറെ കരുതേണ്ടതില്ലെന്ന കവി വാക്യം ഓർമ്മിക്കുന്നു.

"ഏത്തിനേറ്റം വിവേകം വരുത്തീടുമുത്തമങ്ങളാം ഗ്രന്ഥങ്ങളെ സ്വയം നിത്യവും നാം പഠിക്കേണമെങ്കിലേ കൃത്യബോധം ശരിയായ് ഭവിച്ചീടൂ" (പന്തളം കേരളവർമ്മ)

അതു കൊണ്ട് അക്ഷരവും അറിവും നിറഞ്ഞ പുസ് തക ങ്ങ ൾക്കും നാശമില്ല. പ്രതീക്ഷയോടുകൂടി തുറക്കുകയും പ്രയോജന ബോധത്തോടുകൂടി അടയ്ക്കുകയും ചെയ്യുന്നതാണ് ഉത്തമഗ്രന്ഥം. അത്തരുണത്തിൽ ഫലവത്തായ നിരവധി അർത്ഥമാനങ്ങളും കൈവരുത്തിക്കൊണ്ട് പുതിയ തലമുറയെ പാരഡിയുടെയും വായനയുടെയും ആഴങ്ങളിലേയ്ക്ക് കൈപിടിച്ചു നടത്തുവാൻ 'നിത്യ'വിസ്മയത്തിന്റെ ഈ പുസ്തകം ഉപകാരപ്പെടട്ടെ!

**പത്മനാഭൻ കാവുമ്പായി**
പയ്യന്നൂർ കോളേജ്

# പുല്ലിംഗം അഥവാ ആണത്തം



കുഴഞ്ഞുകൈകാലി -
ട്ടടിച്ച് കേഴവാൻ
തുടങ്ങിയൊരോർമ്മ
നിലാവു പോൽ സ്വയം
പുലരിയിലേക്കു
ചവിട്ടിയുന്തവേ,

വലിയുന്നു കാലിൽ
കടുത്തപോലെന്തോ
കുടുങ്ങിയോ കമ്പി
വലയാലസ്ഥികൾ.


അറിഞ്ഞു കൂടല്ലോ
പറഞ്ഞു കൂടല്ലോ
തടഞ്ഞുകൂടല്ലോ
അടിഞ്ഞുകൂടല്ലോ.

ഉറയിൽ നിന്നൂരാ -
തിരിക്കിലും സദാ,
നിണമുണങ്ങാതെ
മുറിഞ്ഞൊഴുകുന്നു.

അകത്തു ഭീതിയാൽ
ചുരുണ്ടതെങ്കിലും
നിവരും പത്തിപോ-
ലിതെന്റെയൗദ്ധത്യം!

**ഹരിത ആർ. ഉണ്ണിത്താൻ**
എൻ.എസ്.എസ്. കോളേജ്, പന്തളം

# തീവണ്ടിക്കാറ്റ്



മരിച്ച പെൺകുട്ടിയിൽ
ഒരു ഭ്രൂപടം
തെളിയുകയാണ് –
ഏഴാം വയസിൽ
വേരിൽത്തട്ടിവീണ്
ചന്ദ്രക്കലകൊത്തിവെച്ച
പുരികം അതേപോലെതന്നെ

അറ്റുപോയ മുലകളിലിപ്പോഴും
ചോന്നുകിടപ്പുണ്ട്
പണ്ടേക്കുപണ്ടവൾ
ചേർത്തുവെച്ച പാവക്കുട്ടിയുടെ
ചുണ്ടോർമ്മകൾ

ചീനിത്തണ്ട് വെട്ടിവെട്ടി–
ക്കളിച്ചവസാനമൊരു
കരച്ചിലടയാളപ്പെടുത്തിയ
ഇടത്തേകണംകൈ
ചതഞ്ഞുപോയിടത്ത്
കെട്ടിക്കിടക്കുന്നുണ്ടൊരു
നിലവിളി

പെൺനോവുകൾ
വന്ന് പൊത്തിപ്പിടിച്ച
അടിവയർ പിളർപ്പിലൂടെ
എത്തിനോക്കുന്നുണ്ട്
കാക്കകൾകൊത്തിവലിച്ച
അവളുടെ ഉൾനോവുകൾ

കുറച്ചങ്ങോട്ട് മാറിക്കിടപ്പുണ്ട്,
ആളൊഴിഞ്ഞ ഇടവഴിയിലൂടെ
ഒറ്റയോട്ടം ഓടിയോടി
ഉരഞ്ഞ് കറുത്തുപോയ
തുടയകങ്ങൾ

മരിച്ച പെൺകുട്ടിയിൽ
ഒരു ഭ്രൂപടം തെളിയുകയാണ്
അവൾക്ക് മാത്രം
വായിക്കാനറിയാവുന്ന
രഹസ്യവഴികൾ
അവളുടേതുമാത്രമായ
അക്ഷാംശക്കണക്കുകൾ

അലറിവിളിച്ചാർത്തുപാഞ്ഞൊരു
തീവണ്ടിക്കാറ്റിലിപ്പോഴും
കുടുങ്ങിക്കിതയ്ക്കുന്നുണ്ട്
അവളുടെ നീലയുടുപ്പിന്റെ
നിശ്വാസങ്ങൾ

**സിൽവി ബെന്നി**
എൻ.എ.എസ്. കോളേജ്, ഒറ്റപ്പാലം

# ഫോക്കസ് പോയിന്റ്

വീട്ടിൽ എത്തിയപ്പോൾ നേരം വൈകിയിരുന്നു ഇരുട്ട് വീണുതുടങ്ങി. 'അമ്മ പതിവുപോലെ റിമോട്ടും പിടിച്ചു സെറ്റിയിൽ ഇരിപ്പുണ്ട്. 'എന്താ മോളെ വൈകിയത് -നോട്ടം ടിവിയിൽ തന്നെ. 'ഓ ഒന്നുമില്ല'. മറുപടി കേട്ടുവെന്നു തന്നെ തോന്നുന്നില്ല. മുറിയിൽ കയറി ഡ്രസ്സ് ചേഞ്ച് ചെയ്തു. നല്ല തലവേദന.

പക്ഷെ റസ്റ്റ് എടുക്കാൻ പറ്റില്ലല്ലോ. അടുക്കളയിലേക്കു നടന്നു. 'നിങ്ങൾക്ക് ഒത്തുപോകാൻ വയ്യെന്നാണോ? മക്കളെക്കുറിച്ചോർക്കേണ്ടേ? ടിവിയിൽ നിന്നാണ്. 'കഥയല്ലിത് ജീവിതം '- അമ്മയ്ക്ക് ഇഷ്ടമുള്ള പരിപാടിയാണ്. അതിന്റെ പൊരുൾ പിടികിട്ടിയിട്ടില്ല. 'എനിക്കിയാളുടെ കൂടെ ജീവിക്കേണ്ട.

എന്നെ ഭയങ്കര സംശയമാണ്. ഞാൻ ആരോടും മിണ്ടരുത് എങ്ങോട്ടും പോകരുത്. എപ്പോഴും ഉപദ്രവമാണ്. ഞാൻ മടുത്തു ചേച്ചി" "എത്ര തവണ നമ്മളൊക്കെ മടുത്തിരിക്കുന്നു ഇറങ്ങിപ്പോകാൻ തോന്നിയിട്ടുണ്ട്. എന്നിട്ടും ക്ഷമിച്ചു നിന്നില്ലേ ഇപ്പോഴത്തെ പിള്ളേർക്ക് ഒന്നിനും വയ്യ ഉടനെ ഡിവോഴ്സ് എന്നും പറഞ്ഞു പൊക്കോളും. 'അമ്മ ഒറ്റയ്ക്ക് ആരോടെന്നില്ലാതെ പറയുന്നുണ്ട്. "അമ്മേ ഇന്ന് അന്നമ്മച്ചേടത്തി നേരത്തെ പോയോ? ആകെ അലങ്കോലമായി കിടക്കുന്നു' . 'ആ മോളെ അവൾക്കുടെ മോൾടെ കൊച്ചിനെ താണ്ട് വയ്യ കാണാൻ പോകണം. നേരത്തെ പൊയ്ക്കോട്ടെന്നു ചോദിച്ചു. കൊച്ചുമോനെ കാണാനല്ലേ ഞാൻ സമ്മതിച്ചു. ചോറ് ഞാൻ എടുത്തു കഴിച്ചോളാമെന്നു പറഞ്ഞു' . എനിക്കോ എന്റെ കൊച്ചുമക്കളെ കാണാൻ കിട്ടുന്നില്ല. അന്നമ്മയെങ്കിലും കണ്ടോട്ടെ'


. മക്കളെ ഹോസ്റ്റലിൽ നിർത്താൻ അമ്മയ്ക്ക് താത്പര്യമുണ്ടായിരുന്നില്ല. അതിന്റെ പരിഭവമാണ്. അടുക്കളയുടെ കോലം കണ്ടപ്പോൾ ദേഷ്യമാണോ സങ്കടമാണോ ആദ്യം വന്നതെന്ന് നിശ്ചയമില്ല. കഷ്ടിച്ച് രണ്ടാൾക്ക് കഴിക്കാനുള്ള ചോറുണ്ട് ഇനിയും ഒന്നും ഉണ്ടാക്കാൻ വയ്യ. ചായ കുടിച്ചു കിടക്കാം. താനല്ലാതെ മറ്റാര് അഡ്രസ്സ് ചെയ്യാൻ. പുറത്തു വണ്ടിയുടെ ശബ്ദം. ഇച്ചായൻ വന്നതാവും. ഊഹം തെറ്റിയില്ല. പണികൾ ഒന്നൊതുക്കി. 'ആനീ ഒരു ചായ, വല്ലാത്ത തലവേദന. നീ എപ്പോൾ എത്തി? കല്യാണം ഒക്കെ എങ്ങനെ? പഴയ നാടൊക്കെ കണ്ടോ?

മറുപടി പറയാൻ തോന്നിയില്ല പ്രതീക്ഷിക്കുന്നില്ലെന്നു തോന്നി. ചായകൊടുത്തു. ഭക്ഷണം മേശയിൽ എടുത്തുവച്ചു. തനിക്കുള്ള ചായയും കൊണ്ട് മുറിയിലേക്ക് പോയി.

'ഞാനൊന്നു കിടക്കട്ടെ. ഭക്ഷണം കഴിച്ച പാത്രങ്ങൾ അവിടെ വച്ചേക്കു. രാവിലെ കഴുകാം.'

ഓക്കേ. പറഞ്ഞു പുള്ളി

മൊബൈലിൽ കുത്താൻ തുടങ്ങി. അതവസാനിപ്പിക്കാൻ കുറഞ്ഞത് ഒരുമണിക്കൂർ എടുക്കും. ചായ കുടിച്ചു കിടന്നെങ്കിലും ഉറക്കം വന്നില്ല മനസ്സ് പകലിലെ കാഴ്ച കളിലേക്ക് ലെൻസ് തിരിച്ചുവച്ചു. മിനിചേച്ചിയും ആ പെൺകുട്ടിക ളും ഫോക്കസ് പോയിന്റിലേക്കു കടന്നു വന്നു. കല്യാണത്തിനാണ് പോയതെങ്കിലും അതിന്റെ വർണഭം ഗികൾ ഒന്നും മനസിലില്ല. ബെറ്റി മകളുടെ വിവാഹം ക്ഷണിച്ചപ്പോൾ പോകാൻ സാധിക്കുമെന്ന് കരു തിയിരുന്നില്ല വരാൻ ശ്രമിക്കാം. എല്ലാവിധ ആശംസകളും അറി യിച്ചേക്കു എന്നാണ് പറഞ്ഞത്. കൂടുതൽ വിശദീകരണത്തിനിട യിലാണ് തൻറെ ബാല്യ കൗ മാരങ്ങൾക്ക് വെള്ളവും വളവും നൽകിയ നാട്ടിലേക്കാണ് മകളെ വിവാഹം ചെയ്തയക്കുന്നത് എന്ന റിഞ്ഞത്. ..അപ്പൻറ മരണവും, ചേച്ചിയുടെ വിവാഹത്തിന് ബാ ധ്യതകളും ആ നാട് നഷ്ടപ്പെടുത്തി. ഓർമ്മകൾ പ്രോത്സാഹിപ്പിച്ചു. .. ഒന്ന് പോയാലോ. നാട് വീണ്ടും കാണാലോ. നൊസ്റ്റാൾജിയ കനത്തപ്പോൾ പോകാൻ തീരു മാനിക്കുകയായിരുന്നു. പഴയ പള്ളിയുടെ സ്ഥാനത്ത് അംബര ചുംബികളായ ഗോപുരങ്ങളാൽ തീർത്ത പുതിയ പള്ളി പ്രതീക്ഷി ച്ചതിലും അല്പം നേരത്തെ എത്തി. വധുവരന്മാർ എത്തിയിരുന്നില്ല. മനോഹരമായി ടൈൽ പാകി, അലങ്കാരച്ചെടി അതിരുകൾ തീർ ത്ത പാതയുടെ അറ്റം കാണാൻ ഒരു കൗതുകം. ആത്മാക്കൾ ഉറ ങ്ങുന്നിടം. മാർബിൾ ഗ്രാനൈറ്റ് സിമന്റ് കല്ലറകൾ ഒരു മൂലയ്ക്ക് മൺകൂനകളും. സാമ്പത്തിക ഉച്ച നീചത്വങ്ങൾ അവിടെയും പ്രകടം. .ഇനി മുകളിലോട്ടു ചെല്ലുമ്പോൾ എന്താകുമോ എന്തോ. ലാസറി ന്റെയും ധനവാന്റെയും ഉപമ പഠി ച്ചവരല്ലേ. അഡ്ജസ്റ്റ് ചെയ്തോളും. വധുവരന്മാർ എത്തിയെന്നു തോ ന്നുന്നു. വാഹനത്തിന്റെ ബഹളം കേൾക്കാം. വേഗം പള്ളിയിലേക്ക് നടന്നു 'വൈറ്റ് ഗൗണിൽ കൂടുതൽ മനോഹരിയായിരിക്കുന്നു വധു. കണ്ണുകൾ കൊണ്ട് അവളെ കോരി കുടിക്കുന്നുണ്ട് പലരും. അധികം



വൈകാതെ അവർ യു കെ യിലേ ക്ക് പറക്കും. പ്രണയ വിവാഹമാ ണ്. നീതിവിന് സീനിയർ ആയി പഠിച്ചതാണ് റോബിൻ. എം ബി എ കഴിഞ്ഞ നീതുവിന് റോബി ന്റെ അതെ കമ്പനിയിൽ ജോലി റെഡിയാക്കിയിട്ടാണവൻ വന്നി രിക്കുന്നത്. ഭാഗ്യം ചെയ്ത കുട്ടി. സ്വാതന്ത്ര്യലോകത്തേക്കു പറക്കാം. അവരൊക്കെ പഴയ ആളുകളാ നീ ഒന്ന് അഡ്ജസ്റ്റ് ചെയ്യ് ഭർത്താവി ന്റെ വാക്കുകൾ കാതിൽ മുഴങ്ങി.

... ചടങ്ങിന് ശേഷം വിരുന്നുസൽക്കാരത്തിൽ പങ്കെടുത്ത് വേഗം ഇറങ്ങി. ഗ്രാമത്തിന്റെ മുഖം മാറിയിരിക്കുന്നു. പച്ചപ്പ് നല്കിയിരുന്നവ എരിഞ്ഞൊടുങ്ങുകയോ, പുതിയ രൂപത്തിൽ സ്വീകരണമുറികളെ അലങ്കരിക്കുകയോ ചെയ്തിട്ടുണ്ട്. ബഹുവർണ്ണ ഭംഗികൾ നിറഞ്ഞ വീടുകളുടെ മുന്നിൽ പരാജയം സമ്മതിച്ച് ഗ്രാമഭംഗി പിൻവാങ്ങിയിരുന്നു. എല്ലാം കണ്ട് സാവധാനം വണ്ടിയോടിച്ചു. താനും സുജയും ബാല്യവും കൗമാരവും ചിലവിട്ട വായനശാലയുടെ മുൻപിൽ അല്പസമയം വണ്ടി നിർത്തി. വായനശാല പഴമയുടെ പ്രൗഢിയോടെ നില്പുണ്ട്. അതിന് മുന്നിൽ നിന്നിരുന്ന പുളിമരം ഒരുപാട് വളർന്നു. പണ്ട് സുജയുടെ ചേട്ടൻ മരത്തിൽ പിടിച്ചു കുലുക്കി താഴെയിട്ട കാലൊടിഞ്ഞ കിളിക്കുഞ്ഞിന് കരച്ചിൽ കാതിൽ വന്നലച്ചു. അറിയാതെ മുകളിലേക്ക് നോക്കി. വളരെ ഉയരത്തിൽ കൂടുണ്ട്. ആർക്കും കയറാനാകാത്ത ഉയരം. ആശ്വാസം തോന്നി.ഇന്നത്തെ കുട്ടികൾക്കെന്തു പുളിമരം. മൊബൈലിൽ എല്ലാം ഉണ്ടല്ലോ. എതിരെ നടന്നുവരുന്ന ആളെ പരിചയം തോന്നുന്നു. ഓ. ..ആളെ പിടികിട്ടി. . സുജയുടെ ചേട്ടത്തിയമ്മ. വേഗം വണ്ടിയിൽ നിന്ന് പുറത്തിറങ്ങി. ചേച്ചിക്ക് തന്നെ മനസിലായി. "മോളേ എന്താ ഇതുവഴിയൊക്കെ ഈ നാടൊക്കെ ഓർമ്മയുണ്ടോ? സുഖമാണോ മോളേ? ഒരുപാട് ചോദ്യങ്ങൾ.

ചേച്ചി..സുജ വരാറുണ്ടോ? മക്കളൊക്കെ? എല്ലാം പറയാം മോള് വാ... വീട്ടിൽ കേറിയിട്ടു പോകാം. മക്കളേം കാണാലോ. മക്കളെത്ര പേരുണ്ട്, എന്താ ചെയ്യുന്നേ. ചേച്ചിയുടെ മുഖം വേഗം മങ്ങി. തീരെ ആവേശമില്ലാതെ പറഞ്ഞു. രണ്ടാളുണ്ട്. പെൺകുട്ടികളാ'. അതാണോ മുഖം മങ്ങാൻ കാരണം. ഒരുവേള ചിന്തിച്ചു 25 ഉം 22 ഉം വയസ്സുണ്ട്. വയസ്സ് താൻ ചോദിച്ചില്ലല്ലോ... അമ്മയുടെ ആധി -ഒരാൾ എൻജിനീയറിംഗ് കഴിഞ്ഞു, മറ്റൊരാൾ ബി എഡും. പക്ഷെ... എന്താണൊരു പക്ഷെ, പിന്നേം നിശബ്ദത..

വാ മോളേ വീട്ടിലോട്ടു പോകാം. പോകണോ... പക്ഷെയുടെ ഒരാകാംക്ഷ... കാലുകളെ ചലിപ്പിച്ചു. വയലിലൂടെ മുറിച്ചു കടന്നാൽ വേഗമെത്താം. ചേച്ചിയുടെ ഒപ്പമെത്താൻ അല്പം ഓടേണ്ടിവന്നു. നാഗരിക സ്ത്രീയുടെ തോൽവി. പാടം കടന്നു തോട്ടിറമ്പിലെത്തി.. തോട് വലുതായിരിക്കുന്നു. പണ്ടത്തെ വലിയ പാറ കൂടുതൽ തെളിഞ്ഞു. പാറയുടെ പിറകിലേക്ക് നോട്ടം പാളി.സുജയുടെ ചേട്ടൻ കുളിസീൻ പിടിച്ചിരുന്ന സ്ഥലം. ഒരിക്കൽ പെണ്ണുങ്ങൾ പിടികൂടി കൈകാര്യം ചെയ്തു. മുമ്പിൽ നടക്കുന്ന അയാളുടെ ഭാര്യയോട് സഹതാപം തോന്നി. റബ്ബർ തോട്ടത്തിന് നടുവിലാണ് വീട്.. റബ്ബർ രക്തവും മാംസവും കൊടുത്തു പുലർത്തും അവസാനം വിറകുകൊള്ളിയുടെ സ്ഥാനം. ആരോ പറഞ്ഞത് എന്തിനിപ്പോൾ കയറിവന്നു. ..ദൂരെന്നെ കണ്ടു രോഷാകുലനായി നിൽക്കുന്ന സുജയുടെ ചേട്ടൻ. ഭാര്യ വൈകിയതിനാലാവാം. താൻ കൂടെയുള്ളതുകൊണ്ട് പാവം വഴക്കു കേട്ടില്ല തന്നെ ഒന്നിരുത്തി നോക്കി പ്രകാശം കുറഞ്ഞ ചിരി. കിളിക്കുഞ്ഞ് ഉള്ളിൽ പിന്നേം കരഞ്ഞു. അകത്തേക്ക് നടന്നു. പഴയ വീടിനു വലിയ മാറ്റം ഇല്ല ഒന്ന് മോഡിഫൈ ചെയ്തിട്ടുണ്ട്. സുജ പണ്ടുപയോഗിച്ചിരുന്ന മുറിയാണ് പെൺകുട്ടികൾ ഉപയോഗിക്കുന്നത്. വാതിലിൽ ഒരുനിമിഷം കണ്ണുകൾ ഉടക്കി. ആ മുറിക്കു വാതിൽ വന്ന ചരിത്രം. ഒരാളോടും പറഞ്ഞാൽ വിശ്വസിക്കില്ല. തനിക്കൊഴികെ മറ്റാർക്കും അതറിയുകയുമില്ല. ചേട്ടന് നിദ്രാവിഹീനങ്ങളായ രാത്രി സുജയുടെ നേരെ നീണ്ടപ്പോൾ അവളും താനും കള്ളക്കഥയുണ്ടാക്കി പണിയിപ്പിച്ചതാണ് ആ വാതിൽ അയാൾ ഇപ്പോൾ എങ്ങനെയാണോ എന്തോ? ചേച്ചിയുടെ പക്ഷെ... ഒന്നും ഊഹിക്കാൻ ആവുന്നില്ല. മിടുക്കികളായ കുട്ടികൾ ഒത്തിരി സംസാരിച്ചു. തന്റെ ഓഫീസിൽ ജോലിക്ക് ശ്രമിക്കട്ടെ എന്ന് ചോദിച്ചു. വേണ്ട ചേച്ചീ അപ്പൻ ദൂരേയ്ക്കൊന്നും വിടില്ല. അപ്പന് പേടിയാ. .എന്തിനെന്നു ചോദിച്ചില്ല. .കോഴിക്കുഞ്ഞുങ്ങളെ പോലെ ചിറകിനടിയിൽ അപ്പൻ കൊണ്ടുനടക്കുന്നുവത്. ഭാഗ്യം മോശം പെരുമാറ്റമൊന്നുമില്ല. 'കാക്കയും പരുന്തും റാഞ്ചിയാലോ, കൊത്തിയാലോ എന്ന ആധിയാ അങ്ങേർക്ക്. ഈ ടീവീലും പത്രത്തിലുമൊക്കെ ഓരോന്ന് കണ്ടിട്ടാ. ' ചേച്ചി കൂട്ടിച്ചേർത്തു. വീടിനടുത്ത് അഡ്മിഷൻ കിട്ടിയത് കൊണ്ട് പഠിക്കാൻ അയച്ചു. അതുപോലെ അടുത്ത് ജോലി കിട്ടുമോ. ജോലിയില്ലാത്തതുകൊണ്ട് നല്ല ആലോചനകൾ ഒന്നും വരുന്നില്ല. എന്റ മക്കളുടെ യോഗം. ഒരു നെടുവീർപ്പ് 'അങ്ങേരെ പറഞ്ഞു തിരുത്താൻ ആർക്കും പറ്റില്ല ഞങ്ങളെ എവിടേം വിടത്തില്ല എന്റെ വീട്ടിൽ ഒന്നുപോകണമെങ്കിൽ എത്ര കെഞ്ചിയാലാ. ങ്ആ...

മക്കളെ വലിയ കാര്യാ കേട്ടോ"-. ബന്ധുര കാഞ്ചന കൂട്ടിലാണെങ്കിലും... ഓർമ്മ വന്നു. ചിറകുണ്ട് എന്നാൽ കല്ലുകെട്ടിയിട്ടാലോ. ..കൂടുതൽ കേൾക്കാൻ തോന്നിയില്ല. വേഗം ഇറങ്ങി. പണ്ടത്തെ കാമകുമാരൻ തിണ്ണയിൽ ഇരുപ്പുണ്ട്. നോക്കാൻ തോന്നിയില്ല. സാറാസും"ഗ്രേറ്റ് ഇന്ത്യൻ കിച്ചനും ഒന്നും വന്നതറിയാത്ത മനുഷ്യനോട് എന്ത് പറയാൻ. ആ പെൺകുട്ടികൾ സിനിമ കാണാത്തതു ഭാഗ്യം. "താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താന്താൻ അനുഭവിച്ചീടുകെന്നേ വരൂ "... ഇവിടെ പക്ഷെ അങ്ങനെയല്ലല്ലോ. നാടേ മാറിയിട്ടുള്ളു മാറ്റമില്ലാത്ത മനുഷ്യർ ഇപ്പോഴുമുണ്ട്. വരേണ്ടിയിരുന്നില്ലെന്നു തോന്നി. മൂഡ് ആകെ പോയി. പിന്നീടൊന്നും ആസ്വാദിക്കാൻ തോന്നിയില്ല വീട്ടിൽ എത്തിയപ്പോൾ രാത്രിയായി. നല്ല യാത്രാക്ഷീണം ഉണ്ട്.എന്നിട്ടും.... ചിറകിന്റെ ഭാരം കല്ലിന്റ വലിപ്പമനുസരിച്ച്. . എന്നാണതിന്റെ ഭാരം കുറയുക. ..ഒന്നുകൂടി തിരിഞ്ഞു കിടന്നു. മനസ്സ് ചിലപ്പോൾ ശരീരത്തിനെ മൈൻഡ് ചെയ്യില്ല. ലെൻസിന് മൂടൽ വീണു തുടങ്ങി. ഫോക്കസ് മാഞ്ഞു.

**Dr Meghana V P**
NSS College for Women, Neeramankara

# Sustainable innovations and company competitiveness

This article focuses on the available research linking relationship between sustainable innovations and company competitiveness and to understand the main factors that support this relationship. In the present study a systematic literature review of many relevant peer-reviewed publications are included. An effort has been made to understand the importance of company, sustainable innovations, variables in competitiveness and findings to understand whether there is a positive relationship between sustainable innovations and firm competitiveness. Majority of the studies are giving positive results. Therefore the findings support the view that sustainable innovations are creating a favourable environment for the company. But the relationship is complicated, and this study concludes with the result thatthe market and industry can have an everlasting impact on the relationship.

**Introduction**

Usage of resources and emissions of population and economic growth have placed an ever lasting problem on the environment (UN, 2019). Besides the external pressure of becoming more sustainable, businesses are facing growing competition due to new inventions and globalization. The combined effect has increased the significance ofsustainable value creation for businesses using green technology and led to answer the questionwhether sustainability innovations can solve both these problems. The linkage between competitiveness and sustainability has gained much interest among scholars, but the findings are not adequate. The current research is suggesting a positive relationship between a firm's competitiveness andsustainable innovations.Relationship between sustainability innovation and competitiveness is not only necessary to fulfil our academic thirst for knowledge. In the coming decades, incorporating sustainability into businesses will be critical to preserve future businesses. Relevant knowledge within this domain is important for future policy making. Earlier research revealed that keeping strict sustainability regulations can have a positive effect on a company's competitiveness and performance by driving innovation activities in companies. This knowledge shows us how regulations can stimulate sustainable innovation in industry and how the private sector helps in solving sustainability challenges.

Helped by literature available the most promising areas for further research is revealed.

**Theoretical framework**

In Damanpour's words, "The adaption of innovations is conceived to encompass the generation, development, and implementation of new ideas or behaviors … Innovation is a means of changing an organization, whether as a response to F. Hermundsdottir and A. Aspelund Journal of Cleaner Production 280 (2021) 124715 2 changes in its internal or external environment or as a preemptive action taken to influence an environment" (Damanpour, 1991, p. 556).Since firms are constantly innovating (Tushman and Nadler, 1986),it is important for them to adjust to the changing market situation and competition to build up a win- win situation .At the institution level, corporate sustainability has been defined as "meeting the needs of ainstitution's direct and indirect stakeholders (such as employees, customers, communities etc.), without adjusting its ability to meet the needs of future shareholders as well" (Dyllick and Hockerts, 2002, p. 131). Corporate sustainability concerns a firm's activities directed toward solving environmental and social issues in a strategic and profitable way (Salzmann et al., 2005, p. 27).Boons et al. (2013) define sustainability innovation as "innovation that improves sustainability performance" (p. 2), where performance includes all theaspects of sustainability, social environmental and economic. The term sustainability is well defined in the literature. Sustainability is, however, a broader concept as it includes the social aspect (Ben Arfi et al., 2018), and therefore researchers call for a more holistic approach, where the social dimension is considered (Adams et al., 2016; Engert et al., 2016). The terms "sustainable innovation," "environmental," "green," and "eco-innovation" areused synonymously in the literature (Ben Arfi et al., 2018; Forsman, 2013; Hojnik and Ruzzier, 2016b; Karakaya et al., 2014).Sustainable innovations are innovations wherein all sustainability aspects which includes economic, environmental and social are considered during the whole process of innovation.

For example, Clark and Charter (2007) found that finance and market related drivers, such as client requirements, the reputation brand and brand of companies, and cost savings in terms of materials and energy, are important drivers for adopting sustainable inventions.The quest for competitiveness act to drive sustainable innovations (Horbach et al., 2012). From a broad perspective, there are two opposite views of how sustainability innovations and competitiveness are connected (Cai and Li, 2018; Hussain et al., 2018; Triebswetter and Wackerbauer, 2008).According to the traditionalist view, sustainability innovations are viewed as cost drivers (Cai and Li, 2018; Palmer et al., 1995; Walley and Whitehead, 1994).Sustainable innovations are creating winwin situations that create value for the environment and society; simultaneously enhancing the competitivenature ofinstitutions (Porter and van der Linde, 1995). Porter and van der Linde (1995) are of the view that the traditionalist view is not correct and the right way of approach is to make institutions come up with new ideas that enhance value creation and efficiency in operations. Sustainable innovations leads to efficiency in workby reducing the usage of raw materials, energy and resource in terms of waste, water, fuel and energy(Chiou et al., 2011; Gurlek and Tuna, 2018). Besides this it improves quality of product and efficacy by reducing usage of materials especially harmful ones and increasing the usage of recyclable materials (Dey et al., 2019). A controversy regard the impact of sustainable innovations. Based on the review of literature, there is a research question which needs to be answeredWhat is the relation between competitiveness and sustainable innovations and the sources affecting this relation?

**Methodology**

To understand the present research question, review of literature is adequate as it gives an idea about the studies already conducted (Fink, 2019, p. 254) and the blanks existing in investigation.Literature reviews are necessary to understand the direction of the upcoming research and to analyse the power of the previous research (Gough et al., 2017).. Since the aim of this research was to understand the relation between sustainable innovations and competitiveness several dimensions were studied. Analysis done in this research was divided into two parts- Thematic and descriptive (Tranfield et al., 2003). In the first step descriptive analysis included dividing the main paper into several sections (Tranfield et al., 2003). Helped by this type ofresearch we found answers to the research questions.Results were presented helped by descriptive data

Table 2. Methodology used in the selected articles.

| Quantitative | | Qualitative | | Mixed methods |
|---|---|---|---|---|
| Survey | Primary data | Single case | Multiple cases | 3 |
| 74 | 19 | 4 | 8 | |


Table 3. Year of publication of the articles.

| Year | 2006 | 2007 | 2007 | 2008 | 2009 | 2010 | 2011 | 2012 | 2013 | 2014 | 2015 | 2016 | 2017 | 2018 | 2019 | 2020 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Number of articles | 2 | 2 | 1 | 0 | 2 | 1 | 4 | 5 | 13 | 8 | 8 | 11 | 11 | 12 | 24 | 4 |

from the existing research. helped by the thematic study main findings and the evolving themes of the existing data were identified (Tranfield et al., 2003).The main aim was to understand the relationship between the different variables(Klewitz and Hansen, 2014, p. 61).The thematic study helped us to filter important concepts and we came up with some importantresults.Table 2. Methodology used in the selected articles.

### Results

The current study begins with a systematic analysis of the methodology and application of the main terms in association with the sustainability.In the initial stage a description of the sample of studies description is given and after this specific findingsabout theresearch question is being answered. From the studies that were at last included in the review, majority showed a positive relationship between sustainable innovations and competitiveness.The relationship between sustainable innovations and firm competitiveness is a subject little studied and presented it for doing future research. Sustainable



innovations are most commonly measured in terms of the usage of water, gas, electricity etc. and adopting technologies which are cleaner**.** But sustainable managerial innovations are measured to redesign and improving products or services; implementing environmental management systems, value chain management systems, and organizational methods; and implementing international standards, such as ISO14001 (environment) or ISO9001 (quality). Studies connected with social innovation is quantifying inventions solving social issues. Social innovation cuts down cost and improves productivity. Results are given regarding the classification of industry competitiveness outcomes namelyincreasing value creation and cutting down costs.There was an effort done to analyse over 100 relations between sustainability innovations and increased value creation: majority were positive and a small percent was negative.The relation between the variables was well explained to arrive at the results. Environmental control has a negative impact on the relation connecting green inventions and industry performance.Market fluctuations has a moderatingimpact on the green innovationrelation (Chu et al., 2018).

**Sustainability innovations and competitiveness variables**

**Discussion**

The literature review done examined the relation between industry competitiveness and sustainable innovation. It also explained the causes behind this relation. Sustainable innovations are generally enhancing an industry's ability to create value and also reducingcosts**.**Forsman (2013) finds that green inventors who are more successful show more ROI than the ones who are unsuccessful. In a growth oriented economy sustainable innovations are valued the most. Countries having higher awareness level of environmental problems are supporting innovative green companies. Market conditions are also affecting the relation between sustainable inventions and competition**(**Chan et al., 2016**).** In the present scenario few firms are interested in taking the risk connected with green technology. The factor that drives sustainable inventions is firm related and the extent to which firms react to environmental issueschanges (Chu et al., 2018). Firms with higher levels of pollutions are likely to develop sustainable innovations against pollution.70% of the studies have showed environmental sustainability in terms of environmental innovation.

**Conclusion**

There is a necessity for future research to concentrate on the variables whichaffect the sustainable innovation and competitiveness. Most companies are focusing on short term profits due to pressure from stakeholders and competition in the industry (Leal-Rodríguez et al., 2018).This problem can be tackled by sustainable innovations to meet the changing market conditions.

## References


Sustainability-oriented innovation: a systematic review Int. J. Manag. Rev., 18 (2) (2016), pp. 180-205

Developing a global mindset: integrating demographics, sustainability, technology, and globalization

J. Teach. Int. Bus., 22 (1) (2011), pp. 51-69

Model of efficient and sustainable improvements in a lean production system through processes of environmental innovationJ. Clean. Prod., 47 (2013), pp. 141-148.

Green innovation and financial performance: an institutional approach

Organ. Environ., 26 (4) (2013), pp. 365-385

The importance of the complementarity between environmental management systems and environmental innovation capabilities: a firm level approach to environmental and business performance benefits

Technol. Forecast. Soc., 96 (2015), pp. 288-297

Green corporate image: moderating the connection between environmental product innovation and firm performance

J. Clean. Prod., 83 (2014), pp. 356-365.

Are regional systems greening the economy? Local spillovers, green innovations and firms' economic performances

Econ. Innovat. N. Technol., 25 (7) (2016), pp. 692-713

Influence of the green innovation in the search of competitive advantage of enterprises of the electrical and electronic Brazilian sectors

Int. J. Innovat. Manag., 20 (1) (2016), pp. 1-21

Influence of maturity on corporate social responsibility and sustainable innovation in business performance

Corp. Soc. Responsib. Environ. Manag., 27 (2) (2019), pp. 749-759.

Towards a multidisciplinary definition of innovation

Manag. Decis., 47 (8) (2009), pp. 1323-1339

External knowledge sources, green innovation and performance

Technol. Forecast. Soc. Change, 129 (2018), pp. 210-220

The influence of international scope on the relationship between patented environmental innovations and firm performance

Bus. Soc., 56 (2) (2017), pp. 357-387

C.C. Bitencourt, F. de Oliveira Santini, G. Zanandrea, C. Froehlich, W.J. Ladeira

Empirical generalizations in eco-innovation: a meta-analytic approach

J. Clean. Prod., 245 (2020), p. 118721

**ഡോ. ദീപിക വി. എസ്.**
ശ്രീനാരായണ കോളേജ്, ശിവഗിരി, വർക്കല

# അക്ഷരങ്ങളുടെ അമ്മയ്ക്കായ്



അമ്മേ... അക്ഷരത്താളുകളിൽ കഥയായ്,
കവിതയായ് നീ ജീവിക്കുമെങ്കിലും...
പ്രകൃതിതൻ കാറ്റായ്, തണലായ്,
അതിജീവിക്കുമെങ്കിലും...
മരണമില്ലാ മനസുകളിൽ അണയാത്ത
നാളമായ് ജ്വലിക്കുമെങ്കിലും...
നിൻവിയോഗമൊരു തീരാദുഃഖമായ്, നഷ്ടമായ്,
ഒരിറ്റുകണ്ണീരായ് ശേഷിക്കുമെന്നെന്നും...

ഇനി നീ വിശ്രമിക്കൂ...നിദ്രതൻ ആഴങ്ങളിൽ...
കാലം മറയ്ക്കാത്ത മധുര സ്മൃതികളിൽ...
മാതൃഭാഷതൻ അനശ്വരസഖിയായി,
പ്രകൃതിക്കു കാവലായ്, സ്നേഹിതർക്കമ്മയായ്,
ഉയിർത്തെഴുന്നേൽക്കുവാൻ...
അമ്മയാം വാക്കിനൊപ്പം നിൻമുഖം സ്മരിച്ചീടുവാൻ...

നീയാം രാത്രിമഴയിലലിഞ്ഞിടും
പാതിരാപ്പൂക്കളും, മുത്തുച്ചിപ്പിയും, മണലെഴുത്തും,
ഇരുൾച്ചിറകുകൾ കൊതിക്കുമീ പാവം മാനവഹൃദയവും
നീ കണ്ട സ്വപ്നഭൂമിക്കായ് കാത്തിരിപ്പൂ...

**മീനു ജോസ്**
മാർ ഇവാനിയോസ് കോളേജ്, തിരുവനന്തപുരം

# മനുഷ്യത്വത്തിലേയ്ക്കുയർത്തുന്ന അതിമാനുഷികത്വം

**Super humanith is the collective desire of Humanity**

മനുഷ്യാവസ്ഥയുടെ ബലഹീനതകളെ അതിജീവിക്കുക എന്ന മനുഷ്യരാശിയുടെ ചിരകാല അഭിലാഷത്തിന്റെ മൂർത്തീകരണങ്ങളാണ് Super Hero കോമിക്കുകൾ. 1930കളിൽ The Great Depressionന്റെയും രണ്ടാം ലോകയുദ്ധത്തിന്റെയും കെടുതികളാൽ വലഞ്ഞ അമേരിക്കയിലാണ് Super Hero Comicsന്റെ ഉത്ഭവം. Superman, Batman, Captain Marvel, Wonderwoman തുടങ്ങിയവർ പ്രതീക്ഷ നഷ്ടപ്പെട്ട ഒരു ജനതയുടെ അതിമാനുഷ രക്ഷകർക്കുവേണ്ടിയുള്ള കാത്തിരിപ്പിന്റെ പ്രതീകങ്ങളായി മാറി.

മാന്ദ്യത്തിന്റെ നാളുകൾക്ക് ശേഷവും സംരക്ഷക സ്വരൂപങ്ങൾ (Vigilante figures) വ്യവസ്ഥാപിത സമൂഹത്തിന്റെ അതിരുകളെ ഭേദിക്കാനുള്ള മനുഷ്യേച്ഛയുടെ പ്രതിഫലനങ്ങളായി നിലകൊണ്ടു. രാഷ്ട്രീയവും സാമൂഹികവുമായ തിരുത്തൽ ശക്തികളായി രൂപാന്തരപ്പെട്ട Superheroes, ഇന്ത്യൻ സാംസ്കാരിക ഭാവനയെയും ആകർഷിച്ചു. ഇതിഹാസങ്ങളിലെ അതിമാനുഷരെ പരിചയപ്പെടുത്തിയ അമർചിത്രകഥ മുതൽ പുരാണങ്ങളുടെ ആധുനിക പുനരാഖ്യാനങ്ങളായ അമിഷ് ത്രിപാഠിയുടെ Naga Trilogy വരെ ഈ ഗണത്തിൽ പെടുന്നു. Desi Super Heroes ആയ ശക്തിമാൻ, ക്രിഷ് തുടങ്ങിയവരും ജനമനസ്സുകൾ കീഴടക്കി.

Superman എന്ന ആശയം എക്കാലവും മനുഷ്യസമൂഹങ്ങളിൽ നിലനിന്നിരുന്നു എന്ന് ബർണാഡ്ഷാ എഴുതി. 'Man is something that ought to be overcome' എന്ന് നീഷെയും. പൂർണ്ണതയിലേക്കെത്താൻ പ്രയത്നിക്കുന്ന മനുഷ്യരാശിയുടെ പ്രയാണത്തിന് ഊർജ്ജമായി മാറി ഭാവനാസൃഷ്ടികളെങ്കിലും ഈ അതിമാനുഷർ. ഈ അതിമാനുഷവർത്തമാനങ്ങൾക്കിടയിൽ 'മിന്നൽ മുരളി' എന്ന മലയാള ചലച്ചിത്രത്തിന്റെ അടയാളപ്പെടുത്തൽ എങ്ങനെയാകണം എന്ന ഒരന്വേഷണമാണ് ഇവിടെ നടത്തുന്നത്.

തിന്മക്കെതിരായി നന്മനേടുന്ന വിജയം എന്ന ആഖ്യാന ഘടനയിലാണ് Superhero comics പൊതുവെ എഴുതപ്പെടുന്നത്. നായകനെയും വില്ലനെയും ഒരുപോലെ ആഘാതമേൽപിക്കുന്ന, അതിശക്തമായ ഒരു മിന്നൽപിണറാണ് സിനിമയിൽ അതിമാനുഷിക ശക്തികളുടെ ഉറവം. മിന്നൽമുരളിയിൽ ഈ ആഖ്യാന ഘടനയെ അപനിർമിക്കാനുള്ള ഒരു ഉദ്യമം ആദ്യം മുതലേ നടക്കുന്നു.



നീഷേയുടെ 'അതീതമനുഷ്യനെ' (Ubermensch) അതീതനാക്കുന്നത് Superpowers അല്ല, മറിച്ച് ഒരു Super moral code ആണ്. രണ്ടുപേർക്ക് ഒരുപോലെ മിന്നലേൽക്കുമ്പോൾ, ഒരേ ശക്തികൾ ലഭിക്കുമ്പോൾ, അന്തിമതീരുമാനം മനുഷ്യന്റെ ഇച്ഛാശക്തിയുടേത് മാത്രമാകുന്നു, അതിമാനുഷനാകുമ്പോൾ പോലും. മാനുഷികതയിൽ ഊന്നിയുള്ള അതിമാനുഷികതയാണ് ഈ ആഖ്യാനത്തെ വ്യത്യസ്തമാക്കുന്നത്.

സാധാരണത്വത്തിലെ അസാധാരണത്വം, മനുഷ്യത്വത്തിലെ അതിമാനുഷത്വം എന്ന ആശയമാണ് ചിത്രം മുന്നോട്ട് വെക്കുന്നത്. മറ്റ് Superheroകൾ തങ്ങളുടെ യഥാർത്ഥ സ്വത്വം പരമാവധി രഹസ്യമാക്കുമ്പോൾ കുറുക്കൻ മൂലയിലെ സൂപ്പർഹീറോ ജയ്സണാണെന്നത് പരസ്യമായ രഹസ്യമാകുന്നു. പ്രകൃതിയുടെ ഒരു കുസൃതിയിലൂടെ കിട്ടിയ ശക്തികളെ ഉപയോഗിക്കുന്ന രീതിയാണ് അവനെ അതിമാനുഷനാക്കുന്നത്.

ഇതേ തെരഞ്ഞെടുപ്പാണ് ഷിബുവിനെ അതിമാനുഷനെങ്കിലും, വില്ലനാക്കുന്നതും. സമൂഹത്താൽ ക്രൂരമായി പ്രാന്തവൽക്കരിക്കപ്പെട്ടിരുന്ന ഷിബുവിന് ജീവിതത്തിലാദ്യമായി സ്വയം നിർണയാവകാശം ലഭിക്കുന്നത് ഈ ശക്തികളുടെ മേലാണ്. തന്നോട് കരുണ കാണിച്ച ഒരേയൊരു മനുഷ്യജീവിയോട് – ഉഷയോട് – അയാൾ പ്രണയത്തിലാവുന്നു. പ്രണയത്തെക്കാളുപരി ഒരു പക്ഷേ കരുണയാണ് അയാൾ ആഗ്രഹിച്ചിരുന്നതെന്ന് തോന്നുംവിധം. ഷിബുവിനോടുള്ള സമൂഹത്തിന്റെ ക്രൂരമനോഭാവം ചിലപ്പോഴെങ്കിലും Batman ന്റെ പ്രതിനായകനായ Jockerനെ ഓർമിപ്പിക്കുന്നു.

ഷിബുവും ജയ്സണും പ്രാന്തവൽകൃതരെങ്കിലും ഭാഗ്യത്തിന്റെ അകമ്പടിയോടെ ജയ്സണ് മെച്ചപ്പെട്ട ജീവിതം ലഭിക്കുന്നു. 'വെറുമൊരു'



നാടകക്കാരന്റെ മകനല്ല ജയ്സ ണെന്നും, സമൂഹനന്മയ്ക്കുവേണ്ടി സ്വജീവൻ ബലിനൽകിയ 'ധീര നായക'നായിരുന്നു ജയ്സന്റെ പിതാവെന്നും കഥയിൽ പറയുന്നു. ഷിബുവാകട്ടെ, തമിഴത്തിയായ ഒരു ഭ്രാന്തിയുടെ മകനും. സിനി മയുടെ അവസാനത്തിലും ഈ വർഗസ്വത്വങ്ങൾക്ക് പുറത്തുവരാൻ കഥാപാത്രങ്ങൾക്ക് കഴിയുന്നില്ല. സമൂഹനിർമിതമായ ചട്ടക്കൂടുകൾ ക്കുള്ളിൽ തന്നെയാണ് കഥയുടെ പ്രവർത്തനം. ഒരുപക്ഷേ അതിന്റെ വൻ വിജയത്തിന്റെ കാരണവും.

അതിരുവൽക്കരിക്കപ്പെട്ട രണ്ടു പേർ, നായകനും വില്ലനുമായി തരം തിരിക്കപ്പെടുന്നത് അവർ നട ത്തുന്ന 'തിരഞ്ഞെടുപ്പിലൂടെയാണ്'. തിന്മയ്ക്കുമേൽ നന്മ തിരഞ്ഞെടുക്കു ന്ന, ഹിംസയ്ക്ക് പകരം സംരക്ഷണം തിരഞ്ഞെടുക്കുന്ന, നീഷെയുടെ വാക്കുകളിൽ ഒരു 'Superior moral code'ന്റെ തെരഞ്ഞെടുപ്പ്.

മാനുഷികതയുടെ ഉള്ളിൽ നിന്നു വരുന്ന ഈ തിരഞ്ഞെടുപ്പിന് ലിംഗഭേദം കൽപിക്കുന്നില്ല എന്നത് മിന്നൽമുരളിയെ സ്ഥിരം വാർപ്പുമാതൃകകളിൽ നിന്ന് വ്യത്യ സ്തമാക്കുന്നു. Hollywood Superhero പ്രപഞ്ചത്തിൽ നായകന്റെ 'perfect foil' ആയാണ് സ്ത്രീകഥാപാത്ര ങ്ങളുടെ സൃഷ്ടി. Superheroയാൽ രക്ഷിക്കപ്പെടാൻ കാത്തിരിക്കുന്ന 'damsel in dirtees' കഥാപാത്ര ങ്ങൾ. ഈ ഹോളിവുഡ് വാർപ്പുമാ തൃകകളിൽ നിന്ന് വ്യത്യസ്തയാണ് മിന്നൽമുരളിയിലെ ബിജിമോൾ. പ്രണയത്തിൽ ചതിച്ചവന്റെ കാല് തല്ലിയൊടിക്കാൻ അവൾക്ക് കു തിരപ്പുറത്ത് വരുന്ന രാജകുമാരന്റെ സഹായം ആവശ്യമില്ല. തൊഴിച്ച വനെ നിഷ്കരുണം പുരപ്പുറത്ത് നിന്ന് താഴെയിടുന്നു. പ്രതീകാത്മ കമായെങ്കിലും ഒരു ആണധികാര ത്തിന്റെ തൊഴിച്ചുതാഴെയിടലായി മാറുന്നുണ്ട് ആ രംഗം. അവസാന സംഘട്ടനത്തിൽ കോട്ടയ്ക്കുള്ളി ലകപ്പെടുന്ന ബിജിമോൾ സ്വന്തം പരിശ്രമത്താലാണ് പുറത്തെ ത്തുന്നത്.

ഒരു പ്രണയകഥയ്ക്ക് അവസരമുണ്ടാ യിട്ടും സ്ത്രീപുരുഷ സൗഹൃദത്തിന്റെ മനോഹരഭാവത്തിൽ ജയ്സണെ യും ബിജിമോളെയും നിലനിർത്തു ന്ന സംവിധായകൻ പുതിയൊരു ഭാവുകത്വത്തിന്റെ വക്താവാകുന്നു. മിന്നൽമുരളിയിലെ സ്ത്രീകൾ- സുഹൃ ത്തും സഹോദരിയുമടക്കം - അവ നൊപ്പം നിൽക്കുന്ന, ഒരു പക്ഷേ അവനിലും മീതെ നിൽക്കുന്ന കഥാപാത്രങ്ങളാണ്. വ്യവസ്ഥാ പിത സൂപ്പർഹീറോ പ്രപഞ്ചത്തി ലെ മടുപ്പിക്കുന്ന ആണധികാരത്തി നിടയിൽ ഇതൊരു വ്യത്യസ്തതയാ ണ്. ഒരുപക്ഷേ മിന്നൽമുരളിയെ നെറ്റ്ഫ്ളിക്സ് ഗ്ലോബൽ ടോപ് 10ൽ കുറച്ച് ദിവസത്തേക്ക് എത്തി ച്ച കാരണങ്ങളിൽ ഒന്ന്.

മനുഷ്യത്വത്തിലേക്കുള്ള പ്രയാണ ത്തിൽ ലിംഗഭേദങ്ങൾ അപ്രസക്ത മാവുന്ന, സ്വയം സൂചിപ്പിക്കാനുള്ള സർവ്വനാമങ്ങൾ സമൂഹനിർമിതി ക്കതീതമായി വ്യക്തികൾ തിര ഞ്ഞെടുക്കുന്ന ആധുനിക കാലത്ത് അവനാകുന്നതിലും അവളാകുന്ന തിലും അപ്പുറമായി മനുഷ്യനാവു ന്നതാണ് പ്രധാനം എന്ന് സിനിമ പറയാതെ പറഞ്ഞുവെക്കുന്നു.

പ്രണയത്തിന്റെ വിവിധ ഭാവങ്ങൾ ചിത്രത്തിൽ മിന്നിമായുന്നുണ്ട്. അതിന്റെ ഹിംസാത്മകഭാവമാണ് ഒരു സമയം ഷിബുവിൽ ദൃശ്യമാവു ന്നത്. പ്രണയം നിഷേധിക്കപ്പെ ടുമ്പോൾ ആസിഡ് ആക്രമണം നടത്തുന്നതും, നാടിനെ അഗ്നിക്കി രയാക്കുന്നതുമെല്ലാം ഒരേ അച്ചിൽ വാർത്ത പെരുമാറ്റ മാതൃകകളാണ്. പ്രണയം എന്നാൽ സ്വന്തമാക്ക ലോ അധികാരസ്ഥാപനമോ അല്ല എന്ന സന്ദേശം ജയ്സന്റെ പ്രണ യത്തകർച്ചയോടുള്ള ആരോഗ്യക രമായ സമീപനത്തിലൂടെ ആവി ഷ്കരിച്ചിരിക്കുന്നു. കാമുകിയാൽ ഉപേക്ഷിക്കപ്പെട്ട ജയ്സൺ ആരു മറിയാതെ കരയുന്നതും എന്നാൽ തകർച്ചയിൽ നിന്ന് രക്ഷനേടുന്നതു മെല്ലാം ആധുനികമായ, ആരോഗ്യ കരമായ ഒരു മാതൃക മുന്നോട്ടുവെ ക്കുന്നുണ്ട്.

ഷിബുവും ജയ്സണും തമ്മിലുള്ള അന്തരം നൂലുപോലെ നേർത്തതും അവരവരുടെ തെരഞ്ഞെടുക്കലുക ളിലൂടെ മാത്രം വ്യതിരിക്തമാവുന്ന തുമായി അവതരിപ്പിക്കപ്പെടുന്നു. ഈ തെരഞ്ഞെടുപ്പ് നടത്താൻ പ്രാപ്തനാക്കുന്നത് ഉള്ളിലെ 'ആരോഗ്യവാനായ' മനുഷ്യനാ ണ്, അതിമാനുഷനല്ല. അങ്ങനെ ചിത്രം സകലമനുഷ്യരിലുമുള്ള സൂപ്പർഹീറോയെ അനുധാരണം ചെയ്യാനുള്ള ഒരന്വേഷണമായി മാറുന്നു. സ്ത്രീ-പുരുഷ ഭേദമന്യേ, കുറുക്കൻ മൂലയിലെ 'സൗഹാർദ്ദവാ നും അയൽപക്കത്തെ പയ്യനുമായ' (Friendly neighbourhood) സൂപ്പർ ഹീറോയിലൂടെ.

**ചിന്നു ചന്ദ്രൻ പി.**
എസ് എൻ കോളേജ് കൊല്ലം

# ഒരു ക്ലാസ് ചാർജ്ജും പിന്നെ കുറെ ആകുലതകളും

രാത്രിയിലെപ്പോഴോ പെയ്ത മഴയുടെ ഈർപ്പവും താങ്ങി നിന്ന പ്രഭാതത്തിലേക്ക് സൂര്യൻ അന്ന് പതിവിലും നേരത്തെ ഉദിച്ചിറങ്ങി. മാസങ്ങളായി ലോക്ഡൗണിൽ ആയിരുന്ന മനസ്സും ശരീരവും പ്രഭാത സൂര്യന്റെ ഇളം ചൂടേറ്റ് പുതിയൊരുന്മേഷവുമായി പുതിയൊരു പ്രഭാതത്തിലേക്കും പുതിയൊരു നല്ല ദിവസത്തേക്കും നടന്നുകയറി.

നീണ്ട ഒരു ഇടവേളയ്ക്കു ശേഷം കോളേജ് തുറക്കുകയാണ്. കഴിഞ്ഞ മാർച്ചിൽ കോളേജ് അടച്ചതിനു ശേഷം വളരെ കുറച്ചു ദിവസങ്ങളെ ക്യാംപസിൽ കയറിയിട്ടുള്ളൂ.

കോവിഡും ലോക്ക്ഡൗണും അത് സമ്മാനിച്ച വേവലാതികളും ശ്വാസംമുട്ടലും മാത്രമായിരുന്നു കഴിഞ്ഞ കുറച്ചുനാൾ മനസ്സു മുഴുവൻ. ഭാവിയെക്കുറിച്ചുള്ള ആശങ്കകൾ വല്ലാതെ വേട്ടയാടിയ നാളുകൾ ഇപ്പോഴും അതേപടി തുടരുന്നുവെങ്കിലും എന്തെല്ലാമോ പ്രതീക്ഷകളും മനസ്സിൽ നിറയുന്നുണ്ട്.

വിദ്യാർത്ഥികൾ ഇല്ലാതെ, അവരുടെ ആഘോഷങ്ങളും ആർപ്പുവിളികളും കലപില സംസാരങ്ങളും യൂണിയൻ പ്രവർത്തനങ്ങളും ഒന്നുമില്ലാതെ നിർജീവമായ ക്യാമ്പസ് ഇന്ന്തൊട്ട് വീണ്ടും ഉണരുകയാണ്. ഇന്നുമുതൽ കുട്ടികളെയൊക്കെ കാണാമല്ലോ, അവരോട് സംവദിക്കാമല്ലോ എന്നതായിരുന്നു ഏറ്റവും വലിയ സന്തോഷം. പ്രത്യേകിച്ച് ഒരു ഇംഗ്ലീഷ് അധ്യാപികയ്ക്ക് കോളേജിൽ നിറച്ചു വിദ്യാർത്ഥികൾ ഉണ്ടല്ലോ. മാത്രമല്ല ഡിപ്പാർട്ട്മെൻറിൽ ചെന്നാൽ കുറെ നാളിന് ശേഷം കണ്ടുമുട്ടുന്ന സഹപ്രവർത്തകരുടെ മുഖങ്ങൾ ഓരോന്നായി മനസ്സിൽ നിറയുകയാണ്.

അലമാരയിൽ നിന്ന് നിറമുള്ള പച്ച കോട്ടൺസാരി എടുത്തു തേച്ചു മിനുക്കി നല്ലതുപോലെ ഡ്രസ്സ് ചെയ്തു പുറത്തേക്കിറങ്ങിയപ്പോൾ ആറു വയസ്സുകാരൻ മകൻ ഓടി

വന്ന സാരിത്തുമ്പിൽ പിടിച്ചു.

"അമ്മ എന്തിനാ ഇന്ന പോകു ന്നേ... ഞാൻ ഇവിടെ ഒറ്റയ്ക്കല്ലേ?"

അങ്ങനെ ഒരു ചോദ്യം അവനിൽ നിന്ന് പ്രതീക്ഷിച്ചിരുന്നതാണ്. അവനെ തൃപ്തിപ്പെടുത്താൻ എന്തെ ങ്കിലും നല്ലൊരു മറുപടിക്കായി മനസ്സ് പരക്കംപാഞ്ഞു.

അവനു സ്കൂൾ അടുത്ത മാസമേ തുറക്കുകയുള്ളൂ. അച്ഛനുമമ്മയും രാവിലെ ജോലിക്ക് പോയാൽ പിന്നെ വീട്ടുജോലിയ്ക്ക് വരുന്ന ചേച്ചി മാത്രമാണ് ശരണം എന്ന കാര്യം മനസ്സിലാക്കാനുള്ള മാന സിക വലുപ്പം അവനുണ്ട്.

"അപ്പൂസേ, ആൻസി ചേച്ചി ഞാൻ വരുന്നവരെ നിന്റെ കൂടെ ഇവിടെ കാണും. ചേച്ചിയുമായി മിണ്ടിയും ക്യാരംസ് കളിച്ചും കഴിയുമ്പോഴേ ക്കും അമ്മ ദേ ഓടി ഇങ്ങെത്തും."

അവൻ മറ്റൊന്നും പറഞ്ഞില്ല. വല്ലാത്തൊരു വിഷമം അവൻ മുഖ ത്തേക്ക് എടുത്തുവച്ചു. കാറിൽ കയ റിയപ്പോൾ വാടിയ മുഖവുമായി അവൻ യാത്രാനുമതി നൽകി.

മറവിയുടെ മാറാലകൾക്കുള്ളിൽ കുരുങ്ങിക്കിടന്ന വഴികളിലൂടെ സഞ്ചരിച്ച് കോളേജ് ക്യാമ്പസിൽ പുതിയൊരുന്മേഷവുമായി കാ ലൂന്നി. നഷ്ടപ്പെട്ടു പോയി എന്ന് കരുതിയിരുന്ന ജീവൻ തിരികെ കിട്ടിയത് പോലെ കോളേജ് ഇള കിമറിയുന്നത് പൊടുന്നനെ ശ്രദ്ധ യിൽപ്പെട്ടു. സെൽഫിയും ചിരിയും കളിയും ബഹളവും ആർപ്പുവിളികളു മായി കുട്ടികൾ പുതിയൊരു ഉണർ വിന്റെ പാതയിലാണ്. കോവിഡ് പ്രോട്ടോകോൾ ഒന്നും അവരുടെ നാലയലത്ത് കൂടി പോലും പോ കുന്നില്ല. കാറിൽ നിന്നിറങ്ങിയ പ്പോഴേ കിട്ടി അഞ്ചാറ് 'ഗുഡ്മോർ ണിംഗ് മിസ്സ്' വിളികൾ. ഒരുപാട് നാളിനു ശേഷം അത് കേട്ടപ്പോൾ മനസ്സിനതൊരു വല്ലാത്ത ഉണർ വായി.

ഡിപ്പാർട്ട്മെൻറിൽ കയറിയപാടെ ആദ്യം അഭിമുഖീകരിക്കേണ്ടി വന്നത് ഡിപ്പാർട്ട്മെൻറ് ഹെഡി നെയാണ്. പതിവുപോലെ തന്റെ 'ജോലിഭാരത്തിനെ'കുറിച്ചും മറ്റ് ടീച്ചേഴ്സിന്റെ 'ജോലി കുറവിനെ' കുറിച്ചും പൊതുവേയുള്ള നിസ്സ ഹകരണത്തെക്കുറിച്ചും ലതിക ടീച്ചർ വാചാലയായി. കേട്ടുപഴ കിയ കാര്യങ്ങൾ ആയതുകൊണ്ട് അതൊന്നും മനസ്സിലേക്ക് എടുത്തു പിടിച്ചില്ല. അപ്പോഴതാ ടീച്ചറിന്റെ വകയായി ഒരു പുതിയ അനൗൺ സ്മെൻറ്:

"ദീപ്തിക്ക് ഇനി മുതൽ രണ്ടാം വർഷ ഇംഗ്ലീഷ് ക്ലാസ്സിന്റെ ചാർജ് തരികയാണ്. സീന ടീച്ചർ മെറ്റേ ണിറ്റി അവധിയിൽ പ്രവേശിച്ചു . ആ ക്ലാസിലെ കുട്ടികളുടെ മുഴുവൻ ഉത്തരവാദിത്വവും ഇനി ദീപ്തിയ്ക്കാ ണ്. ഏറ്റെടുക്കുമല്ലോ അല്ലേ ?" , ടീച്ചർ ചോദിച്ചു.

രണ്ടാം വർഷ ഇംഗ്ലീഷ് ബാച്ച് വളരെ ഇഷ്ടമുള്ള ഒരു ക്ലാസ് ആണ്. കുറച്ച് ആൺകുട്ടികളും ഒരുപാട് പെൺകുട്ടികളും ഉള്ള ക്ലാസ്. രണ്ടുമൂന്നു വികൃതി പയ്യന്മാർ ഒഴിച്ചാൽ വലിയ കുഴപ്പമൊന്നുമി ല്ല. അതിനാൽ സന്തോഷത്തോ ടെ ഒ.കെ പറഞ്ഞു. എന്നാലും മനസ്സിൽ ഒരു സംശയം കിടന്ന് വല്ലാതെ പുളഞ്ഞു. സീന ടീച്ചർ മക്കളെപ്പോലെ കൊണ്ടുനടന്ന കുട്ടികളാണ്. അവർക്ക് ടീച്ചർ അമ്മയും ചേച്ചിയും ഒക്കെയാണ്. ടീച്ചർക്ക് കുട്ടികൾ എന്നുവച്ചാൽ ജീവന്റെ ജീവനാണ്. ആ സ്ഥാന ത്ത് അവർ തന്നെ അംഗീകരിക്കു മോ? ടീച്ചറിനെ പോലെ തനിക്ക് അവരെ സ്നേഹിക്കാൻ പറ്റുമോ? തെല്ലൊരു ആശങ്ക മനസ്സിൽ കു ടനിവർത്തി. എന്തായാലും ഫസ്റ്റ് പിരീഡ് ആ ക്ലാസ് ആണ്. പെ ട്ടെന്ന് പിടിവിട്ടു പോയ മനസ്സിൽ ധൈര്യം റീചാർജ് ചെയ്തു നിറച്ച് പ്രത്യേകിച്ചൊന്നും സംഭവിച്ചിട്ടി ല്ലാത്ത ഭാവത്തിൽ ക്ലാസിലേക്ക് കടന്നു ചെന്നു.

താനാണ് പുതിയ ക്ലാസ് ടീച്ചറെ ന്ന് കുട്ടികൾ നേരത്തെ അറിഞ്ഞി രിക്കുന്നു എന്നവരുടെ മുഖഭാവങ്ങ ളിൽ നിന്നു വായിച്ചു മനസ്സിലാക്കി. ചില മുഖങ്ങളിൽ തിളക്കം, ചില കണ്ണുകളിൽ സംശയവും; ചിലർക്ക് നിസ്സംഗത. ഇടക്കണ്ണിട്ട് ഓരോരു ത്തരുടെയും മുഖഭാവം മനസ്സിലേ ക്ക് പിടിച്ചെടുപ്പിക്കുന്നുണ്ടായിരുന്നു. ഇതെല്ലാം ഒരു പക്ഷേ തന്റെ മനസിന്റെ വിഹ്വലതകൾ ആവാം. എന്തായാലും പൊതുവേ ഒരു പോ സിറ്റീവ് വൈബ് തോന്നിയതായി മനസ്സിനെ പരുവപ്പെടുത്തി കഴി ഞ്ഞിരുന്നു.

ആദ്യ ക്ലാസ് ആയതുകൊണ്ടും ക്ലാസ് ചാർജ് ഉള്ളതുകൊണ്ടും നേരെ പാഠഭാഗങ്ങളിലേക്ക് മുങ്ങിത്താഴാൻ തോന്നിയില്ല. കുട്ടി കളുടെ മനസ്സിലേക്ക് എത്തിപ്പെ ടാൻ കുട്ടികളിലേക്ക് ഒരു പാലം പണിയണം എന്ന തോന്നലിന്റെ അടിസ്ഥാനത്തിൽ അവരുടെ സ്വകാര്യതകളിലേക്ക് അവരുടെ സമ്മതത്തോടെ ഒരു കടന്നുകയറ്റം നടത്തി.

ലോക്ക്ഡൗൺ കാലത്തെ വിശേ ഷങ്ങൾ ആരായുകയായിരുന്നു ആദ്യം ചെയ്തത്. സമ്പത്തിന്റെ സമൃദ്ധിയിൽ കഴിയുന്ന വീട്ടിലെ കുട്ടികൾക്ക് ലോക്ക്ഡൗൺ കാലം വായിക്കാനും ഒരുപാട് സിനിമ കൾ കാണാനുമുള്ള അവസരം സമ്മാനിച്ചു എന്ന് അവരുടെ സം സാരത്തിൽ നിന്നും മനസ്സിലായി. പക്ഷേ ചില കുഞ്ഞുങ്ങളുടെ മുഖ ത്ത് വല്ലാത്ത മ്ലാനത തൂങ്ങി നിന്ന ത് വൈഷമ്യത്തോടെ ശ്രദ്ധിച്ചു.

"ഒന്നും പറയേണ്ട ടീച്ചറേ ... കഷ്ട പ്പാടാര്ന്ന് ... അച്ഛന് ഹോട്ടലിലാ ജോലി... ഹോട്ടൽ അടച്ചപ്പോ... അച്ഛന് ജോലി നഷ്ടമായി...അമ്മ വീട്ടുജോലിക്ക് പോകുമായിരുന്നു... പക്ഷേ ഇപ്പോൾ കൊറോണ പേടിച്ച് ആരും ജോലിക്ക് വിളി ക്കുന്നില്ല...ശരിക്കും വീട് പട്ടിണി യിലായി ... ഓൺലൈൻ ക്ലാസിന് വേണ്ടി ഡേറ്റ ചാർജ് ചെയ്യാൻ പോലും ബുദ്ധിമുട്ടി ... പെട്ടുപോയി ടീച്ചറേ ...ശരിക്കും പെട്ടു പോയി... ഇത്രയും കഷ്ടപ്പാട് ഇതിനുമുമ്പ് അനുഭവിച്ചിട്ടില്ല ..."

രശ്മിയുടെ വാക്കുകൾ മനസ്സിനെ പൊള്ളിച്ചു. അവളുടെ കണ്ണുകളിൽ ദുരിതത്തിന്റെ വേദന ഘനീഭവിച്ച വിഷാദമായി നിറഞ്ഞു നിൽപ്പുണ്ടാ യിരുന്നു.

"മിസ്സേ, ഇന്ന് കോളേജ് ഒന്ന് കണ്ടു കഴിഞ്ഞപ്പഴാ ഒരു ആശ്വാസം തോന്നിയേ ... വീട്ടിലിരുന്ന് ഒരു പരുവമായി ... ഒന്നും പഠിക്കാനും തോന്നിയില്ല... വായിക്കാനും തോന്നിയില്ല ... ഓൺലൈൻ ക്ലാസൊക്കെ അറ്റൻഡ് ചെയ്യുത് അച്ഛനെയും അമ്മയെയും ബോധിപ്പിക്കാനാ ... ഒന്നും ശ്രദ്ധിച്ചില്ല... അന്നു പഠിപ്പിച്ചത് ഒന്നൂടെ പറഞ്ഞു തരുമോ മിസ്സേ?". ഒരു വിരുതന്റെ കമൻറ് കേട്ടപ്പോൾ അവനെ ഒന്ന് തറപ്പിച്ചു നോക്കി. അവൻ കണ്ണിറുക്കി ചിരിച്ചു.

എന്തായാലും അവരോട് സംസാരിച്ചു തുടങ്ങിയപ്പോൾ കുറച്ച് ആശ്വാസമായി . എല്ലാം അവർ തുറന്നു പറയുന്നുണ്ടല്ലോ. ഒരു മണിക്കൂർ പോയതറിഞ്ഞില്ല. ക്ലാസ്സ് കഴിഞ്ഞപ്പോ സീന ടീച്ചറെ വിളിച്ചു ക്ലാസ് ചാർജ് ഏറ്റെടുത്ത വിവരമറിയിച്ചു. ടീച്ചറുടെ ഉപദേശങ്ങൾക്കായി കാതോർത്തു.

"നല്ല പിള്ളേരാ ദീപ്തി, സ്നേഹിച്ചാ നമ്മളെ ജീവനെപോലെ തിരിച്ചും അവർ സ്നേഹിക്കും... പിന്നെ ചില വിരുതന്മാർ ഉണ്ട് .... അവന്മാരെ ആദ്യമേ തന്നെ കയ്യിലെടുക്കണം..ഓൾ ദ ബെസ്റ്റ് "ï.

ടീച്ചറുടെ വാക്കുകൾ മനസ്സിന് ഒരു ഉന്മേഷം പകർന്നു തന്നു. അല്ലെങ്കിലും വിഷമിച്ചിരിക്കുന്ന സമയത്ത് ടീച്ചറിനോട് അഞ്ച് മിനിറ്റ് സംസാരിച്ചാൽ ഒരു പോസിറ്റീവ് എനർജി മനസ്സിലേക്ക് ഓടിക്കയറും. ചിലരങ്ങനെയാണ്. അഞ്ച് മിനിറ്റ് സംസാരിച്ചാൽ അഞ്ച് ദിവസത്തേക്കുള്ള ഊർജ്ജം അവർ തരും.

വൈകിട്ട് കോളേജ് കഴിഞ്ഞ് വീട്ടിലെത്തിയപ്പോൾ അപ്പൂസ് ഗേറ്റിനടുത്ത് കാത്തു നിൽപ്പുണ്ടായിരുന്നു. അഞ്ചാറു മാസത്തിനു ശേഷമാണ് അവൻ അമ്മയെ ഇത്രയും നേരം പിരിഞ്ഞു നിന്നത്. പോകാൻ തയ്യാറായി നിന്ന ആൻസി ചേച്ചിയെ പെട്ടെന്ന് അവൻ യാത്രയാക്കി.

"മോൻ കുറേനേരം മൊബൈലിൽ കളിച്ചു ... പിന്നെ കുറച്ചു നേരം ടിവി കണ്ടു...

ഭക്ഷണം ഒക്കെ നല്ലപോലെ കഴിച്ചു.. അത് കഴിഞ്ഞു ഒരു മണിക്കൂർ ഉറങ്ങി..

കുരുത്തക്കേട് ഒന്നും കാണിച്ചില്ല."

ഗേറ്റിനു പുറത്തേക്കിറങ്ങിയ ചേച്ചി അവനെ നോക്കി വാത്സല്യത്തോടെ പറഞ്ഞു. മനസ്സിൽ ആശ്വാസം പടർന്നു.

വൈകിട്ട് ചായയൊക്കെ കുടിച്ച് കുറേനേരം അവനൊപ്പം സംസാരിച്ചിരുന്നു. ഫോൺ നോക്കിയപ്പോൾ പത്തോളം മിസ്ഡ് കോൾ കണ്ടു വല്ലാതെ പതറി. ഇത്രയും തവണ വിളിക്കുന്നത് ആരാണാവോ ! ഫോൺ സൈലൻറ് മോഡിൽ ആയതിനാൽ വിളിച്ചത് അറിഞ്ഞില്ല. നാലു മണി തൊട്ടേ വിളിച്ചിരിക്കുന്നുണ്ട് . ഏതു നമ്പർ ആണെന്ന് മനസ്സിലാക്കാൻ ട്രൂകോളറിൽ തെരഞ്ഞപ്പോഴും മനസ്സിലായില്ല. എന്തായാലും സമയം ആറു കഴിഞ്ഞു. വേവലാതിയോടെ മൊബൈൽ ഫോണിൽ വിരലോടിച്ചപ്പോൾ അങ്ങേത്തലയ്ക്കൽ ഒരു വിഷാദ ശബ്ദം:

"ദീപ്തി ടീച്ചർ അല്ലേ ?"

"അതെ"

"ഞാൻ ടീച്ചറിന്റെ ക്ലാസിലെ നന്ദുവിന്റെ അമ്മയാണ് "

"എന്താ കാര്യം? "

"ടീച്ചറേ, നന്ദു ഇതുവരെ വീട്ടിൽ തിരിച്ചെത്തിയിട്ടില്ല. സ്പെഷൽ ക്ലാസ് എങ്ങാനും കോളേജിൽ ടീച്ചർമാർ വെച്ചിട്ടുണ്ടോ? അവനെ ഒരുപാട് തവണ വിളിച്ചു.

ഫോൺ എടുക്കുന്നില്ല. വല്ലാതെ പേടിയാവുന്നു ടീച്ചറേ"

"പുതിയ ക്ലാസ്സ് ആയതുകൊണ്ട് കുട്ടികളുടെ പേരൊന്നും ഞാൻ പഠിച്ചിട്ടില്ല മാഡം.

നന്ദുവിന്റെ മുഴുവൻ പേരെന്താ? ... എനിക്ക് ആളെ ഓർമ്മ വരുന്നില്ലല്ലോ! ...എന്തായാലും

ഞാൻ അന്വേഷിച്ചിട്ട് പറയാം ... ഇന്ന് ആരും കോളേജിൽ സ്പെഷ്യൽ ക്ലാസ് ഒന്നും വെച്ചിട്ടില്ല ... അതുറപ്പാ"

പ്രതീക്ഷയുടെ ഒരു വലിയ കവാടം ആ സ്ത്രീയുടെ മുന്നിൽ അടഞ്ഞു.

"ഒന്ന് അന്വേഷിച്ചിട്ട് പറയണേ ടീച്ചറെ . രാവിലെ എട്ടുമണിക്ക് വീട്ടീന്ന് പോയതാ."

"എന്തെങ്കിലും അറിയുന്നെങ്കിൽ ഞാൻ ഉടൻ വിളിച്ചു പറയാം മാഡം... വിഷമിക്കേണ്ട ."

ആ അമ്മയുടെ നെഞ്ചിടിപ്പ് മനസ്സിലാക്കാൻ അത്ര പ്രയാസമൊന്നും തനിക്ക് വേണ്ടി വന്നില്ല.

ഉടൻതന്നെ സീന ടീച്ചറിനെ വിളിച്ച് നന്ദുവിന്റെ കൂട്ടുകാരുടെയെല്ലാം ഫോൺ നമ്പർ സംഘടിപ്പിച്ചു. നന്ദുവിനെ വിളിച്ചപ്പോൾ ഫോൺ റിങ്ങ് ചെയ്യുന്നുണ്ടായിരുന്നു.

കൂട്ടുകാരൻ ദീപക്കിനെ വിളിച്ചപ്പോൾ നന്ദു ഇന്ന് കോളേജിൽ വന്നില്ല എന്ന് അറിഞ്ഞു. അത് കേട്ട് ഉള്ളിൽ വല്ലാത്ത ഒരു ആന്തലുണ്ടായി. എന്തായാലും ആ വിവരം നന്ദുവിന്റെ അമ്മയെ വിളിച്ചറിയിക്കണമല്ലോ ! ക്ലാസിലെ മറ്റ് രണ്ട് കുട്ടികളെയും കൂടി വിളിച്ചു.

അവരാരും അവനെ ഇന്ന് ക്ലാസിലോ ക്യാമ്പസിലോ കണ്ടിട്ടില്ല. എല്ലാവരെയും വിളിച്ച് അന്വേഷിച്ചപ്പോഴേക്കും സമയം 7 കഴിഞ്ഞിരുന്നു. അമ്മയെ വിളിച്ചു കാര്യം പറഞ്ഞപ്പോൾ അവർ പൊട്ടിക്കരഞ്ഞു "ടീച്ചറേ, എനിക്ക് അവനും അവനു ഞാനും മാത്രമേ ഉള്ളൂ. രാവിലെ പൊതിച്ചോറും കെട്ടി കോളേജിലേക്കെന്നും പറഞ്ഞ് ഇവിടുന്ന് ഇറങ്ങിയതാ .... എന്താ അവന് പറ്റിയത് ?...

അവന്റെ കൂട്ടുകാരെയെല്ലാം ടീച്ചർ വിളിച്ചു ചോദിച്ചോ?... തയ്യൽ പണി ചെയ്തു ജീവിക്കുവാ ടീച്ചറെ ...ഭർത്താവില്ല ...ബന്ധുക്കൾ ഇല്ല ...ഓരോ ദിവസവും പിടിച്ചുനിൽക്കാൻ ഞാൻ ഈ കൊറോണക്കാലത്ത് പെടുന്ന പാട് എനിക്കും ദൈവത്തിനും മാത്രമേ അറിയൂ ... അവനെ ഒരു നിലയിലെത്തിക്കണ്ടേ"

തങ്ങളുടെ സംഭാഷണങ്ങൾക്കിടയിൽ അൽപനേരം മൗനം ഘനീഭവിച്ചു. വീണ്ടും ആ അമ്മയുടെ വിലാപം മൊബൈലിലൂടെ ഒഴുകിയെത്തി

"ഈ രാത്രി ഞാൻ എവിടെപ്പോയി ആരെയും കൂട്ടി അവനെ അന്വേഷിക്കും? .... എനിക്ക് പേടിയാവുന്നു....."

അവരുടെ ശബ്ദമിടറി ....വാക്കുകൾ വിങ്ങിപ്പൊട്ടി. വേദനയുടെ കനലുകൾ അവരുടെ ഓരോ ശബ്ദത്തിലും താൻ അറിഞ്ഞു. ഒരു വിങ്ങലോടെ ഫോൺ വെച്ചു.

അവന്റെ കൂട്ടുകാരെയെല്ലാം വീണ്ടും വിളിച്ച് അവനെപ്പറ്റി അന്വേഷിക്കാൻ പറഞ്ഞു. നന്ദുവിന് എന്തെങ്കിലും അപകടം സംഭവിച്ചുവെന്ന തോന്നൽ മനസ്സിലേക്ക് ശക്തിയായി ഇടിച്ചു കയറി.

സമയം എട്ടു മണി കഴിഞ്ഞപ്പോൾ നന്ദുവിന്റെ അമ്മയുടെ ഫോൺ കോൾ വീണ്ടും വന്നു. ഒന്ന് റിങ്ങ് ചെയ്തപ്പോഴേ ഉത്കണ്ഠയോടെ ഫോൺ കയ്യിലെടുത്തു.

"എന്താ, നന്ദുവിനെപറ്റി എന്തെങ്കിലും വിവരം കിട്ടിയോ?"

"ടീച്ചറേ...അവൻ വന്നു..."

അൽപ്പനേരം ഒരു ദീർഘനിശ്വാസം ഒരു മൗനമായി തങ്ങളുടെ ഇടയിൽ തങ്ങിനിന്നു .

"എവിടായിരുന്നു ഇത്ര നേരം അവൻ?"

"ടീച്ചറേ, ഞാൻ ഫോൺ അവനു കൊടുക്കാം ...അവൻ തന്നെ പറയട്ടെ എല്ലാ കാര്യങ്ങളും ടീച്ചറോട്".

"മിസ്സെ, ഞാൻ നന്ദുവാ ."

"നന്ദൂ, നിനക്ക് എന്തു പറ്റിയതാ .... എന്താ ഫോൺ വിളിച്ചപ്പോൾ എടുക്കാതിരുന്നത് ?....നിന്റെ അമ്മ എത്ര പേടിച്ചെന്നറിയുമോ ? ...എന്താ ഇന്ന് കോളേജിൽ വരാതിരുന്നത് ? ....എവിടാരുന്നു നീ ഇത്രയും നേരവും ?"

ദേഷ്യത്തോടെയുള്ള തന്റെ ചോദ്യങ്ങൾ ശരമ്പുകൾ ആയി അവന്റെ നെഞ്ചിൽ തറച്ചു.

"അത് പിന്നെ ... മിസ്സേ... ഒരുപാട് നാളായി വീടിനകത്തല്ലേ .... ആകെ ബോറടിച്ച്

....പുറത്തിറങ്ങാൻ നല്ലൊരു അവസരം കിട്ടിയതല്ലേ ....ഞാനും ട്യൂഷൻ ക്ലാസിലെ കൂട്ടുകാരും കൂടി കാസിനോ മാളിൽ ഒന്നൊത്തുകൂടി ... പിന്നെ ...ഹോട്ടലിൽ നിന്ന്

ഭക്ഷണമൊക്കെ കഴിച്ചു... .പാർക്കിൽ പോയി ....അതുകഴിഞ്ഞ് .... ഇന്ന് തീയറ്ററുകൾ തുറന്നതല്ലേ... സിനിമയ്ക്കും പോയി ....അങ്ങനെ സമയം പോയത് അറിഞ്ഞില്ല .... അമ്മയോട് പറഞ്ഞാൽ വഴക്കു പറയില്ലേ ....അതുകൊണ്ടാ ഫോൺ സൈലന്റ് മോഡിൽ ഇട്ടിരുന്നത്."

എത്ര ലാഘവത്തോടെയാണ് ഒറ്റവാക്കിൽ ഇതെല്ലാം അവൻ പറഞ്ഞു തീർത്തത്. വീട്ടിൽ സമയത്ത് തിരിച്ചെത്താത്ത മകനെയും നോക്കി ശ്വാസംമുട്ടിയിരിക്കുന്ന ഒരു അമ്മയുടെ തേങ്ങൽ ഊഹിച്ചെടുക്കാൻ പോലും അവനായില്ല .

"നന്ദു ... നിനക്ക് അറിയുമോ നീ വൈകിട്ട് വരാൻ താമസിച്ചപ്പോൾ നിന്റെ അമ്മ നീറിയ നീറ്റൽ ?"

തന്റെ ചോദ്യം അല്പം കടുപ്പത്തിൽ ആയിരുന്നു.

"ഓ ... അതിലൊന്നും വലിയ കാര്യമൊന്നുമില്ല മിസ്സേ ....അമ്മ ചുമ്മാ ആവശ്യമില്ലാതെ എല്ലാരെയും വിളിച്ചു പറഞ്ഞു ...വെറുതെ സീനാക്കി... എന്നെ നാണംകെടുത്താൻ..."

അവന്റെ സംസാരത്തിൽ അമ്മയോടുള്ള ദേഷ്യവും അമർഷവും കത്തിനിന്നു .

അവനോടു തോന്നിയ നീരസം മനസ്സിൽ ഒതുക്കിപ്പിടിച്ച് ശാസനരൂപത്തിൽ അല്പം ഉപദേശം വിളമ്പി നിരത്തി :

"നന്ദൂ ... നിന്റെ അമ്മയ്ക്ക് നീ മാത്രമേയുള്ളൂ... അവരുടെ സ്വപ്നങ്ങളിൽ മുഴുവൻ നിന്റെ ഉയർച്ചയും വളർച്ചയും മാത്രമാണ് നിറഞ്ഞു നിൽക്കുന്നത്. അത് നീ ഓർക്കണം... നിനക്ക് വേണ്ടി ജീവിക്കുന്ന ആ പാവത്തിനെ വിഷമിപ്പിക്കാതിരിക്കാൻ നീ ശ്രദ്ധിക്കണ്ടേ ?..."

കുറച്ചുസമയം അവൻ അവനിലേക്ക് തന്നെ ചുരുങ്ങി നിശ്ശബ്ദനായി.

"ഇനി ഇങ്ങനെ ഒന്നും സംഭവിക്കില്ല സോറി മിസ്സ് .."

അവൻ വിതുമ്പുന്ന നേർത്ത സ്വരത്തിൽ പറഞ്ഞു.

"ക്ഷമ പറയേണ്ടത് എന്നോടല്ല നന്ദു ... അമ്മയോടാണ്. കൂട്ടുകാരുടെ ഇടയിൽ എല്ലാം മറന്നു രസിച്ചപ്പോൾ ആ അമ്മയെ നീ മറന്നു. അവരുടെ വേദന എനിക്ക് മനസ്സിലാക്കാൻ പറ്റും. കാരണം ഞാനും ഒരു അമ്മയാണ്."

നന്ദുവിൽ നിന്ന് നീണ്ടു വന്ന തിരിച്ചറിവ് വല്ലാത്തൊരു ഊർജ്ജമായി മനസ്സിൽ ഉറഞ്ഞു.തൊട്ടടുത്തിരുന്ന് അപ്പൂസ് ഹിന്ദി നോട്ട്സ് എഴുതുന്നു. തലയുയർത്തി അവൻ ഒന്നു നോക്കി.

"എന്താ അമ്മേ ! അമ്മ എന്താ ഇങ്ങനെ കണ്ണുരുട്ടി നോക്കുന്നെ?.. ആരോടാ ഇത്രയും നേരം സംസാരിച്ചത്?... ആരാ നന്ദു ?..."

ഒന്നും മിണ്ടാതെ കുറച്ചുനേരം താൻ അവനെത്തന്നെ നോക്കിയിരുന്നു.

ആറുവയസ്സിന്റെ നിഷ്കളങ്കത അവന്റെ കണ്ണുകളിൽ ഓടിക്കളിക്കുകുണ്ടായിരുന്നു.

ഒരു മറുപടിക്കു വേണ്ടി ചോദ്യം ആവർത്തിക്കാതെ അവൻ വീണ്ടും നോട്ടെഴുത്തിൽ വ്യാപൃതനായി.

ജീവിതത്തിന്റെ പരുപരുത്ത യാഥാർത്ഥ്യങ്ങളെയും കുടുംബബന്ധങ്ങളുടെ ഊഷ്മളതയെയും ഒരു കൗൺസിലിംഗിന്റെ പിൻബലമില്ലാതെ അംഗീകരിക്കാൻ തയ്യാറാകാത്ത ഒരു വിദ്യാർത്ഥി സമൂഹം മനസ്സിൽ വല്ലാത്ത അസ്വസ്ഥതയായി നിഴലിച്ചു.

**ഡോ. രമ്യ ആർ.**
എസ്.എൻ. വനിത കോളേജ്, കൊല്ലം

# പെൺപൊരുളിന്റെ ഉൾവഴികളിലൂടെ

സ്ത്രീയെന്ന സത്യത്തെ അടുത്തറിയാൻ ശാരീരികവും മാനസികവുമായ പ്രത്യേകതകളുടെ വസ്തുനിഷ്ഠമായ പഠനം ആവശ്യമാണ്. ഒട്ടേറെ പ്രത്യേകതകളുണ്ട് സ്ത്രീസത്തയ്ക്ക്. പ്രത്യുല്പാദനത്തിന് അനുയോജ്യമായ ശരീരഘടന, വർഗ്ഗസംരക്ഷണത്തിനാവശ്യമായ മാനസികഘടന, പ്രകൃതി തന്നെ ഇതിലേക്കായി രണ്ട് അടിസ്ഥാനചോദനകൾ സ്ത്രീത്വത്തിൽ ലയിപ്പിച്ചിട്ടുണ്ട് – ലൈംഗികതയും മാതൃസ്നേഹവും സ്ത്രീത്വത്തിലെ വിപരീതഭാവങ്ങൾ– സ്നേഹം, അനുകമ്പ തുടങ്ങിയ സൗമ്യഭാവങ്ങളും പാരുഷ്യം, അക്രമാസക്തി തുടങ്ങിയ പുരുഷഭാവങ്ങളും ഉടലെടുക്കുന്നത് ഈ രണ്ട് ചോദനകളിൽ നിന്നുമാണ്.  സൗമ്യഭാവങ്ങൾ മാതൃഭാവവുമായും പുരുഷഭാവങ്ങൾ ലൈംഗികതയുമായും ബന്ധപ്പെട്ടുന്നവയുമാണ്. സൗമ്യഭാവങ്ങൾ മാതൃദാനം ഏറെക്കുറെ മാറ്റമില്ലാതെ തന്നെ തുടർന്നുകൊണ്ടിരിക്കുന്നുണ്ടെങ്കിലും ലൈംഗികത സാമൂഹ്യ പരിണാമപ്രക്രിയകൾക്കനുസരിച്ച് മാറ്റങ്ങൾക്ക് വിധേയമായി.

സ്ത്രീയും അവളുടെ കുട്ടികളും അടങ്ങുന്നതായിരുന്നു പ്രാകൃത സമൂഹത്തിൽ കുടുംബം. ആഹാര സമ്പാദനം, സുരക്ഷിതത്വപാലനം എന്നീ രണ്ടു പൊതുകാര്യങ്ങളിലും നേതൃത്വം വഹിച്ചിരുന്നത് സ്ത്രീയായിരുന്നു. സ്വത്തവകാശവും സ്ത്രീവഴിക്കായിരുന്നു എന്നാണ് നരവംശ ശാസ്ത്രജ്ഞന്മാരുടെ നിഗമനം. സാമൂഹ്യഘടനയിൽ പിന്നീടുണ്ടായ പലവിധ മാറ്റങ്ങളിൽ പ്രധാനം പുരുഷൻ, തന്റെ പ്രജനനപ്രക്രിയയിലെ പങ്കാളിത്തം മനസ്സിലാക്കികൊണ്ടും സമ്പാദാർജ്ജന സംരംഭങ്ങളിലെ നേതൃത്വം ഏറ്റെടുത്തുകൊണ്ടും കുടുംബനാഥനായി കടന്നുവന്നതായിരുന്നു. കുടുംബത്തിനകത്തും പുറത്തും സ്ത്രീക്കുണ്ടായിരുന്ന സമുന്നതസ്ഥാനങ്ങൾ അതോടെ നഷ്ടമായി, മാതൃദായക്രമം അതോടെ പിതൃദായക്രമമായി മാറി.

ഈ മാറ്റം യാഥാർത്ഥ്യമായത് ഫ്യൂഡൽയുഗത്തിലാണ്. സ്വകാര്യസ്വത്തിന്റെ ആവിർഭാവം, വിവാഹം, കുടുംബം തുടങ്ങിയ സാമൂഹ്യസ്ഥാപനങ്ങളുടെ ഘടനയിലുണ്ടായ മാറ്റം, മതവിശ്വാസങ്ങളുടെ പ്രചാരം എന്നിങ്ങനെ പല ഘടകങ്ങൾ അതിന് പിന്നിലുണ്ട്. സ്വത്തവകാശം പുരുഷനിൽ നിക്ഷിപ്തമായപ്പോൾ തനിക്കുശേഷം തന്റെ സ്വത്തിന്റെ അവകാശി തന്റെ പുത്രൻ തന്നെയായിരിക്കണമെന്നത് പുരുഷന് ഉറപ്പു വരുത്തേണ്ടി വന്നു. അതിലേക്ക്  ഭാര്യയുടെ ഏകകർതൃത്വത്തിന് കർക്കശമായ എതിർപ്പുകളുണ്ടായി. നിർബന്ധപൂർവ്വമായ അനുശാസനങ്ങളിലൂടെ പാതിവ്രത്യവും ചാരിത്ര്യവും മഹനീയ മൂല്യങ്ങളാണെന്ന ബോധം വളർത്തി.

സമ്പത്തിന്റെ കുത്തകാവകാശം ചില വ്യക്തികളിൽ മാത്രം നിക്ഷിപ്തമായ മുതലാളിത്ത സംസ്കാരത്തിനെതിരെ കലാപക്കൊടിയുയർത്തി രംഗപ്രവേശം ചെയ്ത സോഷ്യലിസ്റ്റ് വ്യവസ്ഥിതി സ്ത്രീയുടെ സാമൂഹികപദവി  ഉയർത്താൻ ബോധപൂർവ്വം തന്നെ പദ്ധ



തികൾ ആസൂത്രണം ചെയ്തു. രണ്ട് കാര്യങ്ങളാണ് ഇതിൽ നിർദ്ദേശിക്കപ്പെട്ടത്. ഒന്ന്, മുതലാളിത്ത ഉല്പ്പാദനത്തിനും അതിന്റേതായ സ്വത്തുടമബന്ധത്തിനും അറുതി വരുത്തുക. രണ്ട്, ജീവിതപങ്കാളിയെ തെരഞ്ഞെടുക്കുന്നതിൽ സാമ്പത്തിക പരിഗണനകൾക്കുള്ള പ്രാധാന്യം തുടച്ചുനീക്കി പരിപൂർണ്ണ വിവാഹസ്വാതന്ത്ര്യമെന്ന് ആശയം പ്രായോഗികമാക്കുകയും അങ്ങനെ ലൈംഗിക പ്രേമത്തിലധിഷ്ഠിതമായ വ്യക്തിഗത വിവാഹം പ്രവൃത്തിപഥത്തിൽ കൊണ്ടുവരുകയും ചെയ്യുക. ആശാവഹമായ മാറ്റത്തിന്റെ സ്ഫുരണം ഉൾക്കൊള്ളുന്നതാണെങ്കിലും ഈ നിർദ്ദേശങ്ങൾ കുറ്റമറ്റവയെന്ന് പറയാനാവില്ല. കാരണം സ്ത്രീപുരുഷ ബന്ധത്തിലെ അസമത്വങ്ങൾ മുഴുവൻ സാമ്പത്തികോച്ചനീചത്വങ്ങൾ കൊണ്ടുണ്ടാകുന്നതല്ല.

സാമൂഹ്യഘടനയിൽ ആശാവഹമായ മാറ്റങ്ങൾ പലതും ഇന്ന് വന്നു കഴിഞ്ഞിരിക്കുന്നു. അതിനനുസരിച്ച് സ്ത്രീയുടെ പദവിയിലും മാറ്റങ്ങളുണ്ടായി. തൊഴിൽ മേഖലയിലേക്കെന്നതുപോലെ അറിവിന്റെ ലോകത്തിലേക്ക് കടന്നുവരാനും സ്വന്തം മാനുഷികസത്തയെക്കുറിച്ചുള്ള അവബോധം നേടാനും അങ്ങനെ വ്യക്തിത്വം ആർജ്ജിക്കാനും സ്ത്രീക്ക് കഴിഞ്ഞിരിക്കുന്നു. പക്ഷേ മാറിയ സാഹചര്യങ്ങൾ പുതിയ വെല്ലുവിളികളെയാണ് അവളുടെ മുന്നിൽ ഉയർത്തിക്കൊണ്ടിരിക്കുന്നത്. യാഥാസ്ഥിതിക ചിന്താഗതികളും സാമ്പത്തിക

പരാധീനതയും വർഗ്ഗവിവേചനവു മൊക്കെ അതിലുൾപ്പെടും.

പലതുകൊണ്ടും പ്രത്യേകതകളുള്ളതാണ് ഭാരതസ്ത്രീയുടെ ഭാഗധേയം. ആരാധനാമൂർത്തികളായ ദേവിമാർക്കു മാത്രമല്ല സാധാരണ സ്ത്രീകൾക്കും ആദരവും അംഗീകാരവും വൈദികകാലത്തെ ഭാരതത്തിലുണ്ടായിരുന്നു. സ്ത്രീവിദ്യാഭ്യാസം അന്ന് സർവ്വസാധാരണമായിരുന്നു. സാമാന്യവിദ്യാഭ്യാസം മാത്രമല്ല, തത്ത്വചിന്താദി സമുന്നത വൈജ്ഞാനിക മേഖലകളിൽ പ്രാവീണ്യം നേടുന്നതിനുള്ള അവസരങ്ങളും സ്ത്രീകൾക്ക് ലഭ്യമായിരുന്നു. എന്നാൽ ഈ സമുന്നതപദവികൾ ഫ്യൂഡൽ കാലഘട്ടത്തിൽ ഭാരതീയ സ്ത്രീയ്ക്ക് നഷ്ടമായി. ബുദ്ധജൈനമതങ്ങളുടെ പ്രഭാവകാലം മുതൽ ആരംഭിക്കുന്ന അധഃപതനം ഇതിഹാസസ്മൃതികളുടെ കാലം വരെയും തുടർന്നു. വിദ്യാഭ്യാസ നിരോധനം, ഏകഭർത്തൃവ്രതം, വൈധവ്യക്ലേശം, പുനർവിവാഹ നിരോധനം എന്നീ സാധാരണ ഏർപ്പാടുകൾക്കു പുറമേ 'സതി' ആചാരമെന്ന ക്രൂരമായ അനുഷ്ഠാനത്തിനും അവൾ വിധേയയായി.

വ്യക്തിത്വം പൂർണ്ണമായും നിഷേധിക്കപ്പെട്ട ഈ അവസ്ഥയിൽ നിന്ന് ഭാരതസ്ത്രീ ഉയർത്തപ്പെട്ടത് പിന്നീട് നവോത്ഥാനദശയിലാണ്. നവോത്ഥാന നായകൻമാരായ രാജാറാം മോഹൻ റായിയും മഹാത്മാഗാന്ധിയും തുടങ്ങി വച്ച കർമ്മപദ്ധതികൾ സ്ത്രീയുടെ സമുന്നത പദവിയെക്കൂടി വിഭാവന ചെയ്യുന്നതായിരുന്നു. പാശ്ചാത്യ വിദ്യാഭ്യാസത്തോടൊപ്പം പ്രചരിച്ച സ്ത്രീവിദ്യാഭ്യാസം ഭാരതീയ സ്ത്രീയെ കാലോചിതമായ ഉണർവ്വ് നേടാൻ സഹായിച്ചു. ഗാന്ധിജിയുടെ സഹനസമര, സത്യാഗ്രഹപരിപാടികൾ സ്ത്രീത്വത്തോട് അനുഭാവപൂർവ്വം വർത്തിക്കാൻ പുരുഷന് പ്രേരണയായി. ശൈശവവിവാഹവും നിത്യവൈധവ്യവും നിർബന്ധവൈധവ്യവും സതിയാചരണവും പതുക്കെപ്പതുക്കെ സാമൂഹ്യാന്തരീക്ഷത്തിൽ നിന്ന് തിരോഭവിച്ചു.

സമൂഹമനസ്സിലാണ് സ്ത്രീസങ്കല്പങ്ങൾ ആദ്യം രൂപംകൊള്ളുന്നത്. പിന്നീടവ സാരോപദേശകഥകളിലേയും ഇതിഹാസപുരാണാദികളായ ആദ്യകാല സാഹിത്യ കൃതികളിലേയും ആദിപ്രരൂപങ്ങളായ കഥാപാത്രങ്ങളിലൂടെ പ്രതിഷ്ഠ നേടുന്നു. കാലത്തിന്റെയും ദേശത്തിന്റെയും പ്രവണതകൾക്കനുയോജ്യമായി രൂപംകൊള്ളുന്ന സാഹിത്യകൃതികളിലൂടെയും പരമ്പരാഗത വിശ്വാസങ്ങളിലൂടെയും തുടർന്ന് ജീവിക്കുകയും ചെയ്യുന്നു.

സ്ത്രീത്വത്തിൽ വിളങ്ങിക്കാണണമെന്ന സമൂഹം ആഗ്രഹിക്കുന്ന സദ്ഗുണങ്ങളുടെ ആകാരമാണ് ആദർശസ്ത്രീ. ചാരിത്ര്യവതിയും ധീരയുമായ ഭാര്യ, സ്നേഹശീലയും കർത്തവ്യബോധമുള്ളവളുമായ അമ്മ, അനുസരണശീലയായ മകൾ, സ്നേഹവതിയായ സഹോദരി എന്നിവർ ആദർശസ്ത്രീത്വത്തിന്റെ പ്രതീകങ്ങളാണ്. സ്നേഹഭാവം, സഹനശീലം, ത്യാഗസന്നദ്ധത, നിസ്വാർത്ഥത എന്നിവ സ്ത്രീക്കുണ്ടായിരിക്കേണ്ട സദ്ഭാവങ്ങളും വികാരലോലുപത്വം, കോപശീലം, സംശയസ്വഭാവം, ചാഞ്ചല്യം എന്നിവ ദുർഭാവങ്ങളുമാണെന്നാണ് സങ്കല്പം. ഇത്തരമൊരു ഉഭയഭാവന എല്ലാ സ്ത്രീസങ്കല്പങ്ങളിലും കാണുന്നുണ്ട്.

സത്യത്തിന്റെ ഭാവനാപൂർണ്ണമായ ആവിഷ്കാരമാണ് സങ്കല്പം. സത്യവും ഭാവനയും ഏതൊക്കെയോ അനുപാതത്തിൽ ലയിച്ചു ചേർന്ന് സങ്കല്പങ്ങൾ രൂപം കൊള്ളുന്നു. എന്താണ് എന്നതിനല്ല; എന്തായിരിക്കണം എന്നതിനാണ് സങ്കല്പങ്ങളിൽ പ്രാമുഖ്യം. യഥാർത്ഥ ജീവിതത്തിൽ സ്ത്രൈണചോദനകളുടെ ഉൾവിളിക്ക് കീഴടങ്ങുന്നവളും മാറിമാറി വന്ന സാമൂഹ്യവ്യവസ്ഥിതികളിൽ സമുന്നതവും ഹീനവുമായ പദവികളിൽ അവരോധിക്കപ്പെട്ടവളും പുരുഷന്റെ താൽപ്പര്യത്തിനനുസരിച്ച് സ്വന്തം ഭാഗധേയം ക്രമീകരിക്കാൻ വിധിക്കപ്പെട്ടവളുമായ സ്ത്രീ ആന്തരികമായി അനുഭവിക്കുന്ന ആത്മസംഘർഷമെന്ന സത്യം അതിഭാവുകത്വമാർന്ന സങ്കല്പങ്ങളിൽ അത്ര കണ്ട് സ്ഥാനം നേടിയിട്ടില്ല. മറിച്ച് തികച്ചും വിപരീതമായ ദേവിയായി പ്രശംസിക്കപ്പെടുകയോ ഹീനയായി നിന്ദിക്കപ്പെടുകയോ ചെയ്യുന്ന അവസ്ഥയാണ് സങ്കല്പങ്ങളുടെ കേന്ദ്രബിന്ദുവായ സ്ത്രീക്ക് ലഭിക്കുന്നത്.

സ്ത്രീ സങ്കല്പങ്ങളിൽ പലതിനേയും സാഹിത്യത്തിൽ പ്രതിഷ്ഠിച്ചത് ഫ്യൂഡൽ കാലഘട്ടമാണ്. സദ്ഗുണങ്ങളെ പ്രശംസിച്ചും ദുർഗുണങ്ങൾക്കിരിപ്പിടമായ സ്ത്രീകളെ നിന്ദിച്ചും കൊണ്ടുള്ള പ്രസ്താവനകളും അവയെ ഉദാഹരിക്കും മട്ടിലുള്ള കഥാപാത്ര സൃഷ്ടിയും ഫ്യൂഡൽ സാഹിത്യത്തിന്റെ പ്രത്യേകതകളായിരുന്നു. ഈ രണ്ടു വിഭാഗങ്ങളും അതതു സമൂഹങ്ങളിൽ പൂർവ്വമാതൃകകളായി പരിണമിച്ചു. അവയുടെ ചുവടുപിടിച്ച് പിൽകാല കാവ്യനാടകാദികളിലെ കഥാപാത്രങ്ങളും സൃഷ്ടിക്കപ്പെട്ടു.

സദാചാരത്തേക്കാൾ വിലപ്പെട്ട പല മൂല്യങ്ങളും വ്യക്തി അഭ്യസിക്കേണ്ടതുണ്ട്. അതവൻ ഉൾക്കൊള്ളുന്നത് കുടുംബത്തിൽ നിന്നാണ്. അത് പകർന്നു നൽകേണ്ടത് സ്ത്രീയാണ്. മാതൃത്വത്തിന്റെ സഹജഭാവങ്ങൾ പ്രകൃതി നിക്ഷേപിച്ചിരിക്കുന്നത് സ്ത്രീയിലാണ്. സ്ത്രീയും പുരുഷനും ഉത്തരവാദപ്പെട്ട മനുഷ്യവ്യക്തികളെന്ന നിലയിൽ തങ്ങളുടെ വ്യക്തിപരവും സാമൂഹികവുമായ കർത്തവ്യങ്ങളെപ്പറ്റി ബോധവാന്മാർ ആകുകയും പരസ്പര സഹകരണം പ്രാവർത്തികമാക്കുകയും സഹാനുഭൂതിയോടെ വർത്തിക്കുകയും ചെയ്യുമ്പോഴേ ജീവിതം ചൈതന്യവത്തായിത്തീരൂ. പുരുഷചിത്തത്തിൽ നിന്ന് യജമാനഭാവവും സ്ത്രീചിത്തത്തിൽ നിന്ന അടിമബോധവും പൂർണ്ണമായി തിരോഭവിക്കുമ്പോഴേ, അമ്മയും ഭാര്യയും സഹോദരിയുമായി കുടുംബത്തിനകത്തും സഹപ്രവർത്ത കയും സുഹൃത്തും ആയി സമൂഹത്തിലും പുരുഷനോടൊത്തു ജീവിക്കുന്ന സ്ത്രീയുടെ വ്യക്തിത്വം പൂർണ്ണമായ അംഗീകാരം നേടൂ.

**Dr. Divya K.R.**
HHMSPB NSS College for Women, Neeramankara

# MEDICINAL AND TRADITIONAL BENEFITS OF *Coscinium fenestratum* (Gaertn.) Colebr OR MARAMANJAL

*Coscinium fenestratum* (Gaertn.) Colebr is a woody climbing shrub belonging to the family Menispermaceae. is a critically endangered dioecious medicinal liana distributed in Western Ghats (frequently in the high rainfall wet and moist evergreen, semi-evergreen and semi-deciduous forests at the altitude of 500-750 m), Tamilnadu and Kerala in India. It is generally known as tree turmeric in English, Daruharidra in Sanskrit and maramanjal in Malayalam. It takes at least 15 years for the plant to flower and fruit. The Dried stem and root part of the plant are used as crude drugs. It is a large dioecious liana up to 10 m long, with yellow wood and sap. Wood is externally yellowish-brown in colour and yellow internally. The drug usually occurs in large woody, cylindrical, straight pieces, occasionally as much as 10 cm in diameter. The stem and root slices are rigid and timbered. The stem is 15 to 30 cm. or more in length, 2 to 8 cm. in diameter, straight or rarely slightly twisted, pale grey or greyish yellow with a quite smooth surface, marked with longitudinal striations spaced about a mm spaced out, cut surface is yellowish-green to yellow in colour showing wedge shaped areas, fissured with thin vertical slits of varying length; texture hard, acrid in taste.

Root is 5 to 30 cm or more in length, 2 to 5 cm. in diameter, fairly longitudinally grooved with transversely cut smooth surface, yellow; rough and fibrous texture; acrid in taste; no particular odour. The flowers are yellow in divaricately branched unisexual in supra axillary inflorescence, fruits globose drupes, globose seeds, leaves simple, shiny and smooth above, minutely tomentose beneath. The flowers grow during November-December.

It is one of most significant medicinal plant of our traditional system of medicine and also having a good status in current research and drug system. It is the source of important isoquinoline alkaloids (berberine, palmatine, tetrahydropalmatine crebanine, jatrorhizine, etc.). Among these, berberine has been reported to be the major and active constituent having numerous biological activities. Berberin is the active ingredient that gives the medicinal properties. Many ayurvedic preparations like Aswagandha Arishtam, Khadira Arishtam, Anuthailam, Ilaneerkuzhambu, Mahapanchagavyam contain maramanjal. Many cosmetic preparations also utilize maramanjal preparations.

Several valuable pharmacological activities have been proved for the alkaloids of *Coscinium fenestratum.* The stem of the plant is used in curing a number of diseases and disorders like diabetes, wounds and ulcers, fever, jaundice, snake bite, piles

etc in ethnomedicine. The various solvent extracts of the plant were reported to have antifungal, antiyeast, antibacterial, hypotensive and antiproliferative, Anti-hepatotoxic, antipyretic, dressing wounds, antiulcer, jaundice, antidiabetic, Antioxidant, cytotoxic activities. The Root of this plant is used as stomachic, diuretic, hypotensive, antidysenteric, antibacterial, antifungal, bitter tonic in dyspepsia and debility. As a consequence the plant has been exploited from the forests, even before flowering and fruiting and its natural population is declining thus making it an endangered species.

nal pain and colitis.
Bathing with the root water can give you relief from body pain.
If you are affected by the burns, stomach disorders, skin diseases, fever, diabetes, and general weakness, this yellow vine herb is the best treatment. It has the ability to cure these ailments.
*Coscinium fenestratum* is one of the best natural remedies for fractures.
Take the bark and boil them with the water. Drink this decoction every morning on an empty stomach. You can feel the difference.
If you want to treat leucorrhoea and gynecological harassment, you can use the bark of this herb.

problems make use of this herb. Maramanjal reproduce by seeds or regenerate from stumps of old plants. Since this rate of regeneration is very low and time consuming, alternate methods like air layering is also another means of vegetative propagation which is not found to be cost effective. Maramanjal is a dioceous plant hence male and female plants exist and they flower at different periods of time limiting the pollination process and restricting the seed formation. Hormone treatment synchronies the flowering pattern and there by produce more viable seeds. Germination of seeds by natural process is







**Traditional Uses**

It is one of the best Ayurvedic medicines,to cure diabetes.
The decoction is given after baby birth, in Peninsular Malaysia.
Apply *Coscinium fenestratum* and turmeric paste for snake bites. To do this, dilute the juice thirty times with water and wash the affected areas.
Stem juice or bark decoction is used to treat intermittent fever.
The taste of the root is bitter; it is used as a tonic to soothe wounds and cure ulcers.
Smash the roots to boil. Consuming it every day can cure abdominal pain and colitis.

It is very beneficial to treat eye diseases and influenza..
It can control excessive bleeding while menstruating.
Use ghee with coscinium powder mix, to cure ulcers quickly.
Take the root powder and decoction; consume it to cure flatulence, indigestion, fever, and liver diseases.
As its roots are hepatoprotective in nature; thus, it can fight liver toxicity. Moreover, it will give an excellent result for jaundice.
Its fruit is an appetizer, thus stimulating the digestive function treats diarrhea.
In case of constipation and piles

slower due to the hard seed coat and certain enzymes present in the coat. So hormonal treatment is the most effective way to produce more viable seeds. National Medicinal Plant Board rated this plant as one of the largest trading medicinal plant from the tropical forests. This has resulted in the huge loss of almost 80 per cent of those plants in Kerala, Karnataka and Tamil Nadu in the last 30 years. There is also unscrupulous practice with dubious and fake varieties of various vines in place of original maramanjal.

# ഐഫക്ടോ സ്റ്റാറ്റ്യൂട്ടറി കോൺഫറൻസ് റിപ്പോർട്ട്

ഓൾ ഇന്ത്യ ഫെഡറേഷൻ ഓഫ് യൂണിവേഴ്സിറ്റി ആൻഡ് കോളേജ് ടീച്ചേഴ്സ് ഓർഗനൈസേഷൻസ് (ഐഫക്ടോ) -ന്റെ മുപ്പത്തിയൊന്നാമത് സ്റ്റാറ്റ്യൂട്ടറി കോൺഫറൻസ് 2022 ജനുവരി 7,8,9 തീയതികളിൽ ആന്ധ്ര പ്രദേശിലെ തിരുപ്പതി ശ്രീ വെങ്കിടേശ്വര സർവകലാശാലയിൽ നടന്നു. എകെപിസിടിഎയുടെ സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ്, ജനറൽ സെക്രട്ടറി ഡോ. സി പദ്മനാഭൻ എന്നിവരുടെ നേതൃത്വത്തിൽ 25 അംഗ പ്രതിനിധി സംഘം ഘടക സംഘടന എന്ന നിലയിൽ സമ്മേളനത്തിൽ പങ്കെടുത്തു.

ദേശീയ പുരോഗമന സംഘടനകളുടെയും പൊതു സമൂഹത്തിന്റെയും നിശിതമായ വിമർശനത്തിന് ഇടയാക്കിയ "പുത്തൻ ദേശീയ വിദ്യാഭ്യാസനയവും കോവിഡ് ശേഷമുള്ള ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാവിയും" കേന്ദ്ര പ്രമേയമായി സ്വീകരിച്ചു കൊണ്ട് ആണ് കോൺഫറൻസ് സംഘടിപ്പിച്ചത്.

2022 ജനവരി ഏഴാം തീയതി രാവിലെ 9 30ന് രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. എകെപിസിടിഎ യുടെ 25 അംഗ പ്രതിനിധി സംഘം കോൺഫറൻസിൽ നേരത്തെ തന്നെ രജിസ്റ്റർ ചെയ്തിരുന്നു. രാവിലെ 10 30 ന് ആരംഭിച്ച ഉദ്ഘാടന സെഷനിൽ ദേശീയ പ്രസിഡൻറ് കേശവ് ഭട്ടാചാര്യ അധ്യക്ഷത വഹിച്ചു. ആന്ധ്രാ പ്രദേശിലെ നിരവധി എം പി മാരും എം എൽ എ മാരും ആശംസകളർപ്പിച്ച് സംസാരിച്ചു.

തുടർന്ന് പുത്തൻ ദേശീയ വിദ്യാഭ്യാസ നയവും കോവിഡ് ശേഷമുള്ള ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാവിയും" എന്ന വിഷയത്തെ അധികരിച്ച് നടന്ന കോൺഫ്രൻസ് സെഷനിൽ പ്രതിനിധികൾ പേപ്പറുകൾ അവതരിപ്പിച്ചു. പാനൽ ചർച്ചയിൽ സംസ്ഥാന സെക്രട്ടറി എ. നിശാന്ത് സംഘടനയെ പ്രതിനിധീകരിച്ച് സംബന്ധിച്ചു.

ഉച്ച തിരിഞ്ഞ് നടന്ന ആദ്യ ബിസിനസ് സെഷനിൽ ഐഫക്ടോ ജനറൽ സെക്രട്ടറി ഡോ. അരുൺ കുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. റിപ്പോർട്ടിന്മേൽ നടന്ന ചർച്ചയിൽ എകെപിസിടിഎ സംസ്ഥാന സെക്രട്ടറി പി. ഹരിദാസ് സംസാരിച്ചു.

വൈകുന്നേരം 5.30 മുതൽ ആന്ധ്രാ പ്രദേശിന്റെ കലാ പാരമ്പര്യത്തെ വിളിച്ചോതുന്ന കലാ സാംസ്കാരിക പരിപാടികൾ അവതരിപ്പിക്കപ്പെട്ടു.


എട്ടാം തീയതി ശനിയാഴ്ച കാലത്ത് 9.30 മുതൽ തുടർന്ന റിപ്പോർട്ടിന്മേൽ ഉള്ള ചർച്ചയിൽ കണ്ണൂർ സർവകലാശാല സിൻഡിക്കേറ്റ് അംഗം പ്രമോദ് വെള്ളച്ചാൽ, ജേണൽ ചീഫ് എഡിറ്റർ ഡോ.

എ. എസ്.സുമേഷ്, സംസ്ഥാന സെക്രട്ടറി ഡോ.മനോജ് ടീ ആർ എന്നിവർ സംസാരിച്ചു. എകെപി സിടിഎ സംസ്ഥാന ജനറൽ സെക്രട്ടറിയും ഐഫക്റ്റോ ദേശീയ സെക്രട്ടറിയുമായ ഡോ. സി.പത്മനാഭൻ രണ്ട് ദിവസം നീണ്ട ചർച്ചകൾക്ക് മറുപടി പറഞ്ഞു. സംഘടന പ്രമേയങ്ങൾ അവതരിപ്പിക്കുന്നതിനായി ഉച്ച തിരിഞ്ഞു നടന്ന സെഷനിൽ പ്രമേയ കമ്മിറ്റി അംഗമായി സംഘടനയുടെ അക്കാദമിക് കമ്മിറ്റി കൺവീനർ ഡോ.പ്രദീപ് കുമാർ നോമിനേറ്റ് ചെയ്യപ്പെട്ടു. സംസ്ഥാന പ്രസിഡന്റ് ജോജി അലക്സ് പ്രമേയം അവതരിപ്പിച്ചു.

വേണ്ടത്ര കൂടിയാലോചനകൾ കൂടാതെ നടപ്പിലാക്കിയ പുത്തൻ ദേശീയ വിദ്യാഭ്യാസ നയം 2020 പിൻവലിക്കണം , സർവകലാശാലകളുടെ അക്കാദമിക സ്വാതന്ത്ര്യവും, അധ്യാപകരുടെ അഭിപ്രായ സ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടണം എന്നും കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജ് അധ്യാപകർക്കായി സ്വകാര്യ ഏജൻസികൾ മുഖാന്തിരം നടത്തുന്ന നിലവാരം കുറഞ്ഞ നിർബന്ധിത പരിശീലന പരിപാടികൾ അവസാനിപ്പിക്കണം , ലക്ഷദ്വീപ് ഭരണകൂടത്തിന്റെ ജനാധിപത്യ വിരുദ്ധ നിലപാടുകൾ തിരുത്തണം എന്നും ദ്വീപിലെ ഉന്നത വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റുന്ന കാലിക്കറ്റ് സർവകലാശാലയുമായി നിലവിലുള്ള ബന്ധം തുടരണം തുടങ്ങിയ സുപ്രധാന പ്രമേയങ്ങൾ സമ്മേളനത്തിൽ അവതരിപ്പിക്കപ്പെട്ടു.

ജനവരി ഒൻപതാം തീയതി കാലത്ത് നടന്ന ഭാരവാഹികളുടെ തെരഞ്ഞെടുപ്പിൽ ഐഫക്റ്റോ ദക്ഷിണ മേഖല സെക്രട്ടറിയായി AKPCTA സംസ്ഥാന പ്രസിഡന്റ് പ്രൊഫ. ജോജി അലക്സ് എതിരില്ലാതെ തിരഞ്ഞെടുക്കപ്പെട്ടു. അഖിലേന്ത്യ പ്രസിഡന്റായി പ്രൊഫ. കേശവ് ഭട്ടാചാര്യ (ബംഗാൾ), ജനറൽ സെക്രട്ടറിയായി ഡോ.അരുൺ കുമാർ( ബിഹാർ), ട്രഷററായി പ്രൊഫ. ഡി.കുമാർ (മധ്യപ്രദേശ് ) എന്നിവരെ വീണ്ടും തിരഞ്ഞെടുത്തു. AKGCT സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് ദേശീയ സെക്രട്ടറിയായും തിരഞ്ഞെടുക്കപ്പെട്ടു.

പങ്കാളിത്തം കൊണ്ടും സംഘാടനം കൊണ്ടും മികച്ച ഒരു സമ്മേളനമാണ് തിരുപ്പതിയിൽ നടന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തെ സുപ്രധാനമായ വിവിധ വിഷയങ്ങൾ ചർച്ചയിൽ വന്നു എന്ന നിലയിലും സമ്മേളനം സവിശേഷ ശ്രദ്ധ ആകർഷിക്കുന്ന ഒന്നായിരുന്നു.



# ഐഫക്ടോ സ്റ്റാറ്റ്യൂട്ടറി കോൺഫറൻസ്

















KERALA PRIVATE COLLEGE TEACHER

R.No. 36025/81 No.294

ISSN 2454-4795
Rs.11/-JANUARY - 2022

## സ്റ്റേറ്റ് വനിതാ സബ് കമ്മിറ്റി

**ഡോ. നിഷ വി.**
സംസ്ഥാന
വൈസ് പ്രസിഡന്റ്
& ചെയർപേഴ്സൺ
വനിതാ സബ് കമ്മിറ്റി





**ഷാജിത എസ്.**
സംസ്ഥാന വനിതാ
കൺവീനർ

## യൂണിവേഴ്സിറ്റി കൺവീനർമാർ






സോന പി. (കണ്ണൂർ യൂണിവേഴ്സിറ്റി), സിന്ധു എസ്. (കാലിക്കറ്റ് യൂണിവേഴ്സിറ്റി), ഡോ. സിമി പി. സുകുമാർ (എം.ജി. യൂണിവേഴ്സിറ്റി), ഡോ. ജയശ്രീ. വി. (കേരള യൂണിവേഴ്സിറ്റി)

## ജില്ലാ വനിതാ കൺവീനർമാർ













ഡോ. ശ്രീപ്രിയ ആർ.എസ്. (തിരുവനന്തപുരം), ഡോ. നിത്യ യു.എസ്. (കൊല്ലം), ദൃശ്യ കെ. (പത്തനംതിട്ട), ഡോ. രാജി പ്രസാദ് ജി.വി. (ആലപ്പുഴ), സിജിമോൾ സി.ജി. (കോട്ടയം), ബിൻഷാ ബി. (എറണാകുളം), ഡോ. സിൽവി ടി.എസ്. (വയനാട്), ഷീജ പി. പാറയിൽ (തൃശ്ശൂർ), ഡോ. ബിന്ദു യു. (പാലക്കാട്), ശ്രീലത ഇ. (കണ്ണൂർ), റസീന ടി. (മലപ്പുറം)

Printed and Published by Dr. C. Padmanabhan, AKPCTA State Committee Office, Vanchiyoor, Thiruvananthapuram-35
Ph: 2463494 E-mail: akpctatvm@gmail.com www.akpcta.org
**Editor : Dr. A.S. Sumesh**